പഞ്ചായത്ത് രാജ്

പുസ്തകം 50 ◆ ലക്കം 4

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2010

പ്രാദേശിക വികസനം

മുന്നേറ്റത്തിന്റെ 4 വർഷങ്ങൾ

ന്യൂട്രിഫിഷ് ജൈവവളം

മത്സ്യഫെഡ്

(ഒരു കേരള സർക്കാർ ഉൽപ്പന്നം)

മത്സ്യഫെഡ് ഫിഷ് മീൽ & ഓയിൽ പ്ലാന്റ്

തൃശ്ശൂർ (ഫോൺ:9496001744) കോഴിക്കോട് (ഫോൺ:9496001762)

2 ദശാബ്ദത്തിലേറെ കാലമായി കേരളത്തിന്റെ കാർഷികമേഖലയിൽ ഗുണമേന്മയുടെ പര്യായമായി മാറിയ ഉത്തമ ജൈവവളം–കേരള സർക്കാർ സ്ഥാപനമായ മത്സ്യഫെഡിൽ നിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ന്യൂട്രിഫിഷ് സൂപ്പർ ജൈവവളം

മത്സ്യഫെഡ് ന്യൂട്രിഫിഷ് സൂപ്പർ – കേരള സർക്കാരിന്റെ കൃഷി വകുപ്പ് ഡയറക്ടറുടെ 15..09..07 ലെ എഫ് (2) 29113/02 നമ്പർ ഉത്തരവ് പ്രകാരം ക്രമ നമ്പർ 20 ആയി കൃഷിവകുപ്പിന്റെ അംഗീകാരം ലഭിച്ച ജൈവവളം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യഫെഡ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ടെൻഡർ കൂടാതെ മത്സ്യവളം(ജൈവവളം) വാങ്ങാവുന്നതാണ്. (കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ഡി.എ.) വകുപ്പിന്റെ 13..06..09 –ലെ 39932/ഡി.എ./2008/തസ്വഭവ സർക്കുലർ)

- വേപ്പിൻ പിണ്ണാക്ക്, ആവണക്കിൻ പിണ്ണാക്ക്, ഉണങ്ങിയ ചെമ്മീൻതല, ചെറുമത്സ്യങ്ങൾ എന്നിവ ശാസ്ത്രീയമായി പൊടിച്ച് മിശ്രണം ചെയ്ത് നിർമ്മിക്കുന്ന ഒരു ഉത്തമ ജൈവവളമാണ് ന്യൂട്രിഫിഷ് സൂപ്പർ
- പ്രധാന സസ്യമൂലകങ്ങളായ പാക്യജനകം (എൻ.), ഭാവകം (പി.), ക്ഷാരം (കെ.) എന്നിവയ്ക്ക് പുറമെ സൂക്ഷ്മ മൂലകങ്ങളും ഉപമൂലകങ്ങളും അടങ്ങിയിരിക്കുന്നതിനാൽ തെങ്ങ്, കമുങ്ങ്, റബ്ബർ, വാഴ, നെല്ല്, മരിച്ചീനി, കുരുമുളക്, വാനില, ഇഞ്ചി, ഏലം, കച്ചോലം, കാപ്പി, കരിമ്പ്, തേയില, കൊക്കോ, ജാതി, ഗ്രാമ്പൂ, മഞ്ഞൾ, പൈനാപ്പിൾ, വെറ്റില, മാവ്, കശുമാവ്, പച്ചക്കറികൾ തുടങ്ങി എല്ലാ വിളകൾക്കും അത്യുത്തമമാണ്.
- ന്യൂട്രിഫിഷ് സൂപ്പറിലുള്ള മൂലകങ്ങളുടെ അനുപാതത്തിന്റെ സവിശേഷത മൂലം മണ്ണിന്റെ ഫലഭൂയിഷ്ഠി അഭിവൃദ്ധിപ്പെടുകയും നൈസർഗ്ഗികമായ ഉല്പാദനക്ഷമത ലഭിക്കുന്നു.
- ജൈവാംശം കുറഞ്ഞ മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുകയും വായുസഞ്ചാരം, ജലസംഭരണ ശേഷി, പോഷകമൂല്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനാൽ സസ്യങ്ങൾക്ക് രോഗപ്രതിരോധശേഷി കൂടുന്നു, മെച്ചപ്പെട്ട വിളവും നൽകുന്നു.
- സൂക്ഷ്മജീവികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തി പോഷകമൂല്യങ്ങളെ സസ്യങ്ങൾക്ക് കാര്യക്ഷമമായി വലിച്ചെടുക്കാൻ സഹായിക്കുന്നു.
- സൂക്ഷ്മ മൂലകങ്ങൾ ധാരാളം അടങ്ങിയിരിക്കുന്നതിനാൽ ചെടികൾക്ക് മൈക്രോന്യൂട്രിയന്റുകൾ പ്രത്യേകം ആവശ്യമില്ല.
- കാൽത്സ്യം അടങ്ങിയിരിക്കുന്നതിനാൽ പ്രത്യേകം കുമ്മായം ആവശ്യമില്ല.
- വേപ്പിൻ പിണ്ണാക്ക് അടങ്ങിയിരിക്കുന്നതിനാൽ കീടങ്ങളെ തടയുവാനുള്ള പ്രതിരോധശേഷി സസ്യങ്ങൾക്ക് ലഭിക്കുന്നു.

കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ക്ലിപ്തം F(T) 738

മത്സ്യഭവൻ, കമലേശ്വരം, മണക്കാട് പി.ഒ., തിരുവനന്തപുരം. 695009 ഫോൺ:0471-2458606 / 2457756 ഫാക്സ്: 0471-2457752

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 പ്രാദേശിക വികസന രംഗത്ത് മുന്നേറ്റം സൃഷ്ടിച്ച നാല് വർഷങ്ങൾ
പാലോളി മുഹമ്മദ്കുട്ടി

10 ഇ.എം.എസ്. ഭവന പദ്ധതി ലക്ഷ്യത്തിലേയ്ക്ക്; വീടുകൾ 4 ലക്ഷത്തിലേയ്ക്ക്.........
പി. സുരേഷ്

14 കാണാം നമുക്കൊരു ശുചിത്വ വിദ്യാലയം
ആർ. വേണുഗോപാൽ

16 നെൻമണിക്കരയുടെ നന്മകൾ
ഷൈലജ മോഹനൻ

19 ഗ്രീൻ കേരള എക്സ്പ്രസ്: യാത്രാനുഭവങ്ങൾ

28 ഗ്രാമപഞ്ചായത്തുകൾക്കുള്ള നിർമ്മൽ ഗ്രാമ പുരസ്കാരം വിതരണം ചെയ്തു
എ. സ്റ്റാൻലി

30 ഇവിടെ ഭരണം വനിതകൾക്ക് സ്വന്തം
ഡോ. പി.പി. ബാലൻ

32 വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട്....... വാണിയംകുളം
വി.ടി. വേലായുധൻ

34 കെട്ടിട നിർമ്മാണ അനുമതിക്ക് ഇ-ഫയലിംഗ് സംവിധാനം
അജിത് വെണ്ണിയൂർ

36 അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ

38 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

40 നവജീവൻ: ആദിവാസികൾക്ക് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സമ്മാനം
എ.സി. മഹമൂദ്

42 വാർത്തകൾ വിശേഷങ്ങൾ

കത്തുകൾ

പരിസര ശുചിത്വം

പരിസര ശുചിത്വമാണ് രോഗപ്രതിരോധത്തിന് മുഖ്യമെന്ന ബോധം ഉണർത്തുന്നതിന് പഞ്ചായത്ത് രാജ് മാസികയുടെ ജൂൺ ലക്കത്തിന് കഴിഞ്ഞു. ലേഖനങ്ങൾ എല്ലാം നിലവാരം പുലർത്തി. കവർ ചിത്രവും നന്നായി നഗരങ്ങളുടെ റേറ്റിംഗിനെക്കുറിച്ചുള്ള ലേഖനവും പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. ഏറ്റവും ഉന്നത നിലവാരം പുലർത്തുന്ന ആരോഗ്യ ശുചിത്വ നഗരമായി റേറ്റ് ചെയ്യുവാൻ ഇന്ത്യയിലെ ഒരു നഗരത്തിനും കഴിഞ്ഞിട്ടില്ല. മാത്രമല്ല, തൊട്ടടുത്ത് മെച്ചപ്പെട്ടുകൊണ്ടിരിക്കുന്ന നഗരങ്ങളുടെ പട്ടികയിൽ നാല് നഗരങ്ങൾക്കുമാത്രമാണ് സ്ഥാനം പിടിക്കാനായത്! കോട്ടയം നഗരമാണ് കേരളത്തിൽ മുന്നിൽ. കേന്ദ്രഗവൺമെന്റ് നിഷ്ക്കർഷിക്കുന്ന നിലവാരത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തിലെ നഗരങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് ഭീമമായ ഫണ്ട് ആവശ്യമായി വരും. എന്നാലും ലേഖനത്തിൽ പ്രതിപാദിച്ചതുപോലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ യോജിച്ചുള്ള പ്രവർത്തനവും നിലവിലുള്ള പദ്ധതികളുടെ സംയോജനവും സ്ഥിതി മെച്ചപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല.

അനു, ചോറ്റാനിക്കര

ആധുനിക കശാപ്പുശാലകൾ സ്ഥാപിക്കണം

ആരോഗ്യസംരക്ഷണത്തിന് പരിസരശുചിത്വം പോലെതന്നെ ആവശ്യമായ മറ്റൊന്നാണ് വൃത്തിയും ഗുണമേന്മയുമുള്ള ഭക്ഷണ പദാർത്ഥങ്ങൾ. കേരളീയന്റെ മുഖ്യ ഭക്ഷണമായ ഇറച്ചി ലഭിക്കുന്നതു ശാസ്ത്രീയമായ രീതിയിലുള്ള അറവുശാലകളിൽ നിന്നല്ലായെന്ന് ജൂൺ ലക്കം പഞ്ചായത്തു രാജ് മാസികയിലെ എം. ദിലീപ് കുമാറിന്റെ ലേഖനത്തിൽ നിന്നും വ്യക്തമാകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അറവുശാലകൾ നിർമ്മിക്കുവാൻ മൂലധനച്ചെലവിന്റെ 50 ശതമാനം സർക്കാർ നൽകും. ഈ അവസരം തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തണം.

സമറുന്നിസ, കുറ്റിപ്പുറം

ക്ഷേമ പെൻഷൻ തുക 300 രൂപയായി ഉയർത്തി

വിവിധ സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ തുക പ്രതിമാസം 250 രൂപയായിരുന്നത് 300 രൂപയായി ഉയർത്തി ഉത്തരവായി. 2010 ഏപ്രിൽ ഒന്ന് മുതൽ മുൻകാല പ്രാബല്യത്തോടെയാണ് വർദ്ധിപ്പിച്ച പെൻഷൻ തുക നൽകുക. 8.33 ലക്ഷം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ പെൻഷൻ 1982ൽ ആരംഭിച്ചതാണ്. അന്ന് 75 രൂപയായിരുന്നത് 23 വർഷത്തിനിടയിൽ വിവിധ ഘട്ടങ്ങളിലായി 140 രൂപയായി ഉയർത്തിയപ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്ന് നാല് വർഷത്തിനകം 300 രൂപയായി ഉയർത്തി. അഗതി (വിധവ) പെൻഷൻ 1973 ൽ തുടങ്ങിയപ്പോൾ പ്രതിമാസ പെൻഷൻ തുക 55 രൂപയായിരുന്നു. 2006 വരെയുള്ള കാലയളവിൽ ഇത് 110 രൂപയായിരുന്നത് നാല് വർഷത്തിനുള്ളിലാണ് 300 രൂപയായി ഉയർത്തിയത്. 2001ൽ തുടങ്ങിയ 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതിപ്രകാരം പ്രതിമാസം 110 രൂപയാണ് നൽകിയിരുന്നത്. ഇത് കഴിഞ്ഞ നാല് വർഷത്തിനകം 300 രൂപയാക്കി. ഇതിന് പുറമെ നൂതനമായ നിരവധി ക്ഷേമപദ്ധതികളും സർക്കാർ മുഖേന ആരംഭിച്ചു. ശാരീരികവും മാനസികവുമായി ശയ്യാവലംബരായവരുടെ കെയർ ടേക്കർക്ക് പ്രതിമാസം 300 രൂപ അലവൻസ്, അവിവാഹിതരായ ആദിവാസി അമ്മമാർക്ക് പ്രതിമാസം 300 രൂപ ധനസഹായം തുടങ്ങിയ നൂതനമായ പദ്ധതികളാണ് സർക്കാർ പുതുതായി ആരംഭിച്ചത്.

കൃത്രിമ ഭൂജല പോഷണം: കൈപുസ്തകം പ്രകാശനം ചെയ്തു

കേന്ദ്രഭൂജല ബോർഡ് കൃത്രിമ ഭൂജല പോഷണത്തെകുറിച്ച് തയ്യാറാക്കിയ കൈപുസ്തകം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി പ്രകാശനം ചെയ്തു. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് വകുപ്പിലെ പബ്ലിസിറ്റി ആഫീസർ ജി. ഹരികൃഷ്ണന് പുസ്തകം നൽകിക്കൊണ്ടാണ് പ്രകാശനകർമ്മം നിർവഹിച്ചത്. കേന്ദ്ര ഭൂജല ബോർഡ് കേരള മേഖലാ ഡയറക്ടർ വി. കുഞ്ഞമ്പു സന്നിഹിതനായിരുന്നു. മഴവെള്ള സംഭരണം വഴി കൃത്രിമജല പോഷണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ, കുടിവെള്ളത്തിന്റെ സ്വഭാവ ഗുണങ്ങളുടെ വിശകലനം, കേന്ദ്രഭൂജലബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ഭൂജല സംപോഷണ സ്കീമുകൾ തുടങ്ങിയ വിവരങ്ങൾ കൈപുസ്തകത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. കൈപുസ്തകത്തിന്റെ നാല് കോപ്പികൾ വീതം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യും.

കേന്ദ്ര ഭൂജല ബോർഡ് ഭൂജലപോഷണത്തെക്കുറിച്ച് തയ്യാറാക്കിയ കൈപുസ്തകം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പഞ്ചായത്ത് വകുപ്പിലെ പബ്ലിസിറ്റി ആഫീസർ ജി. ഹരികൃഷ്ണന് നൽകി പ്രകാശനം ചെയ്യുന്നു. കേന്ദ്ര ഭൂജല ബോർഡ് കേരള മേഖലാ ഡയറക്ടർ വി. കുഞ്ഞമ്പു സമീപം.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2010
പുസ്തകം 50
ലക്കം 4
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
എസ്.എം. വിജയാനന്ദ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

എം. നന്ദകുമാർ ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കെ. നാരായണൻ
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

സി. എസ്. ബിജു
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേജ്

പുരസ്ക്കാരങ്ങളുടെ നിറവിൽ....

കഴിഞ്ഞ നാല് വർഷക്കാലത്തെ സംസ്ഥാന സർക്കാരിന്റെ പ്രവർത്തന കാലയളവിൽ തദ്ദേശഭരണ മേഖലയിൽ കേരളത്തിന് ലഭിച്ച ദേശീയ-അന്തർദേശീയ പുരസ്ക്കാരങ്ങൾ ലോകത്തെമ്പാടുമുള്ള മലയാളികൾക്കാകെ അഭിമാനമാവുകയാണ്. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാരുകളുടെ പ്രവർത്തന മികവ് വിലയിരുത്തി 2010ൽ കേരളത്തിന് നൽകിയ ദേശീയ പുരസ്ക്കാരം അവാർഡുകളുടെ പട്ടികയിൽ പൊൻതൂവലായി മാറി.

74 ശതമാനം പോയിന്റ് കരസ്ഥമാക്കിയാണ് കേരളം മറ്റ് സംസ്ഥാനങ്ങളുടെ മുന്നിലെത്തിയത്. അധികാരവികേന്ദ്രീകരണത്തിൽ കേരളം ബഹുദൂരം മുന്നിലാണെന്ന് അവാർഡ് സാക്ഷ്യപ്പെടുത്തുന്നു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിനുവേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനാണ് വിലയിരുത്തൽ നടത്തിയത്. അധികാരവികേന്ദ്രീകരണത്തിന് വ്യക്തമായ ചട്ടക്കൂടും അനിവാര്യ ചുമതലകൾ, വിഭവങ്ങൾ, ഉദ്യോഗസ്ഥർ എന്നീ അധികാര കൈമാറ്റ സൂചികകളുമടങ്ങുന്ന നാല് പ്രവർത്തന മേഖലകളിലെ അൻപത്തിരണ്ടോളം ഘടകങ്ങൾ വിലയിരുത്തിയതിൽ നിന്നാണ് കേരളം തെരഞ്ഞെടുക്കപ്പെട്ടത്. പരിശോധിക്കപ്പെട്ട ഒട്ടുമിക്ക മേഖലകളിലും കേരളത്തിന് പ്രതിയോഗികളേ ഉണ്ടായിരുന്നില്ല എന്നത് തദ്ദേശഭരണസ്ഥാപനങ്ങളെ അധികാരവത്ക്കരിക്കാനും പ്രാദേശികഭരണ സംവിധാനം ശക്തിപ്പെടുത്താനുമുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് ലഭിച്ച അംഗീകാരമാണ്.

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ഗവേണൻസ് നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ കേരള മിഷൻ, കേന്ദ്ര സർക്കാരിന്റെ 2009-10ലെ മികച്ച ഇ-ഗവേണൻസ് പ്രോജക്ടുകൾക്കുള്ള രണ്ട് അവാർഡുകൾ നേടിയതും സർക്കാരിന്റെ ഭരണമികവിനു ലഭിച്ച സാക്ഷ്യപത്രമായി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണ പ്രോജക്ടുകളുടെ രൂപീകരണം, വിദഗ്ദ്ധ പരിശോധന, ജില്ലാ ആസൂത്രണ സമിതി അംഗീകാരം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങൾ കംപ്യൂട്ടർ മുഖേന ചിട്ടപ്പെടുത്തുന്നത് സാദ്ധ്യമാക്കിയ 'സുലേഖ' പ്രോജക്ടിനാണ് എക്സലന്റ്സ് ഇൻ ഗവൺമെന്റ് പ്രോസസ് റീ എഞ്ചിനീയറിംഗ് എന്ന വിഭാഗത്തിൽ സുവർണ്ണ അവാർഡ് ലഭിച്ചത്. 2009ലെ കംപ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ ഇ-ഗവേർണൻസ് അവാർഡും 'സുലേഖയ്ക്ക്' ലഭിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനനമരണ രജിസ്ട്രേഷന് ഉപയോഗിക്കുന്ന ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം ഉൾപ്പെടുന്ന 'സേവന' സോഫ്റ്റ്വെയർ സമുച്ചയം സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ വെങ്കലവും കരസ്ഥമാക്കിയിരുന്നു. അതോടൊപ്പം ജനന മരണ രജിസ്ട്രേഷൻ രംഗത്തെ പ്രശംസനീയമായ പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ ആദ്യമായി 2009ൽ ഏർപ്പെടുത്തിയ പുരസ്ക്കാരവും കേരളത്തിനാണ് ലഭിച്ചത്.

കേരളത്തിലെ 869 ഗ്രാമപഞ്ചായത്തുകൾക്കും 105 ബ്ലോക്ക് പഞ്ചായത്തുകൾക്കും 6 ജില്ലാ പഞ്ചായത്തുകൾക്കും സമ്പൂർണ്ണ ശുചിത്വത്തിനുള്ള കേന്ദ്രസർക്കാരിന്റെ നിർമ്മൽ ഗ്രാമപുരസ്ക്കാരം ലഭിച്ചത് ശുചിത്വ പരിപാലനത്തിന് സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിയ ചിട്ടയായ പ്രവർത്തനങ്ങൾക്കുള്ള ബഹുമതിയാണ്. 91 കോടി രൂപയാണ് സമ്മാനമായി ലഭിച്ചത്. നഗരങ്ങളിൽ ഏറ്റവും മികച്ച മാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തിയതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പുരസ്ക്കാരം 2009ലും 2010ലും ലഭിച്ചത് യഥാക്രമം തിരുവനന്തപുരം, കൊച്ചി നഗരസഭകൾക്കായിരുന്നു. അവാർഡുകളുടെ പട്ടിക ഇനിയും നീളുന്നതാണ്. അട്ടപ്പാടിയിൽ നടപ്പാക്കിയ പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിക്ക് കഴിഞ്ഞ വർഷം ലഭിച്ച അന്തർദേശീയ പുരസ്ക്കാരം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീ നടപ്പാക്കുന്ന അഗതി പുനരധിവാസ പദ്ധതിയായ ആശ്രയയ്ക്ക് 2008ൽ ലഭിച്ച പ്രധാനമന്ത്രിയുടെ പൊതുഭരണ മികവിനുള്ള പുരസ്ക്കാരം തുടങ്ങിയവ വൈവിദ്ധ്യമാർന്ന പ്രവർത്തന മേഖലകളിൽ കേരളത്തിന് ശോഭിക്കാൻ കഴിഞ്ഞുവെന്നതിന്റെ ദൃഷ്ടാന്തങ്ങളാണ്.

ഒമ്പതാം പദ്ധതിക്കാലത്ത്, 1997ൽ ഇ.എം.എസ് നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായ മാർഗ്ഗനിർദ്ദേശക സമിതിയുടെ മേൽനോട്ടത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണം അതുവരെ കടലാസിൽ മാത്രം ഒതുങ്ങിനിന്നിരുന്ന അധികാരവികേന്ദ്രീകരണത്തെ വാക്കിലും അർത്ഥത്തിലും പ്രയോഗത്തിലാക്കി. ബഹുജന സംഘടനകളുടേയും ഭരണ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സമീപനത്തിലും കാഴ്ചപ്പാടിലും ജനാധിപത്യപരവും വികസനോന്മുഖവുമായ ഒരു മാറ്റം വരുത്തുകയെന്ന ജനകീയാസൂത്രണത്തിന്റെ കാഴ്ചപ്പാടിന് ലഭിച്ച ജനകീയ അംഗീകാരമാണ് അധികാര വികേന്ദ്രീകരണത്തിന്റെ പാതയിൽ കരുത്താർജ്ജിച്ച് മുന്നേറുവാൻ ഊർജ്ജമായത്. മുന്നോട്ടുള്ള യാത്രയ്ക്ക് പ്രചോദനമാകും ഈ പുരസ്ക്കാരങ്ങൾ, തീർച്ച.

പ്രാദേശിക വികസനരംഗത്ത് മുന്നേറ്റം സൃഷ്ടിച്ച നാലു വർഷങ്ങൾ

പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

ദൂരദർശന്റെ ഗ്രീൻ കേരള എക്സ്പ്രസ് സോഷ്യൽ റിയാലിറ്റിഷോ വഴി തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന രംഗത്തു കൈവരിച്ച നേട്ടങ്ങൾ കേരള ജനതയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കാർഷിക മേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ, അടിസ്ഥാന സൗകര്യ വികസനത്തിൽ, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന മേഖലയിൽ, ആരോഗ്യ രംഗത്ത്, പരിസര ശുചീകരണത്തിൽ, അഗതി പുനരധിവാസത്തിൽ എന്നിങ്ങനെ സമസ്ത മേഖലകളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളുടെ ഒരു നഖചിത്രമാണ് ഗ്രീൻ കേരള എക്സ്പ്രസ്സ് വഴി കേരള ജനതയ്ക്ക് കാണാൻ കഴിഞ്ഞത്. കഴിഞ്ഞ നാലു വർഷക്കാലം ഇടതു മുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾക്കു കിട്ടിയ ജനകീയ അംഗീകാരം അസൂയാവഹമാണ്. പദ്ധതിപ്പണം വീഴ്ചയില്ലാതെ നൽകിയും ആവശ്യമായ പിന്തുണ നൽകിയും തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടത്തിയ ശ്രമങ്ങളാണ് ഈ വിജയത്തിന് വഴിയൊരുക്കിയത്. ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്ക്കാരം കേരളത്തിനു ലഭിച്ചത്.

വികേന്ദ്രീകരണം ശക്തിപ്പെടുത്തി

ജനകീയാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനും അതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുമാണ് 2006-ൽ അധികാരമേറ്റ ഇടതുസർക്കാർ തീരുമാനിച്ചത്.വികേന്ദ്രീകൃത ആസൂത്രണത്തിന്റെ രീതി, പദ്ധതികൾ സ്ഥായീകരിക്കാനും പഞ്ചായത്തുകളെയും നഗരസഭകളെയും കൂടുതൽ ജനസൗഹൃദമാക്കാനും അവ പൊതുസമൂഹത്തിനു നൽകുന്ന സേവനങ്ങൾ സമയബന്ധിതവും ഗുണമേന്മയുള്ളവയും ആക്കാനുമാണ് ലക്ഷ്യമിട്ടത്. പ്രാദേശിക ഉൽപാദനത്തിന് പ്രത്യേകിച്ചും കാർഷിക മേഖലയിൽ ഇടപെട്ടുകൊണ്ട് പ്രാദേശിക സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുക എന്നതിനായിരുന്നു പ്രഥമ പരിഗണന. ഈ രംഗങ്ങളിൽ ലക്ഷ്യം നേടാനും ഇന്ത്യൻ സംസ്ഥാനങ്ങളുടെ മുൻനിരയിൽ തന്നെ തലയുയർത്തി നിൽക്കാനും കേരളത്തെ പ്രാപ്തമാക്കാൻ ഈ നാലു കൊല്ലങ്ങളിൽ ഇടതു സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

9-ാം പദ്ധതിക്കാലത്ത് രൂപപ്പെടുത്തിയെടുത്ത പ്രാദേശിക ആസൂത്രണത്തിന്റെയും പദ്ധതി നിർവ്വഹണത്തിന്റെയും മോണിറ്ററിംഗിന്റെയും രീതി പദ്ധതികൾ സ്ഥായീകരിക്കുന്നതിനും പഞ്ചായത്തുകളുടെയും നഗരസഭകളുടെയും കാര്യശേഷി വർധിപ്പിക്കുന്നതിനുമാണ് പ്രാധാന്യം നൽകിയത്. കർമ്മ സമിതികൾ, വിദഗ്ദ്ധ ഉപദേശക സമിതികൾ, ഗ്രാമസഭകൾ, വാർഡുസഭകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി. പദ്ധതി പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചു. ജില്ലാ ആസൂത്രണ സമിതികൾക്ക് സെക്രട്ടേറിയറ്റുകളായി. ഡി.പി.സികൾക്ക്സ്വന്തമായി മന്ദിരങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

ഭരണസമിതികളിലെ സ്ത്രീ സംവരണം 50 ശതമാനമാക്കി. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം വർധിപ്പിച്ചു. ഉൽപാദന മേഖലയ്ക്കുള്ള വിഹിതം വർദ്ധിപ്പിച്ചു. പട്ടിക വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം വകമാറ്റിയിരുന്നത് തിരികെ പരിഹാര വകയിരുത്തൽ നടത്തി. വനിതകൾക്കുള്ള പ്രത്യേക ഘടകപദ്ധതി, ദുർബ്ബലർക്കുള്ള ഘടകം എന്നിവ ചെലവഴിക്കപ്പെടുന്നു എന്നുറപ്പു വരുത്തി. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സ്ഥാപനതല പ്ലാനുകൾ പഞ്ചായത്തുതല പ്ലാനുകളുടെ ഭാഗമാക്കി. വകുപ്പുതല പദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും തമ്മിലുള്ള സംയോജനം സാധ്യമാക്കി.

നാലു വർഷം കൊണ്ട് 6497 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകിയത്. ഇതിന്റെ 75 ശതമാനം അവ ചെലവഴിക്കുകയും ചെയ്തു. ഇതിനു പുറമേയാണ് പൊതുഗ്രാന്റായി 1390 കോടി രൂപയും ആസ്തി സംരക്ഷണത്തിന് 1624 കോടി രൂപയും ലഭ്യമാക്കിയത്. ഇവയോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വിഹിതവും മറ്റു വിഹിതങ്ങളും ചേർത്താണ് പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നത്. ഭവനം, കുടിവെള്ളം, അടിസ്ഥാന സൗകര്യ വികസനം, വിദ്യാലയങ്ങൾക്കും ആശുപത്രികൾക്കും അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കൽ എന്നീ മേഖലകളിൽ അഭൂതപൂർവ്വമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. ഊർജ്ജ സുരക്ഷാ മിഷന്റെ പ്രവർത്തനത്തോടെ പാരമ്പര്യേതര ഊർജ്ജ പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗമായിക്കഴിഞ്ഞു. കാർഷിക മേഖലയിൽ പ്രകടമായ പുതിയ ഉണർവ് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രവർത്തനങ്ങളും തൊഴിലുറപ്പു പദ്ധതിയും സംയോജിപ്പിച്ചതിന്റെ പ്രകടമായ തെളിവാണ്.

പഞ്ചായത്തുകളുടെ കാർഷിക മേഖലയിലെ ഇടപെടൽ

പതിനൊന്നാം പദ്ധതിയുടെ പ്രഥമ മുൻഗണന ഉൽപാദന മേഖലയാണ്. ഉൽപാദന മേഖലയിൽ, പ്രത്യേകിച്ചും കാർഷിക മേഖലയിൽ ഉണർവുണ്ടാക്കുക എന്നതായിരുന്നു പ്രാദേശികാസൂത്രണം വഴി ലക്ഷ്യമിട്ടത്. മേഖലാ വിഹിതം 40 ശതമാനമായി പുന:സ്ഥാപിച്ചു. പത്താംപദ്ധതിക്കാലത്ത് വകമാറ്റി ചെലവഴിച്ച തുക തിരികെ ഉൽപ്പാദന മേഖലയിൽ വകയിരുത്തണമെന്ന് നിർബന്ധിച്ചു. ഇത്തരത്തിൽ 89.68 കോടി രൂപ പതിനൊന്നാം പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ അധിക വകയിരുത്തൽ നടത്തുകയുണ്ടായി. കാർഷിക മേഖലയിലെ ഇടപെടൽസാധ്യതകളും ആവശ്യകതയും സമൂഹത്തിലെത്തിക്കാൻ ഗൗരവമായ ശ്രമമാണ് നടത്തിയത്. മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയിൽ ചെയ്യാമെന്നതുകൊണ്ട് കാർഷിക മേഖലയിലെ പദ്ധതികളിൽ അവ ഉൾപ്പെടുത്തേണ്ടതില്ലെന്നു തീരുമാനിച്ചു. ഇതുമൂലം കാർഷിക മേഖലയ്ക്കുള്ള വിഹിതം പൂർണ്ണമായും കർഷകർക്ക് സഹായകമാകുന്ന രീതിയിൽ വിള പരിപാലനത്തിന് ഉപയോഗിക്കാമെന്ന അവസ്ഥ സംജാതമായി. തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേരളത്തിൽ കാർഷിക മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ അഖിലേന്ത്യാ തലത്തിൽ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.

2008-09ൽ നെൽകൃഷിക്കു മാത്രമായി 93.01 കോടി രൂപയാണ് പഞ്ചായത്തുകൾ ചെലവിട്ടത്. 2009-10ൽ നെൽകൃഷിക്ക് പഞ്ചായത്തുകൾ വകയിരുത്തിയിരിക്കുന്നത് 189.80 കോടിയാണ് (തൊഴിലുറപ്പു പദ്ധതിയിൽ സൃഷ്ടി

നാലു വർഷം കൊണ്ട് 6497 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകിയത്. ഇതിന്റെ 75 ശതമാനം അവ ചെലവഴിക്കുകയും ചെയ്തു. ഇതിനു പുറമേയാണ് പൊതുഗ്രാന്റായി 1390 കോടി രൂപയും ആസ്തി സംരക്ഷണത്തിന് 1624 കോടി രൂപയും ലഭ്യമാക്കിയത്. ഇവയോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വിഹിതവും മറ്റു വിഹിതങ്ങളും ചേർത്താണ് പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നത്.

ക്കപ്പെട്ട കായിക അധ്വാനം ഇതിനു പുറമേയാണ്). പത്താം പദ്ധതിയിലെ അഞ്ചു വർഷങ്ങളിൽ ഇത് 223.07 കോടി രൂപ മാത്രമായിരുന്നു എന്നറിയുമ്പോ ഴാണ് ഈ വ്യത്യാസം വ്യക്തമാകുക.

തൊഴിലുറപ്പു പരിപാടി ചെറുകിട നാമമാത്ര കർഷകരുടെ കൃഷിഭൂമിയിൽ ഒരു നീർത്തട പദ്ധതിയുടെ ഭാഗമായി ഭൂവികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നുണ്ട്. ഈ സാധ്യത തരിശുഭൂമി കൃഷി യോഗ്യമാക്കാൻ ഉപയോഗിക്കുകയാണ് പഞ്ചായത്തുകൾ ചെയ്തത്. രണ്ടു വർഷം കൊണ്ട് 23000 ഏക്കർ തരിശുഭൂമി തൊഴിലുറപ്പു പരിപാടിയുടെ സഹായത്തോടെ കൃഷി യോഗ്യമാക്കാൻ കഴിഞ്ഞു. ഭൂ ഉടമകൾ കൃഷി ചെയ്യാൻ തയ്യാറാകാത്ത 50000 ഏക്കറിലധികം ഭൂമിയിൽ കഴിഞ്ഞ വർഷം കൃഷി നടത്താൻ കുടുംബശ്രീ അയൽക്കൂട്ട സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഇ.എം.എസ് സമ്പൂർണ ഭവന പദ്ധതി

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകിയ കൂട്ടത്തിൽ ദരിദ്ര ജനവിഭാഗങ്ങൾക്ക് വീടു നൽകുന്നതിനുള്ള ഉത്തരവാദിത്വവും അവരെ ഏൽപ്പിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഭവന നിർമ്മാണ മേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയാണുണ്ടായത്. ഒമ്പതാം പദ്ധതിക്കാലത്ത് 5.5 ലക്ഷവും 10-ാം പദ്ധതിക്കാലത്ത് 3 ലക്ഷവും വീടുകൾ ദുർബല ജനവിഭാഗങ്ങൾക്കു വേണ്ടി നിർമ്മിച്ചു നൽകുകയുണ്ടായി. ഇതിന്റെ തുടർച്ചയായാണ് പതിനൊന്നാം പദ്ധതിക്കാലത്ത് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. അഞ്ചു ലക്ഷം ഭവനരഹിത കുടുംബങ്ങളുണ്ടാകുമെന്നാണ് കണക്കെടുപ്പുകളിൽ നിന്ന് ലഭിച്ച വിവരം. ഇവരിൽ 1.5 ലക്ഷം ഭൂരഹിത കുടുംബങ്ങളാണ്. ഇത്രയും കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കിയാൽ കേരളം ഭവന രഹിതരില്ലാത്ത സംസ്ഥാനമാകും. ഈ ലക്ഷ്യം വെച്ചുകൊണ്ടാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിലുള്ള ഭവന പദ്ധതികളെ കൂടി ലക്ഷ്യ പൂർത്തീകരണത്തിന് കഴിയാവുന്നത്ര ഉപയോഗിക്കേണ്ടതുണ്ട്. പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ തന്നെ മൂന്നു ലക്ഷത്തിലേറെ വീടുകൾ നിർമ്മിച്ചു കഴിഞ്ഞു. ഭവന പദ്ധതിക്കു നൽകുന്ന ധനസഹായം പട്ടികവർഗ്ഗത്തിന് 1.25 ലക്ഷം, പട്ടികജാതിക്ക് 1 ലക്ഷം, പൊതു വിഭാഗത്തിന് 75000 എന്ന തോതിൽ വർധിപ്പിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി നൽകാനുള്ള ധനസഹായവും വർധിപ്പിച്ചിട്ടുണ്ട്. ഇന്ദിര ആവാസ് യോജന, എം.എൻ ലക്ഷം വീട് പദ്ധതികളിലെ ഗുണഭോക്താക്കൾക്കും ഇതേ തുക തന്നെ ലഭ്യമാക്കുന്നുണ്ട്. അതിനാവശ്യമായ അധിക തുക ത്രിതലപഞ്ചായത്തുകളാണ് നൽകുന്നത്.

കഴിഞ്ഞ മൂന്നു വർഷങ്ങളിലായി (2007-10) പ്ലാൻ ഫണ്ട് ഉപയോഗിച്ചും ഐ.എ.വൈ പദ്ധതിയുടെ സഹായത്തോടെയും 3 ലക്ഷം വീടുകൾ നിർമ്മിച്ചു കഴിഞ്ഞു. 1080 കോടി രൂപ ഇതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമായി ചെലവഴിച്ചു കഴിഞ്ഞു. ഇതിൽ 503.34 കോടി പട്ടികജാതിക്കും 112.25 കോടി പട്ടികവർഗ്ഗത്തിനുമാണ്.

മിക്ക പഞ്ചായത്തുകളും ഭൂരിപക്ഷം നഗരസഭകളും വായ്പയെടുക്കുന്നതിനുള്ള സർക്കാർ അനുവാദം ലഭ്യമാക്കിക്കഴിഞ്ഞു. ഒരു ലക്ഷത്തിലേറെ വീടുകൾക്ക് ഒന്നാം ഗഡു തുക വിതരണം ചെയ്ത് ഭവന നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

തൊഴിലുറപ്പു പരിപാടി ചെറുകിട നാമമാത്ര കർഷകരുടെ കൃഷിഭൂമിയിൽ ഒരു നീർത്തട പദ്ധതിയുടെ ഭാഗമായി ഭൂവികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നുണ്ട്. ഈ സാധ്യത തരിശുഭൂമി കൃഷി യോഗ്യമാക്കാൻ ഉപയോഗിക്കുകയാണ് പഞ്ചായത്തുകൾ ചെയ്തത്. രണ്ടു വർഷം കൊണ്ട് 23000 ഏക്കർ തരിശുഭൂമി തൊഴിലുറപ്പു പരിപാടിയുടെ സഹായത്തോടെ കൃഷിയോഗ്യമാക്കാൻ കഴിഞ്ഞു. ഭൂഉടമകൾ കൃഷി ചെയ്യാൻ തയ്യാറാകാത്ത 50000 ഏക്കറിലധികം ഭൂമിയിൽ കഴിഞ്ഞ വർഷം കൃഷി നടത്താൻ കുടുംബശ്രീ അയൽക്കൂട്ട സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്ത് രാജ്

തൊഴിലുറപ്പു പദ്ധതി- നിർവ്വഹണ മികവിൽ കേരളം മാതൃക

തൊഴിലുറപ്പു പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി നിർവ്വഹണം അസാധ്യമാകുന്ന സാമൂഹ്യ സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്.ഈ പ്രതികൂല സാഹചര്യങ്ങളെ മുറിച്ചു കടന്ന് അഴിമതി രഹിതമായും സുതാര്യമായും എങ്ങനെ പദ്ധതി നിർവ്വഹണം സാധ്യമാകും എന്ന പരിശ്രമമാണ് തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയത്. ഈ ലക്ഷ്യങ്ങൾ വിജയകരമായി പൂർത്തീകരിച്ചു കൊണ്ടാണ് പദ്ധതി നിർവ്വഹണം നാലാം വർഷത്തിൽ എത്തിനിൽക്കുന്നത്. കേരളത്തിന്റെ പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയും അഴിമതി രാഹിത്യവും അഖിലേന്ത്യാതലത്തിൽ അംഗീകാരം നേടിയിരിക്കുകയാണ്.

നീർത്തടാധിഷ്ഠിത വികസന സമീപനത്തിന്റെ കാര്യത്തിലും കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുകയാണ്. നീർത്തട മാസ്റ്റർപ്ലാൻ പ്രകാരം സമഗ്രമായ മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങളും, ഭൂവികസന പ്രവർത്തനങ്ങളും പദ്ധതിയിൽ അനുവദനീയമാണ്. ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതര ജില്ലകളിലും നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. എല്ലാ ജില്ലകൾക്കും നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാവുകയും ചെറുകിട, നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനവും ഹോർട്ടിക്കൾച്ചറൽ പ്രവർത്തനവും സാധ്യമാവുകയും ചെയ്യുന്നതോടെ കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയും.

2010-11ലെ തൊഴിലുറപ്പു പദ്ധതിക്കുള്ള ലേബർ ബഡ്ജറ്റ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു കഴിഞ്ഞു. 1113 കോടി രൂപയുടെ ബഡ്ജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. 9.12 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനും 6.29 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാമെന്നുമാണ് പ്രതീക്ഷിക്കുന്നത്. 69 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുവാനും ലക്ഷ്യമിടുന്നുണ്ട്.

നഗരതൊഴിലുറപ്പു പദ്ധതി

ഗ്രാമീണ ജനതയ്ക്ക് തൊഴിൽ ഉറപ്പാക്കുന്നതു പോലെ നഗരജനതയുടെ കാര്യവും പരിഗണിക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള അയ്യങ്കാളി നഗരതൊഴിലുറപ്പു പദ്ധതി ഒരു കുടുംബത്തിന് 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. ഈ പദ്ധതി 2 ലക്ഷം കുടുംബങ്ങൾക്കെങ്കിലും സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ അംഗീകരിക്കത്തക്ക തൊഴിലുകൾക്കു പുറമെ പരിസര ശുചീകരണ പ്രവർത്തനം കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

മാലിന്യമുക്ത കേരളം

പതിനൊന്നാം പദ്ധതിക്കാലത്ത് ഇടതുമുന്നണി സർക്കാർ മുഖ്യപരിഗണന നൽകിയ മേഖലയാണ് മാലിന്യ പരിപാലനം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് ക്ലീൻ കേരള മിഷനും ശുചിത്വ ക്യാമ്പയിനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപപ്പെടുത്തിയത്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നഗര സ്വഭാവമാർജിച്ച പഞ്ചായത്തുകളിലും മാലിന്യ പരിപാലന സംവിധാനങ്ങളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതോടൊപ്പം മാലിന്യങ്ങളെ അവയുടെ ഉൽഭവ സ്ഥാനത്തു തന്നെ പരിപാലിക്കുന്ന വെർമികംപോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സബ്സിഡിയോടെ സ്ഥാപിക്കുന്നുണ്ട്. രാഷ്ട്രപതി ആരംഭം കുറിച്ച 'മാലിന്യമുക്തകേരളം' കർമ്മ പരിപാടി ബഹുജന പങ്കാളിത്തത്തോടെ കേരളത്തിലെ മാലിന്യപ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ലക്ഷ്യമിടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തോടൊപ്പം കെ.എസ്.യു.ഡി.പി, ജെ.എൻ.എൻ.യു.ആർ.എം,യു.ഐ.ഡി.എസ്.എസ്.എം.ടി എന്നീ നഗരവികസന പദ്ധതികളുടെയും സമ്പൂർണ്ണ ശുചിത്വ ക്യാമ്പയിനിന്റെയും സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 39 ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങളും 83 കമ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കാൻ കഴിഞ്ഞു. 13 പ്ലാന്റുകൾ നിർമാണത്തിലാണ്. മൺസൂണിനു മുൻപും ഒക്ടോബർ ആദ്യത്തിലും നടത്തുന്ന ശുചിത്വ ക്യാമ്പയിൻ വഴി മാലിന്യ രഹിത പരിസരം എന്ന ആശയം ജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇതിന്റെയെല്ലാം ഫലമായാണ് വൻ നഗരങ്ങളിലെ ശുചിത്വ പരിപാലനത്തിനുള്ള ദേശീയ അംഗീകാരം 2008ൽ തിരുവനന്തപുരത്തിനും (രണ്ടാം സ്ഥാനം) 2009ൽ കൊച്ചിക്കും ലഭിച്ചത്. കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകളിൽ 869 എണ്ണത്തിനും 105 ബ്ലോക്ക് പഞ്ചായത്തുകൾക്കും 6 ജില്ലാ പഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്ക്കാരം

നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ അഭൂതപൂർവ്വമായ നേട്ടം കൈവരിക്കാൻ നാലുവർഷത്തെ ഭരണത്തിനുള്ളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. നഗരപ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം തേടുന്നതിനുള്ള ആസൂത്രിതമായ ശ്രമം നടന്നത് ഇപ്പോൾ മാത്രമാണെന്ന് കാണാം. ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനഫലമായി 3551 കോടി രൂപയ്ക്കുള്ള വ്യത്യസ്തങ്ങളായ വികസന പദ്ധതികളാണ് നഗരസഭകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഒരു ചരിത്ര നേട്ടമാണ്.

ലഭിച്ചു കഴിഞ്ഞു. 91 കോടി രൂപയാണ് സമ്മാനമായി മാത്രം നേടിയത്. അവശേഷിക്കുന്ന പഞ്ചായത്തുകളെക്കൂടി നിർമ്മൽ പുരസ്ക്കാരത്തിനർഹമാക്കി കേരളത്തെ നിർമ്മൽ സംസ്ഥാനമാക്കാനാണ് ശ്രമിക്കുന്നത്.

3551 കോടിയുടെ പദ്ധതികൾ: നഗരങ്ങളുടെ മുഖച്ഛായ മാറുന്നു

നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ അഭൂതപൂർവ്വമായ നേട്ടം കൈവരിക്കാൻ നാലു വർഷത്തെ ഭരണത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. നഗരപ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം തേടുന്നതിനുള്ള ആസൂത്രിതമായ ശ്രമം നടന്നത് ഇപ്പോൾ മാത്രമാണെന്ന് കാണാം. ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനഫലമായി 3551 കോടി രൂപയ്ക്കുള്ള വ്യത്യസ്തങ്ങളായ വികസന പദ്ധതികളാണ് നഗരസഭകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഒരു ചരിത്ര നേട്ടമാണ്.

ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ അഞ്ചു കോർപ്പറേഷനുകളിൽ നടപ്പാക്കുന്ന 1420 കോടി രൂപ അടങ്കലുള്ള സുസ്ഥിര നഗരവികസന പദ്ധതിയാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ശുചീകരണ സംവിധാനങ്ങളുടെ അപര്യാപ്തത, വർധിച്ച തൊഴിലില്ലായ്മ, ദാരിദ്ര്യം തുടങ്ങി അനേകം പ്രശ്നങ്ങൾ മൂലം വീർപ്പുമുട്ടുന്ന നഗരങ്ങൾ ജനജീവിതത്തിലും നഗരഭരണത്തിലും ഉയർത്തുന്ന വെല്ലുവിളികൾ അനേകമാണ്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി നഗരജീവിതം സ്വച്ഛവും സുന്ദരവുമാക്കാനുമുള്ള പരിശ്രമത്തിന് നാന്ദികുറിക്കുന്ന പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി. സംസ്ഥാനത്തെ അഞ്ചു മുനിസിപ്പൽ കോർപ്പറേഷനുകളിലും 2007ൽ പ്രവർത്തനമാരംഭിച്ച ഈ പദ്ധതി ലക്ഷ്യത്തോടടുക്കുകയാണ്.

നഗരസഭകൾക്കും പഞ്ചായത്തുകൾക്കും വികസന പ്രവർത്തനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വായ്പ ലഭ്യമാക്കുന്നതിന് കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്മെന്റ് ഫണ്ട് രൂപീകരിച്ചു. 316 കോടി രൂപയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനം.

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ മിഷൻ

നഗരവാസികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കാര്യശേഷി, സാമ്പത്തിക ഭദ്രത എന്നിവ ഉയർത്തുന്നതിനുള്ള ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ രൂപം നൽകിയ ഈ പദ്ധതി നടപ്പിലാക്കാൻ കൊച്ചി, തിരുവനന്തപുരം നഗരസഭകളെയാണ് തെരഞ്ഞെടുത്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കൊച്ചി നഗരസഭയ്ക്ക് 10983 കോടി രൂപയുടെയും തിരുവനന്തപുരം നഗരസഭയ്ക്ക് 7416 കോടി രൂപയുടെയും സിറ്റി ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയുണ്ടായി. അതിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കാനും നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ രണ്ടു നഗരങ്ങളിലും ജലവിതരണ പദ്ധതികൾക്കായി 288.33 കോടി രൂപയുടെയും സ്വീവറേജ് പദ്ധതിക്കായി 414.97 കോടി രൂപയുടെയും ഖരമാലിന്യ സംസ്ക്കരണത്തിനായി 112.68 കോടി രൂപയുടെയും ഉപരിതല ജലനിർഗ്ഗമന പദ്ധതിക്കായി 50.17 കോടി രൂപയുടെയും ആധുനിക ബസ്സുകൾ വാങ്ങുന്നതിനായി 124.40 കോടി രൂപയുടെയും ട്രാഫിക് & ട്രാൻസ്പോർട്ടേഷന് 109.64 കോടി രൂപയുടെയും ഈ-ഗവേണൻസിനായി 8.70 കോടി രൂപയുടെയും പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. ജെ.എൻ.എൻ.യു.ആർ.എം പ്രോജക്റ്റുകൾക്കായി ആകെ 2122.06 കോടി രൂപയാണ് ചെലവിടുന്നത്. ഇത്രയും വലിയൊരു സംഖ്യ നഗരങ്ങളുടെ വികസനത്തിനായി മുൻപ് ഒരിക്കലും വിനിയോഗിച്ചിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ-സർവ്വകാല നേട്ടം

കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടി

ശേഷം പേജ് 27

പഞ്ചായത്ത് രാജ്

ഇ.എം.എസ്. ഭവനപദ്ധതി ലക്ഷ്യത്തിലേയ്ക്ക്; വീടുകൾ 4 ലക്ഷത്തിലേയ്ക്ക്......

ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതിയുടെ കീഴിൽ 4 ലക്ഷത്തിലധികം വീടുകൾ പൂർത്തീകരണത്തിലേയ്ക്ക് എത്തിയിരിക്കുന്നു.

പി. സുരേഷ്

സമൂഹവികാസഗതിയെ ഗുണപരമായി മുന്നോട്ടുനയിക്കുന്നതിന് സഹായിക്കുന്ന ഇടപെടലുകളെയാണ് പുരോഗമനപരമായി വിലയിരുത്തുന്നത്. അത് ജീവിത പ്രയാസങ്ങളനുഭവിക്കുന്നവർക്ക് ആശ്വാസമേകുന്നു. ഇല്ലായ്മകളെ ഇല്ലാതാക്കുകയും ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ മാറ്റുകയും സാമൂഹ്യ അവസരങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഇതിന്റെ പ്രത്യക്ഷമായ ഗുണം ലഭിക്കുന്നത് സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർക്കാണെങ്കിലും സമൂഹമാകെ മെച്ചപ്പെടുകയും ജനക്ഷേമം ഉണ്ടാകുകയും ചെയ്യുന്നു.

ഭൂപരിഷ്ക്കരണം ഈ രൂപത്തിൽ കേരളത്തിന്റെ സാമൂഹ്യഘടനയെ മാറ്റിമറിച്ച നിർണായകമായ ഇടപെടലായിരുന്നു. ജന്മിയുടെ ഭൂമിയിൽ കുടികിടപ്പുകാരായിരുന്നവർക്ക് സ്വന്തമായി കിടപ്പാടം ലഭിക്കുവാൻ അത് കാരണമായി. അവർക്ക് കുട്ടികളെ സ്കൂളിലയക്കാനും അറിവ് നേടാനും പൊതുസാമൂഹ്യധാരയിലേയ്ക്ക് വളർന്ന് കയറാനും അത് പ്രാപ്തി നൽകി, വ്യക്തിയുടെ ആത്മവിശ്വാസവും അന്തസ്സും ഉയർത്തി.

കേരളത്തിലെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ നടപ്പാക്കിയ കാർഷികബന്ധ ബില്ലുകളും വിദ്യാഭ്യാസ ബില്ലും തൊഴിലാളികളോട് നീതിപുലർത്തുന്ന തൊഴിൽ ചട്ടങ്ങളും ഇതിനോട് ചേർത്തുവയ്ക്കേണ്ടതാണ്. ഈ നയങ്ങൾ പുരോഗമനപരമായ ഉള്ളടക്കം കൊണ്ട് വ്യത്യസ്തത പുലർത്തുന്നതും ജനപക്ഷത്ത് നില്ക്കുന്നവയുമായിരുന്നു. ഇത് കേരളത്തെ വേറിട്ട വികസന പാതകളിലേയ്ക്ക് സഞ്ചരിക്കുവാൻ സഹായിച്ചു. ക്ഷേമപെൻഷനുകൾ, തൊഴിലില്ലായ്മാ വേതനം, ഹയർസെക്കന്ററി തലം വരെ സൗജന്യവിദ്യാഭ്യാസം, നിരാലംബരായ ജനവിഭാഗങ്ങൾക്ക് താങ്ങായി രൂപപ്പെടുത്തിയ ക്ഷേമ പദ്ധതികൾ എന്നീ നടപടികളിലൂടെ ദരിദ്രപക്ഷ വികസന സമീപനങ്ങൾക്ക് കരുത്ത് പകരുന്ന വികസനസമീപനം കേരളത്തിൽ രൂപപ്പെട്ടു. ഈ പട്ടികയിൽ പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ആവിഷ്ക്കരിച്ച ലക്ഷംവീട് പദ്ധതി എടുത്തുപറയേണ്ടതുണ്ട്. 1970 കളിൽ നടപ്പാക്കിയ ഈ പദ്ധതിയിലൂടെ 69000 വീടുകളാണ് നിർമ്മിച്ചത്. ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കിയ ആദ്യ ഭവനപരിപാടിയായിരുന്നു അത്.

1997ൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം 1957ൽ തെരഞ്ഞെടുക്ക

പ്പെട്ട ആദ്യ സർക്കാരിന്റെ കാലത്തെ ഭരണപരിഷ്ക്കാര കമ്മീഷൻ മുതൽ അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി നടത്തിയിട്ടുള്ള ബോധപൂർവമായ ഇടപെടലുകളുടെ തുടർച്ചയും വളർച്ചയുമായിരുന്നു. വികസന പ്രവർത്തനത്തിൽ വലിയതോതിൽ ജനങ്ങൾ പങ്കാളിയായി മാറുകയും ജനങ്ങളുടെ അടിസ്ഥാന ജീവിത പ്രശ്നങ്ങൾ ജനങ്ങൾ തന്നെ തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച തരത്തിൽ പാവപ്പെട്ടവരുടെ ജീവിതത്തെ നന്നാക്കുന്നതിനുള്ള നൂതനമായ പരീക്ഷണമായി അത് മാറി.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ദുർബല ജനവിഭാഗങ്ങൾക്ക് വീട് നൽകുന്നതിനുള്ള ചുമതല നൽകുന്നത് ജനകീയാസൂത്രണ കാലഘട്ടത്തിലാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭിച്ചതോടെ ഭവനരഹിതരായവർക്ക് വീട് നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി. ഇത് കേരളത്തിന്റെ പാർപ്പിടരംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിച്ചു. 5 ലക്ഷത്തിലേറെ വീടുകൾ ഒൻപതാം പദ്ധതിക്കാലത്ത് മാത്രം നിർമ്മിക്കപ്പെട്ടു. പത്താം പദ്ധതിക്കാലത്ത് 3.5 ലക്ഷം വീടുകൾ നിർമ്മിച്ചുനൽകി.

ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതി രൂപപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്. കഴിഞ്ഞ 10 വർഷക്കാലയളവിൽ വീടില്ലാത്ത ദുർബല വിഭാഗങ്ങൾക്ക് വലിയതോതിൽ വീട് നൽകുവാൻ കഴിഞ്ഞുവെന്ന പശ്ചാത്തലത്തിലാണ് ശേഷിക്കുന്ന അർഹതയുള്ള മുഴുവൻ ആളുകൾക്കും സമയബന്ധിതമായി വീട് നൽകുന്നതിനെപ്പറ്റി സർക്കാർ ആലോചിച്ചത്. അതിലേയ്ക്ക് എത്ര വീടുകളാണ് ആവശ്യമായി വരിക എന്ന കണക്കെടുക്കുന്നതിന് ഡോ. അച്യുതൻ ചെയർമാനായ കമ്മറ്റിയെ നിയോഗിച്ചു. അഞ്ച് ലക്ഷം ആളുകളാണ് ഭവനരഹിതരായി ഉള്ളതെന്നും അതിൽ ഒന്നര ലക്ഷം ഭൂരഹിതരാണെന്നും കമ്മറ്റി കണ്ടെത്തി. ജീർണ്ണിച്ച നാലര ലക്ഷം വീടുകളുണ്ടെന്നും കണ്ടെത്തി. സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കും വ്യത്യസ്തമായിരുന്നില്ല. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഇ.എം.എസ്. സമ്പൂർണ ഭവനപദ്ധതിക്ക് രൂപം നൽകുന്നത്.

2011ഓടെ 5 ലക്ഷം ഭവനരഹിതർക്ക് വീട് നൽകുകയാണ് ലക്ഷ്യം. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്ര പദ്ധതികളായ ബി.എസ്.യു.പി., ഐ.എച്ച്.ഡി.പി. എന്നിവ പ്രകാരം വീട് ലഭിക്കുന്ന ഒരുവിഭാഗം ഭവനരഹിതർക്ക് ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമായി അധികവിഹിതം നൽകുന്നുണ്ട്. ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നഗരഭവന പദ്ധതികളാണിവ. നഗരങ്ങളിലെ ദരിദ്ര ജനവിഭാഗങ്ങൾ ഭവന ധനസഹായം ലഭ്യമാകുന്ന ഈ പദ്ധതികളിൽപ്പെടുത്തി ഒറ്റ വീടുകളും ക്ലസ്റ്ററുമായി 30,000 വീടുകൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരം കേരളത്തിനു ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തിനു പുറമെ നഗരസഭകളുടെ വിഹിതവും ഗുണഭോക്താവിന്റെ വിഹിതവും ഉൾപ്പെടുന്നതാണ് പദ്ധതി. പതിനായിരത്തിലേറെ വീടുകൾ ഇതിനകം പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയും ഭവന രഹിതരുടെ എണ്ണം കുറച്ചുകൊണ്ട് ഇ.എം.എസ്.സമ്പൂർണ ഭവന പദ്ധതിയെ സഹായിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നൽകുന്ന വീടുകൾക്കുള്ള ഗുണഭോക്താക്കളെ ഇ.എം.എസ്. ഭവന പദ്ധതി ലിസ്റ്റിൽ നിന്നും നൽകിയും എം.എൻ.ലക്ഷം വീട് പദ്ധതിയുടെ ഭാഗമായി ജീർണിച്ച വീടുകൾ പുനർ നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് പകുതി ധനസഹായം നൽകുന്നതിനോടൊപ്പം ഗ്രാമപഞ്ചായത്തുകൾ ശേഷിക്കുന്ന സഹായം നൽകി പൂർത്തിയാക്കുന്ന പദ്ധതിപ്രകാരവും ഒരുവിഭാഗം ഭവനരഹിതർക്ക് വീട് നൽകാൻ കഴിയും. അവശേഷിക്കുന്ന അർഹതയുള്ള വീടില്ലാത്ത മുഴുവനാളുകൾക്കും വീട് നിർമിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ സഹായം നൽകും.

ഒട്ടേറെ സവിശേഷതകളോടെയാണ് ഇ.എം.എസ്. ഭവനപദ്ധതി നടപ്പാക്കുന്നത്. 2011 ഓടെ വീടില്ലാത്ത അർഹതയുള്ള മുഴുവൻ ആളുകൾക്കും വീട് നൽകുക എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നുള്ളതുകൊണ്ട് ഈ പദ്ധതി സമ്പൂർണ്ണ ഭവന പദ്ധതിയായി പരിഗണിക്കാം. മാത്രമല്ല, ഒരു വീടിന്റെ അനുബന്ധ സൗകര്യങ്ങളായ ശുചിത്വകക്കൂസ്, പുകയില്ലാത്ത അടുപ്പ്, വൈദ്യുതി എന്നിവ പദ്ധതിയുടെ ഭാഗമായി നൽകുന്നുണ്ട്. ഈ രീതിയിൽ വീട് ഒരു സമ്പൂർണ്ണ ആവാസസ്ഥലമായി മാറുന്നതുകൊണ്ടും സമ്പൂർണ്ണത കൈവരിക്കുന്നു. ഇതോടൊപ്പം സന്നദ്ധ സാങ്കേതിക പിന്തുണ ഉറപ്പ് നൽകുന്നതും മണ്ണൊരുക്കുന്നതിനും വാനംവെട്ടുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെ സഹായം ലഭിക്കുന്നതും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭവനനിധി സ്വരൂപിച്ചുകൊണ്ട് കൂടുതൽ ദുർബലരായവർക്ക് കൈത്താങ്ങായി മാറുന്നതും എല്ലാം ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിയെ ഒരു പൂർണ ജനകീയ പദ്ധതിയായി മാറ്റുന്ന ഘടകങ്ങളാണ്.

നിരവധി ഗ്രാമപഞ്ചായത്തുകൾ പദ്ധതി നടത്തിപ്പിൽ വളരെ നൂതനമായ മാതൃകകൾക്ക് രൂപം നൽകി. ഈ പദ്ധതിയുടെ ഭാഗമായി വീട് ലഭിക്കുന്ന ഗുണഭോക്താക്കളിൽ വീട് നിർമ്മിക്കുവാനും മറ്റും ശേഷിയില്ലാത്തത്ര നിസ്സഹായരായവർക്ക് ഗ്രാമപഞ്ചായത്തുകൾ തന്നെ ചുമതലയെടുത്ത് വീടുകൾ നിർമ്മിച്ച് നൽകുന്ന രീതികൾ നിരവധി സ്ഥലങ്ങളിൽ നടപ്പാക്കപ്പെട്ടു. ഒരുദിവസം മുഴുവൻ ഗുണഭോക്താക്കളെയും വിളിച്ചുചേർത്ത് രേഖകൾ പരിശോധിച്ച്, കരാർ വച്ച്, ബാങ്ക് അക്കൗണ്ട് ആരംഭിച്ച്, 10 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യില്ലെന്ന കരാർ വയ്ക്കുന്നതിന്റെ നടപടി

നിരവധി ഗ്രാമപഞ്ചായത്തുകൾ പദ്ധതി നടത്തിപ്പിൽ വളരെ നൂതനമായ മാതൃകകൾക്ക് രൂപം നൽകി. ഈ പദ്ധതിയുടെ ഭാഗമായി വീട് ലഭിക്കുന്ന ഗുണഭോക്താക്കളിൽ വീട് നിർമ്മിക്കുവാനും മറ്റും ശേഷിയില്ലാത്തത്ര നിസ്സഹായരായവർക്ക് ഗ്രാമപഞ്ചായത്തുകൾ തന്നെ ചുമതലയെടുത്ത് വീടുകൾ നിർമ്മിച്ച് നൽകുന്ന രീതികൾ നിരവധി സ്ഥലങ്ങളിൽ നടപ്പാക്കപ്പെട്ടു.

ക്രമം പൂർത്തീകരിച്ച്, പെർമിറ്റ് നൽകുന്ന പ്രവർത്തനം വരെ പൂർത്തിയാക്കുന്ന ഏകജാലക സംവിധാനം വ്യാപകമായി നടപ്പാക്കപ്പെട്ടു. ഇത് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിക്കുകയും പദ്ധതി നിർവഹണ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കുകയും ചെയ്തു.

ഇ.എം.എസ്. ഭവന പദ്ധതിയുടെ ആദ്യ രണ്ട് വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ബാങ്ക് വായ്പ ഉപയോഗിച്ചും സ്വന്തം പദ്ധതികൾ വഴിയും 2.47 ലക്ഷം വീടുകൾ നിർമ്മിച്ചു നൽകി കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 954 ഗ്രാമപഞ്ചായത്തുകളിൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇത് പ്രകാരം ഗ്രാമപഞ്ചായത്തുതലത്തിൽ 3,50,140 ഭവനരഹിതർ ഉണ്ട്. ഭൂരഹിത- ഭവനരഹിതർ 1,23,003 ഉം. ഭവനരഹിതരിൽ 50,957 പേർ പട്ടികജാതി വിഭാഗത്തിലും 21,767 പേർ പട്ടികവർഗ വിഭാഗത്തിലും പെടുന്നു. ഭൂരഹിതരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 33,187ഉം പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ 4,613 പേരും ഉൾപ്പെടുന്നു. 888 ആണ് ബാങ്ക് വായ്പ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ. ഇതിനകം 901 ഗ്രാമപഞ്ചായത്തുകൾ ഒന്നാംഗഡു വിതരണം ചെയ്തു കഴിഞ്ഞു. 2010 ജൂലൈ 31 വരെ 10,329 വീടുകൾ പൂർത്തീകരിച്ചു. 72,929 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ വളരെ വേഗം വീടുകൾ പൂർത്തിയാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഒരുലക്ഷത്തോളം വീടുകളാണ് ഇപ്പോൾ പൂർത്തിയാകുന്നത്. 2009-10 ലെയും 2010-11 ലെയും ഐ.എ.വൈ. ഗുണഭോക്താക്കൾ ഇ.എം.എസ്. ഭവന പദ്ധതി ലിസ്റ്റിൽപ്പെടുന്നവരാണ്. ഇവർ ഒരുലക്ഷത്തിലേറെ വരും. ഇവർക്ക് കേന്ദ്ര-സംസ്ഥാന വിഹിതം കഴിച്ചുള്ള തുക ത്രിതല പഞ്ചായത്തുകൾ വായ്പയെടുത്ത തുകയിൽ നിന്നാണ് നൽകുന്നത്. ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കളിൽ ഭവനരഹിത ലിസ്റ്റിൽ 2009-10 ലെയും 2010-11 ലെയും ഇന്ദിര ആവാസ് യോജനയുടെ ഗുണഭോക്താക്കൾ ഉൾപ്പെടുന്നുണ്ട്. ഐ.എ.വൈ. യുടെ ലിസ്റ്റിൽ ഉൾപ്പെടുന്ന ഭവനരഹിതർക്ക് ത്രിതല പഞ്ചായത്തുകൾ ധനസഹായം നൽകി ഒരുലക്ഷം വീടുകൾ നിർമ്മിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ വായ്പാ തുക ഉപയോഗിച്ച് ഒരു ലക്ഷത്തോളം വീടുകൾ പൂർത്തീകരണ ഘട്ടത്തിലെത്തുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതിയുടെ കീഴിൽ 4 ലക്ഷത്തിലധികം വീടുകൾ പൂർത്തീകരണത്തിലേയ്ക്കെത്തിയിരിക്കുന്നു. ശേഷിക്കുന്ന വീടുകൾ 2011-ൽ പൂർത്തീകരിക്കുന്നതിനും കഴിയും.

ഈ ഘട്ടത്തിൽ അഞ്ചുലക്ഷം കുടുംബങ്ങൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക. ഏകദേശം 20 ലക്ഷം പേർക്ക് സുരക്ഷിതമായ വാസ സ്ഥലം ഉണ്ടാകുന്നു. ഇന്നലെവരെയില്ലാതിരുന്ന പുതിയ അവസരങ്ങൾ തുറക്കപ്പെടുകയാണ്. ജീവിതത്തിന് പുതിയ അർത്ഥമുണ്ടാകുന്നു. ഇത് നാട്ടിൽ ഗുണകരമായ മാറ്റം സൃഷ്ടിക്കുമെന്നതിൽ തർക്കമില്ല.

ഇപ്പോൾ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിച്ചുകൊണ്ടാണ് ധനസഹായം നൽകിയിട്ടുള്ളത്. ഒരേ റേഷൻ കാർഡിൽപ്പെട്ടവർ വേറെ കുടുംബമായി മാറി താമസിക്കുന്ന സാഹചര്യമുണ്ട്. ഇവരുടെ വിവരശേഖരണം നടത്തുന്നുണ്ട്. ഈ വിവരങ്ങൾ പരിശോധിച്ച് അർഹരായവരെ കണ്ടെത്തി വീട് നൽകും.

പല പദ്ധതികളുടെ ഭാഗമായും മുൻകാലങ്ങളിൽ ധനസഹായം നൽകിയിരുന്നുവെങ്കിലും പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ വിവരങ്ങളും ശേഖരിക്കുന്നുണ്ട്. ഈ വിവരങ്ങൾ പരിശോധിച്ച് വീട് പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനം ആവിഷ്ക്കരിക്കും.

2011ഓടെ വീടില്ലാത്തവരില്ലാത്ത സംസ്ഥാനമെന്ന പദവിയിലേയ്ക്കാണ് കേരളം വളരുന്നത്. വളരെ വിശദവും എന്നാൽ സൂക്ഷ്മവുമായ പരിശോധനയിലൂടെ വീടിനർഹതയുള്ള യഥാർത്ഥ ഗുണഭോക്താവിനെ തെരഞ്ഞെടുത്തതു മുതൽ പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും ഏറ്റവും അർഹരായവർക്ക് പണവും വിഭവവും എത്തുന്നതിന് ശ്രദ്ധിച്ചിരുന്നു. അതിന് സഹായിക്കുന്ന തരത്തിൽ കൃത്യമായ നിർദ്ദേശങ്ങൾ ഉത്തരവുകളുടെ രൂപത്തിൽ നൽകി.

ചിലപ്പോഴെങ്കിലും ഉത്തരവുകളാണ് പദ്ധതി നടത്തിപ്പിൽ തടസ്സമെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്. എന്നാൽ ഉത്തരവാദിത്തമുള്ള ഒരു ഭരണകൂടത്തിന് ശരിയായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് നയപരിപാടികൾ ശരിയായ ദിശയിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ഉപകരണമാണ് സർക്കാർ ഉത്തരവുകൾ. അത് ശരിയായി പ്രവർത്തിച്ചു. അതിലൂടെ യഥാർത്ഥ അവകാശിക്കുതന്നെ പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനായിട്ടുണ്ട്.

വലിയ ജനകീയ തലമാണ് പദ്ധതി നടത്തിപ്പിൽ സൃഷ്ടിക്കപ്പെടുന്നത്. ജനകീയ കൺവെൻഷനുകൾ, ഗുണഭോക്തൃ സംഗമം, ഏകജാലക സംവിധാനം, സന്നദ്ധ പ്രവർത്തനത്തിലൂടെ വീട് നിർമ്മിച്ചു നൽകൽ, സമൂഹസദ്യ, പായസദാനം, ഘോഷയാത്രകൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് ഗ്രാമത്തിന്റെയാകെ പങ്കാളിത്തത്തോടെ നടത്തുന്ന ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതി വലിയ വിഭാഗം ജനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗമായി അണിനിരത്തുന്നതിൽ വിജയിച്ചിരിക്കുകാണ്. വീടില്ലായ്മ വ്യക്തിപരമായ പ്രശ്നമെന്നതിനപ്പുറം സമൂഹം കൂട്ടായി പരിഹരിക്കേണ്ട പ്രശ്നമാണെന്ന ധാരണ സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിന് സഹായിച്ചു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഒരുമിച്ച് ചേരുന്നതിനും ജനകീയത തിരിച്ചെത്തുന്നതിനും പ്രേരകമാകുകയും സങ്കുചിത താല്പര്യങ്ങൾ ദുർബലപ്പെടുന്നതിനും ജനപക്ഷ താല്പര്യങ്ങൾ പ്രബലമാകുന്നതിനും കാരണമായി. ഇത്തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേടിയിട്ടുള്ള കരുത്തും പ്രവർത്തനശേഷിയും കേരളത്തെ സമ്പൂർണ ഭവന സമൂഹം എന്ന പദവിയിലേയ്ക്കുയരാൻ സഹായിക്കുമെന്നതിൽ തർക്കമില്ല.■

ലേഖകൻ ജനകീയാസൂത്രണം സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് അംഗമാണ്

കാണാം നമുക്കൊരു ശുചിത്വ വിദ്യാലയം

ആർ. വേണുഗോപാൽ

ആലപ്പുഴ ജില്ലയിലെ ഏറ്റവും മികച്ച ശുചിത്വ സ്കൂളായി തെരഞ്ഞെടുത്ത കടക്കരപ്പള്ളി ഗവ. എൽ.പി.എസിനെ കുറിച്ച്

വെളുക്കുമുമ്പുണരേണം
വെളുത്തമുണ്ടുടുക്കേണം
കരുത്തേറും കൊമ്പനാന
പുറത്തേറി ചരിക്കേണം

ഈ പഴമൊഴിയുടെ ചുവടുപിടിച്ച് ശുദ്ധിയുടെയും വൃത്തിയുടെയും ഉത്തമമായ മാതൃകയാവുകയാണ് ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ, കടക്കരപ്പള്ളി. ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ തീരദേശത്തോടടുത്തുള്ള പ്രാഥമിക വിദ്യാലയം. സമ്പൂർണ്ണശുചിത്വയജ്ഞത്തിന്റെ ഭാഗമായി കേരള ശുചിത്വമിഷന്റെ മികച്ച ശുചിത്വപ്രവർത്തനങ്ങൾക്കുള്ള ജില്ലയുടെ അംഗീകാരം തേടിയെത്തിയ സ്കൂൾ. കർമ്മോത്സുകരായ അദ്ധ്യാപകർ. വിദ്യാഭ്യാസത്തിനപ്പുറം ഗ്രാമീണ കാഴ്ചകളും നന്മകളും അരക്കിട്ടുറപ്പിക്കാൻ ശ്രമിക്കുന്ന രക്ഷകർത്താക്കൾ. ഉത്തരവാദിത്വത്തിന്റെ ബാലപാഠങ്ങൾ മന:പാഠമാക്കുന്ന പിഞ്ചുബാല്യങ്ങൾ. കൂട്ടായ പരിശ്രമത്തിൽ അസാധ്യമായതൊന്നുമില്ലെന്ന് തെളിയിക്കുന്നു ഈ സ്കൂൾ.

സ്കൂളിന്റെ പ്രവർത്തനങ്ങൾ മൊത്തത്തിൽ നിയന്ത്രിക്കുന്നത് സ്കൂൾ പാർലമെന്റാണ്. പ്രധാനമന്ത്രിയും വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരും സഹമന്ത്രിമാരും. പൊതുതെരഞ്ഞെടുപ്പ് മാതൃകയിൽ തെരഞ്ഞെടുപ്പ്. പ്രതിമാസം അവലോകനത്തിലൂടെ ചിട്ടയായ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. ആരോഗ്യമന്ത്രിയുടെ കീഴിൽ ശുചീകരണപ്രവർത്തനങ്ങൾ, പ്രത്യേക യൂണിഫോമണിഞ്ഞ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ഓരോ ക്ലാസ് റൂമിന്റെയും കുട്ടികളുടെയും പൊതുശുചിത്വവും വ്യക്തിശുചിത്വവും നോക്കുന്നു. അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രശ്നപരിഹാരം. കാര്യങ്ങൾ ചിട്ടയോടെ നടപ്പിലാക്കുവാൻ നേതൃത്വം നൽകുന്ന പ്രധാന അദ്ധ്യാപിക. കൂട്ടത്തിൽ ഏതിനും സഹായവുമായി അവധിദിവസങ്ങളിൽപോലും പ്രവർത്തന തല്പരരായ രക്ഷകർത്താക്കൾ.

സ്കൂൾ കവാടം തന്നെ എതിരേല്ക്കുന്നത് ബന്ദിപ്പൂക്കളുടെയും മന്ദാരത്തിന്റെയും വാടാമല്ലിയുടെയും മനോഹാരിതയിലാണ്. ഗേറ്റ് കടക്കുമ്പോൾ പഴയകാലത്തിന്റെ - ഓർമ്മകളുടെ പൈതൃകമായി - വയലേലകളിൽ ഉപയോഗിച്ചിരുന്ന മരച്ചക്രം, ഭാരമളക്കാൻ ഉപയോഗിച്ചിരുന്ന റാത്തൽ എന്നിവ കാണാം. കമനീയമായി വെട്ടിനിർത്തിയിരിക്കുന്ന ഇലച്ചെടികൾക്കിടയിൽ ഇത് വേറിട്ടൊരുകാഴ്ചാനുഭവം നൽകുന്നു. നാട്ടുകാർക്കൊക്കെ വർഷം മുഴുവൻ ജലം നൽകുന്ന അക്ഷയഖനിയായ ഒരു കിണർ. കിണറിന്റെ ദാഹമകറ്റാൻ പലതുള്ളി പുരസ്ക്കാരതുക കൊണ്ട് നിർമ്മിച്ച മഴവെള്ള സംഭരണി. പൂന്തോട്ടത്തിന് സമീപം മത്സ്യക്കുളം. പരിസ്ഥിതി സംരക്ഷണസേന ഇതിന്റെ ആകെ കാവൽ ഭടന്മാരായി സംരക്ഷണം നൽകുന്നു.

കേരള സോഷ്യൽ ഫോറസ്ട്രിയുടെ സഹായത്തോടെ തുടങ്ങിയ ഇട്ടി അച്യുതൻ സ്മാരക ഔഷധകൃഷിത്തോട്ടം. അന്യംനിന്നുപോകുന്ന പല സസ്യജാലങ്ങളെക്കുറിച്ച് പുതിയ തലമുറയ്ക്ക് അറിവ് നൽകുവാൻ ഇത് സഹായിക്കും. സ്കൂളിന്റെ വിവിധ മൂലകളിൽ പ്ലാസ്റ്റിക് വസ്തുക്കളും ജൈവമാലിന്യങ്ങളും തരംതിരിച്ച് ഇടുന്നതിനായി പ്രത്യേകസംവിധാനങ്ങൾ. ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റി പച്ചക്കറികൃഷിക്ക് ഉപയോഗിക്കുന്നു എന്നതും നേട്ടമായി കാണാം. പൂന്തോട്ടത്തിന്റെ ഒരറ്റത്തായി കലപില ശബ്ദമുണ്ടാക്കി പ്രകൃതിയുടെ താളത്തെ ചെവിയിലെത്തിക്കുന്ന പക്ഷിക്കൂട്ടങ്ങൾ - പ്രത്യേക പരിരക്ഷ നൽകി സംരക്ഷിച്ചു വരുന്നു. അവധിദിവസങ്ങളിൽ പോലും രക്ഷാകർതൃസമിതി പ്രസിഡന്റ് രാധാകൃഷ്ണൻ ഇവയ്ക്ക് ആഹാരം നൽകുന്നതിൽ കാണിക്കുന്ന ശ്രദ്ധ എടുത്തുപറയാതിരിക്കാൻ കഴിയില്ല. മുറ്റത്തിന്റെ മധ്യത്തിൽ നിൽക്കുന്ന മരത്തിൽ തൂങ്ങുന്ന ബോർഡുകൾ, വളരുന്ന തലമുറയെ എന്നും ഓർമ്മിപ്പിക്കുവാൻ കഴിയുന്ന സൂക്തങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. മരത്തിൽ നിന്നും വീഴുന്ന കരിയിലകൾ അന്നന്നുതന്നെ പെറുക്കിക്കൂട്ടുന്നതും കുട്ടികൾ. ആഴ്ചയിലൊരിക്കൽ ഗ്രൗണ്ടും കക്കൂസുകളും, മൂത്രപ്പുരകളും ബ്ലീച്ചിംഗ് പൗഡറും ലോഷനും ഉപയോഗിച്ച് വൃത്തിയാക്കുന്നതും കുട്ടികൾ. ഓരോ ക്ലാസ് മുറിയിലും പാഴ്വസ്തുക്കൾ നിക്ഷേപിക്കുന്നതിനായി ചവറ്റുകുട്ടകൾ. ക്ലാസ് മുറി വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായി പ്രത്യേക ഗ്രൂപ്പുകൾ.

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും നൽകിയ തുക ഉപയോഗിച്ച് ഭംഗിയാക്കിയ സ്കൂൾ കെട്ടിടങ്ങൾ. സുനാമിയിൽ ലഭിച്ച തുകകൊണ്ട് ക്ലാസ്മുറിയാകെ ടൈൽസ് ഇട്ട് സ്മാർട്ട് ക്ലാസ്റൂം അടക്കം പൂർത്തീകരിച്ചിരിക്കുന്നു. സ്കൂളിന്റെ ശതാബ്ദി സ്മാരകമായി ഒരു ലക്ഷം രൂപ മുടക്കി ഗ്രാമപഞ്ചായത്ത് സ്റ്റേജ് നിർമ്മിച്ചുനൽകി. വികലാംഗകുട്ടികൾക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ നിർമ്മിച്ചിരിക്കുന്ന വൃത്തിയുള്ള മൂത്രപ്പുരകളും കക്കൂസുകളും. കഞ്ഞിപ്പുരയും പരിസരവും ഏറെ വൃത്തിയുള്ളവ. സ്കൂളിന്റെ വക 55 സെന്റ് സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെയും കൃഷി ഭവന്റെയും സഹായത്തോടുകൂടി ചോളകൃഷിക്ക് ആരംഭം കുറിച്ചു. പ്ലാസ്റ്റിക് ഒഴിവാക്കുന്നതിന്റെ ഭാഗമായി കുട്ടികളെല്ലാം പെൻസിൽ ഉപയോഗിക്കണമെന്ന കർശനമായ നിർദ്ദേശം. തുടർന്ന് മഷിപ്പേന തന്നെ ഉപയോഗിക്കണമെന്ന സ്നേഹപൂർവ്വമായ ശാസനയും.

വിദ്യാലയത്തിന്റെ പരിസരത്ത് പ്രവർത്തനങ്ങൾ ഇങ്ങനെയാണെങ്കിൽ അകത്തും നിറഞ്ഞ സാന്നിദ്ധ്യമാണ് അദ്ധ്യാപകരുടേത്. 2008-09ൽ മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടർ സാക്ഷരരാക്കി. നാലാം ക്ലാസ്സിലെ കുട്ടികളെകൊണ്ട് നാലാംക്ലാസിലെ കുട്ടികളുടെ രക്ഷകർത്താക്കളെ പൂർണ്ണമായും കമ്പ്യൂട്ടർ പഠിപ്പിച്ചത് ശിഷ്യനായ ഗുരുവിന്റെ ചരിത്രത്തെ ഓർമ്മപ്പെടുത്തുന്നു.

ഈ സ്കൂളിനെ തേടിയെത്തിയ അംഗീകാരങ്ങളനവധിയാണ്. മലയാളമനോരമയുടെ ജലപരിസ്ഥിതി സൗഹൃദ വിദ്യാലയ അവാർഡ് 2006-07ൽ ലഭ്യമായി. 2007-08ൽ വീഗാലാന്റ് ഏർപ്പെടുത്തിയ മികച്ച പരിസ്ഥിതി സൗഹൃദവിദ്യാലയം, 2008-09ൽ കമ്പ്യൂട്ടർ സാക്ഷരതാപ്രഖ്യാപനം നടത്തിയ തുറവൂർ സബ്ജില്ലയിലെ ആദ്യ വിദ്യാലയം, ശാസ്ത്ര-ഗണിതശാസ്ത്ര-പ്രവർത്തിപരിചയ മേളകളിലും കലാമേളകളിലും നിറഞ്ഞ സാന്നിദ്ധ്യവും ഈ സ്കൂളിന് അഭിമാനിക്കാൻ അവസരം നൽകി. 2008-09ൽ സംസ്ഥാന സ്കൂൾ കലോത്സവവേദിയിൽ ചെണ്ടവാദ്യം അവതരിപ്പിക്കാൻ കഴിഞ്ഞ പിഞ്ചോമനകളും ഈ സ്കൂളിന്റെ അഭിമാനമാണ്. 2009-10ലെ അദ്ധ്യാപകശ്രേഷ്ഠ അവാർഡ് നേടിയ ജെയിംസ് ആന്റണി മാഷും ഹെഡ്മിസ്ട്രസ്സ് ഡി. പത്മകുമാരി ടീച്ചറും അടക്കം ഏഴ് അദ്ധ്യാപകരുടെയും രക്ഷാകർതൃസമിതിയുടെയും പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ജില്ലയിലെ മികച്ച ശുചിത്വ സ്കൂളിനുള്ള അവാർഡ് നൽകുവാൻ ജില്ലാതല അവാർഡ് നിർണ്ണയ കമ്മറ്റിക്ക് ഈ സ്കൂളല്ലാതെ മറ്റൊന്നും ആലോചിക്കേണ്ടിവന്നില്ല.■

ലേഖകൻ ആലപ്പുഴ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ അസിസ്റ്റന്റ് കോർഡിനേറ്ററാണ്

നെൻമണിക്കരയുടെ നന്മകൾ

ഷൈലജ മോഹനൻ

**എല്ലാവർക്കും വീട്
എല്ലാ വീട്ടിലും വൈദ്യുതി
എല്ലാവർക്കും കുടിവെള്ളം
എല്ലാ തെരുവിലും വിളക്ക്
എത്തിച്ച ഇന്ത്യയിലെ
ആദ്യ ഗ്രാമപഞ്ചായത്ത് –**

**നെന്മണിക്കരയിലെ
പ്രവർത്തനങ്ങളെക്കുറിച്ച് ...**

സാംസ്ക്കാരിക കേരളത്തിന്റെ തലസ്ഥാനമായ തൃശ്ശൂരിന്റെ പെരുമയിൽ ഒരു പൊൻതൂവൽ കൂടി ചാർത്തിക്കൊണ്ട് ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ ഭവന, കുടിവെള്ള, വൈദ്യുതി, എല്ലാ തെരുവുകളിലും വിളക്ക് എന്ന അപൂർവ്വ ബഹുമതി നേടി നെന്മണിക്കര ഗ്രാമ പഞ്ചായത്ത് രാജ്യത്തിന് തന്നെ മാതൃകയായിരിക്കുകയാണ്.

തൃശ്ശൂർ പട്ടണത്തിൽ നിന്നും കേവലം 9 കിലോമീറ്റർ തെക്കുമാറി നാഷണൽ ഹൈവേ 47നോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്താണ് നെന്മണിക്കര. കേരളത്തിലെ പ്രധാന നദികളായ മണലി, കുറുമാലി പുഴകൾ ഈ പഞ്ചായത്തിലൂടെ ഒഴുകുന്നു. ഒന്നര നൂറ്റാണ്ടിലേറെ പഴക്കമുള്ള പാരമ്പര്യ വ്യവസായമായ ഓടു വ്യവസായത്തിന്റെ ഈറ്റില്ലമാണ് നെന്മണിക്കര ഗ്രാമ പഞ്ചായത്ത്. ഓട്ടുകമ്പനി തൊഴിലാളികളും കർഷക തൊഴിലാളികളും ചെറുകിട കർഷകരുമടങ്ങുന്ന സാധാരണക്കാർ അധിവസിക്കുന്ന പഞ്ചായത്ത്. അതുകൊണ്ടുതന്നെ സാധാരണക്കാരന്റെ ഉന്നമനത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് മുൻതൂക്കം നൽകി.

ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിച്ചപ്പോൾ തന്നെ സാധാരണ ജനവിഭാഗങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പാർപ്പിടമില്ലായ്മ, ഉള്ള വീടുകളുടെ ജീർണ്ണാവസ്ഥ, വൈദ്യുതിയില്ലാത്ത വീടുകൾ, രൂക്ഷമായ കുടിവെള്ളക്ഷാമം എന്നിവയാണ് പ്രധാനമായും പഞ്ചായത്തിന് നേരിടേണ്ടി വന്ന വിഷയങ്ങൾ. ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്താനുള്ള പ്രക്രിയയാണ്, വികസനം എന്ന കാഴ്ചപ്പാടിലൂടെ പഞ്ചായത്ത് ഭരണസമിതി ആവിഷ്ക്കരിച്ചത്. ഇതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു.

കൊടകര നിയോജക മണ്ഡലത്തിൽ പ്രൊഫ. സി.രവീന്ദ്രനാഥ് എം.എൽ.എയുടെ നേതൃത്വത്തിൽ നടപ്പിൽവരുത്തിയ സുസ്ഥിര കൊടകര വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഞങ്ങൾക്ക് മാതൃകയായി. കേന്ദ്ര സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ, എം.പി. ഫണ്ടുകൾ, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ, എസ്.സി. ഫണ്ടുകൾ എന്നിവയും ഗ്രാമപഞ്ചായത്തിന്റെ ഫണ്ടും ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സുസ്ഥിര കൊടകര വികസന പദ്ധതി.

സമ്പൂർണ്ണ ഭവനം സഫലമായ സ്വപ്നം

ആദ്യം സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെ സർവ്വേ നടത്തി. പിന്നീട് വീടില്ലാത്ത മുഴുവൻ കുടുംബങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ഭവനസഭകൾ ചേർന്നു. ഭവനസഭ നടത്തിയതു കൊണ്ട് തന്നെ കൃത്യമായ ഒരു ധാരണയോടെ ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞു. മൂന്ന് സെന്റ് ഭൂമിയുള്ള, വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് വെയ്ക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇ.എം.എസ്.സമ്പൂർണ്ണ ഭവനപദ്ധതിയുടെ മോഡൽ ആദ്യമായി പഞ്ചായത്തിൽ നടപ്പിലാക്കി. പ്ലാൻ ഫണ്ടിന്റെ 15 ശതമാനത്തോടൊപ്പം തലോർ സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുത്തും ഇതിനുള്ള ഫണ്ട് കണ്ടെത്തി. കൂടാതെ ഐ.എ.വൈ, എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി, എസ്.സി. ഭവന പദ്ധതി എന്നിവയും ഫലപ്രദമായി വിനിയോഗിച്ചു.നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാദേശിക സഹായ കമ്മിറ്റികളുടെയും തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളും സഹായകമാക്കി മാറ്റി. ഇരട്ട വീടുകളായിരുന്ന ലക്ഷം വീടുകൾ എം.എൻ.പാർപ്പിട പദ്ധതി ഫണ്ട് ഉപയോഗിച്ച് ഒറ്റ വീടുകളാക്കി. ആശ്രയ വിഭാഗത്തിൽപ്പെടുന്ന പൊതുവിഭാഗത്തിന് ഭൂമിയും വീടും ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും ഈ പദ്ധതികൾ പ്രകാരം നൽകാൻ കഴിഞ്ഞു. ഭവന പദ്ധതിയിൽ നാളിതുവരെ 572 വീടുകൾ നൽകിക്കഴിഞ്ഞു. അന്തിയുറങ്ങാൻ ഒരു കൂര സ്വപ്നം കാണുന്ന പാവപ്പെട്ടവന് ഒരു കൂരയല്ല, ഭവനം തന്നെ നൽകി അവന്റെ സ്വപ്നത്തെ സഫലമാക്കിയ പഞ്ചായത്തിന്റെ പ്രവർത്തനം ചരിത്രത്തിൽ അടയാളപ്പെടുത്തും, തീർച്ച!

സമ്പൂർണ്ണ കുടിവെള്ളം

വേനൽക്കാലമാകുമ്പോൾ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഒരു പഞ്ചായത്തായിരുന്നു നെന്മണിക്കര. മണലിപ്പുഴയുണ്ടായിട്ടുകൂടി പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും ഇതിന്റെ ദുരനുഭവമുണ്ടായി. വേനൽക്കാലത്ത് സർക്കാർ സഹായത്തോടെ ടാങ്കറിൽ കുടിവെള്ളവിതരണം നടത്തിയാണ് അൽപ്പമെങ്കിലും പ്രതിവിധി കണ്ടെത്തിയിരുന്നത്. വാട്ടർ അതോറിറ്റിയുടെ ഒരു ചെറിയ പദ്ധതി മാത്രമാണ് നിലവിലുണ്ടായിരുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ ആദ്യമുൻഗണന കുടിവെള്ള പ്രശ്ന പരിഹാരത്തിനു നൽകി. ബഹുജനപങ്കാളിത്തത്തോടെ സർവ്വെ നടത്തി പദ്ധതിയുടെ പ്രവർത്തനത്തിന് ആരംഭം കുറിച്ചു. ചിറ്റിശ്ശേരിയിൽ 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ടാങ്ക് നിർമ്മിച്ചു. അതിലേയ്ക്ക് മണലിപ്പുഴയിൽ എറവക്കാട് പമ്പ് ഹൗസിൽ 40 HP മോട്ടോർ സ്ഥാപിച്ച് വെള്ളമെത്തിക്കുകയും വിപുലമായ വിതരണ ശൃംഖലയിലൂടെ പാഴായി മേഖലയൊഴിച്ച് മുഴുവൻപ്രദേശത്തും കുടിവെള്ളമെത്തിക്കുകയും ചെയ്തു. പാഴായി മേഖലയിൽ പുഴയുടെ സാന്നിദ്ധ്യവും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഉള്ളതിനാൽ കുടിവെള്ളക്ഷാമം ഒട്ടും തന്നെയില്ലായിരുന്നു. കൂടാതെ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ രണ്ട് ചെറിയ പ്രോജക്ടുകൾ സ്ഥാപിച്ചു. പഞ്ചായത്തിലെ മുഴുവൻ പൊതുകിണറുകളും സംരക്ഷിച്ച് കാലാകാലങ്ങളിൽ വൃത്തിയാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കി. നടപ്പിലാക്കിക്കഴിഞ്ഞ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ഗുണഫലമായി ആ പ്രദേശങ്ങളിൽ ജലലഭ്യത ഉയർന്നു.ഇന്നിപ്പോൾ 150 മീറ്റർ ചുറ്റളവിൽ കുടിവെള്ളം സമൃ

എല്ലാവർക്കും വീട്, വെള്ളം, വെളിച്ചം, തെരുവ് വിളക്ക് എത്തുന്ന ഇന്ത്യയിലെ ആദ്യ ഗ്രാമപഞ്ചായത്തായി നെന്മണിക്കരയെ പ്രഖ്യാപിക്കുന്ന ചടങ്ങ് ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ തുടങ്ങിയവർ സമീപം.

ദ്ധമായി ലഭിക്കുന്ന ഒരു പഞ്ചായത്തായി നെൻമണിക്കര മാറി. 1 കോടി 13 ലക്ഷം ചിലവാക്കിയ ഈ കുടിവെള്ള പദ്ധതിയുടെ അടുത്ത ലക്ഷ്യം ലോകാരോഗ്യ സംഘടനാ മാനദണ്ഡത്തിലുള്ള കുടിവെള്ളം ലഭ്യമാക്കുകയെന്നതാണ്.

എല്ലാ വീടുകളിലേയ്ക്കും വൈദ്യുതി

വൈദ്യുതിയില്ലാത്ത സാധാരണക്കാരുടെ വളരെയധികം വീടുകൾ പഞ്ചായത്ത് പ്രദേശത്തുണ്ടായിരുന്നു. പോസ്റ്റിട്ട് കമ്പി വലിക്കുന്നതിന് ഉയർന്ന ചിലവുവരുമെന്നുള്ളതിനാൽ സാധാരണക്കാരന് താങ്ങാവുന്ന കാര്യമായിരുന്നില്ല. സുസ്ഥിര പദ്ധതിയിൽ സമ്പൂർണ്ണ വൈദ്യുതിവത്ക്കരണം സഫലമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. ഗുണഭോക്താവിന്റെ വീട്ടുപരിസരം വരെ പോസ്റ്റിട്ട് കമ്പി വലിക്കുന്നതിനാവശ്യമായ സർവ്വെ നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കലായിരുന്നു ആദ്യനടപടി. ആവശ്യമായ മുഴുവൻ ഫണ്ടും അടച്ചതോടെ KSEB പ്രസ്തുത പണികൾ ആത്മാർത്ഥതയോടെ യുദ്ധകാലാടിസ്ഥാനത്തിൽ നിർവ്വഹിക്കുകയും ചെയ്തു. ഈ പദ്ധതിയിലൂടെ മുഴുവൻ വീടുകളിലേയ്ക്കും വൈദ്യുതി എത്തിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. അതോടൊപ്പം തന്നെ വോൾട്ടേജ് കുറഞ്ഞ പ്രദേശങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടപ്പിലാക്കി. ചിമ്മിനിവെട്ടത്തിന് വിട നൽകിക്കൊണ്ട് പ്രകാശപൂരിതമായ ഒരു ലോകം സമ്മാനിക്കുവാൻ സാധിച്ചു എന്നതിന്റെ നിർവൃതിയിലാണ് ജനങ്ങളും ഗ്രാമപഞ്ചായത്തും.

എല്ലാ തെരുവുകളിലും വിളക്ക്

പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ അങ്ങിങ്ങായി മാത്രമായിരുന്നു തെരുവുവിളക്കുകൾ ഉണ്ടായിരുന്നത്. പല പ്രധാന റോഡുകളിലും തെരുവുവിളക്കുകൾ ഉണ്ടായിരുന്നില്ല. പുതിയ കാലഘട്ടത്തിനനുസരിച്ച് നാടിന്റെ

ഒരു ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിനെ മാത്രം ആശ്രയിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കാതെ വ്യത്യസ്ത മേഖലകളിൽ നിന്നുള്ള ഫണ്ടുകൾ ഏകീകരിച്ച് വിശാലമായ കാഴ്ചപ്പാടോടെ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞതുകൊണ്ടാണ് പഞ്ചായത്തിന് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. സുസ്ഥിര കൊടകര വികസന പദ്ധതിയുടെ സൂത്രധാരനായ പ്രൊഫ. സി. രവീന്ദ്രനാഥ് എം. എൽ.എയുടെ നേതൃത്വപരമായ പങ്കും സഹായവും ഞങ്ങളുടെ വിജയത്തിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

മുഖച്ഛായ മാറ്റേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ തെരുവുകളിലേയ്ക്കും തെരുവുവിളക്ക് സ്ഥാപിക്കുക എന്ന ആശയം ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ഇന്നിപ്പോൾ പഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിച്ചു കഴിഞ്ഞു. ചെറിയ കൈവഴികളിൽക്കൂടി തെരുവുവിളക്ക് ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ചെയ്തുവരുന്നു. MLA ഫണ്ടിന്റെ സഹായത്തോടെ ചെയ്ത ഈ പദ്ധതി വഴി നെന്മണിക്കര പഞ്ചായത്തിന്റെ എല്ലാ തെരുവുകളിലും തെരുവു വിളക്കുകൾ പ്രകാശം ചൊരിയുന്ന കാഴ്ച ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വേറിട്ട ഒരു അനുഭവമായി.

കാലപ്രയാണത്തിൽ കൈമോശം വന്നുപോയ കൃഷി സംസ്കൃതിയുടെ പുനഃപ്രതിഷ്ഠ നടത്തുന്നതിനുള്ള പ്രവർത്തനം പഞ്ചായത്തിൽ ആരംഭിച്ചു കഴിഞ്ഞു. നെൽകൃഷി, തെങ്ങ്, നേന്ത്രവാഴ, പച്ചക്കറി, നിവേദ്യ കദളി, പശുവളർത്തൽ എന്നീ മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സംസ്ഥാനത്തിന്റെ ചിരകാലാഭിലാഷമായ കേരപാർക്ക് നെൻമണിക്കര പഞ്ചായത്തിലാണ് സ്ഥാപിക്കുന്നത് എന്ന അഭിമാനകരമായ നേട്ടത്തിന്റെ സന്തോഷത്തിലാണ് ഗ്രാമ പഞ്ചായത്തും ജനങ്ങളും. ശക്തമായ കുടുംബശ്രീ, അയൽക്കൂട്ട പ്രവർത്തനങ്ങളും, ആരോഗ്യരംഗത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും പഞ്ചായത്ത് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. മുതിർന്ന പൗരൻമാരെ സംരക്ഷിക്കുന്നതിന് സുസ്ഥിരതയുടെ മാതൃകാപദ്ധതി 'തണൽ' വിജയകരമായി മുന്നോട്ടു പോകുന്നു. പട്ടികജാതിക്കാരുടെ ഉന്നമനത്തിനും മേഖലയിലെ വിദ്യാഭ്യാസപുരോഗതിക്കും കലാകായിക സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ അഭിവൃദ്ധിക്കുമായുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ശുചീകരണപ്രവർത്തനങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തിനും മുൻഗണന നൽകുന്നു. പശ്ചാത്തലമേഖലയിൽ ഗ്രാമീണറോഡുകളുടെ നിർമ്മാണവും സംരക്ഷണവും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്തു വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നല്ല രീതിയിലുള്ള നടത്തിപ്പും ഉയർന്ന ജനപങ്കാളിത്തവും പഞ്ചായത്തിന്റെ പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടുന്നു.

ഒരു ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിനെ മാത്രം ആശ്രയിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കാതെ വ്യത്യസ്ത മേഖലയിൽ നിന്നുള്ള ഫണ്ടുകൾ ഏകീകരിച്ച് വിശാലമായ കാഴ്ചപ്പാടോടെ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞതുകൊണ്ടാണ് പഞ്ചായത്തിന് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. സുസ്ഥിര കൊടകര വികസന പദ്ധതിയുടെ സൂത്രധാരനായ പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എയുടെ നേതൃത്വപരമായ പങ്കും സഹായവും ഞങ്ങളുടെ വിജയത്തിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. തൃശൂർ ജില്ലാ പഞ്ചായത്ത് ഭരണാധികാരികൾ കൊടകര ബ്ലോക്ക് പഞ്ചായത്ത് ഭരണാധികാരികൾ, എം.പി.മാർ, മുൻ എം.പിമാർ എന്നിവരുടെ ആത്മാർത്ഥമായ സഹായങ്ങൾ എടുത്തുപറയേണ്ടതാണ്. സർക്കാരിന്റെ വിവിധ വകുപ്പുകൾ മൂപ്പിളമ തർക്കം നോക്കാതെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചു. വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പ്, ഗ്രാമവികസനവകുപ്പ്, പ്ലാനിങ്ങ് ഓഫീസ്, കൃഷിവകുപ്പ്, പഞ്ചായത്ത് വകുപ്പ് എന്നിവയുടെ സഹകരണം എടുത്തു പറയേണ്ടതാണ്.

അർപ്പണമനോഭാവത്തോടെയുള്ള ഭരണസമിതിയുടെ കൂട്ടായ പ്രവർത്തനങ്ങൾക്കൊപ്പം പഞ്ചായത്തിലെ ജീവനക്കാർ, മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികൾ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് എല്ലാ പൊതുജനങ്ങളുടേയും നിർലോഭമായ സഹകരണം നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകരമായി. ■

ലേഖിക
ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്

ഗ്രീൻ കേരള എക്സ്പ്രസ് ചില യാത്രാനുഭവങ്ങൾ

അധികാര വികേന്ദ്രീകരണത്തിലൂടെ വികസനാസൂത്രണ രംഗത്ത് പുത്തൻ മാതൃക സൃഷ്ടിച്ച കേരളം ലോകത്തിന് മുൻപിൽ മറ്റൊരു മാതൃകകൂടി അവതരിപ്പിക്കുകയാണ് ഗ്രീൻകേരള എക്സ്പ്രസിലൂടെ. വികസന ആശയ വിനിമയരംഗത്ത് മുൻമാതൃകകളില്ലാത്ത ഈ ടെലിവിഷൻ പരിപാടി വികേന്ദ്രീകൃതാസൂത്രണത്തിൽ ഫോർത്ത് എസ്റ്റേറ്റിന്റെ പങ്കിനെക്കുറിച്ചുള്ള പുത്തൻ കാഴ്ചപ്പാട് തന്നെയാണ് അവതരിപ്പിക്കുന്നത്. ജനപ്രിയ ടെലിവിഷൻ പരിപാടിയുടെ ഘടന കടമെടുത്ത് സുസ്ഥിര വികസനമെന്ന പരമപ്രധാനമായ ചിന്തയെ ജനമനസ്സുകളിലേയ്ക്ക് എത്തിക്കാൻ ഗ്രീൻകേരള എക്സ്പ്രസിന് കഴിഞ്ഞു എന്ന കാര്യത്തിൽ സംശയമില്ല.

2009 ഡിസംബർ 9-ാം തീയതി മസ്കറ്റ് ഹോട്ടലിൽവെച്ചു നടന്ന ഗ്രീൻ കേരള എക്സ്പ്രസ് ശില്പശാലയിലാണ് ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഗ്രീൻകേരള എക്സ്പ്രസിന്റെ പ്രഖ്യാപനം നടത്തുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണമികവ് ബഹുജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്ന ഈ മത്സരപരിപാടിയിൽ വിജയിക്കുന്ന ഗ്രാമപഞ്ചായത്തിന് ഒരു കോടി രൂപയുടെ സമ്മാനം പ്രഖ്യാപിച്ചു. മുഖ്യധാരയിൽ വരാത്ത ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്ക് വെളിച്ചം വീശാൻ പരിപാടിക്ക് കഴിയണമെന്ന് ശില്പശാല ഉദ്ഘാടനം ചെയ്തുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. ഗ്രീൻകേരള എക്സ്പ്രസിന്റെ വെബ്സൈറ്റായ www.green

keralaexpress.orgന്റെ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി നിർവ്വഹിച്ചു.

ജനുവരി മാസത്തിൽ പഞ്ചായത്തുകളുടെ പ്രാഥമിക മൂല്യനിർണ്ണയത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കി. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച ചോദ്യാവലിയിലെയും വികസന വീഡിയോയുടെയും 'റിയാലിറ്റി ചെക്കി'നായി സിഡിറ്റിന്റെ അഞ്ച് പ്രൊഡക്ഷൻ ടീമുകൾ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് യാത്ര തിരിച്ചു. ഗ്രീൻകേരള എക്സ്പ്രസ് ടെലിവിഷന് നൽകിയ മറ്റൊരു പുതുമ ഇതിന്റെ അവതാരകർ ഗ്രാമങ്ങളിലൂടെ നടത്തിയ സൈക്കിൾ യാത്രകളാണ്.

2010 ഫെബ്രുവരി 15-ന് കേരള മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനാണ് ഗ്രീൻകേരള എക്സ്പ്രസിന്റെ ചിത്രീകരണം ഉദ്ഘാടനം ചെയ്തത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻപോട്ട്വെച്ച വികസനപദ്ധതിയുടെ സുസ്ഥിരത, സമഗ്രാസൂത്രണത്തിൽ അതിന്റെ പങ്ക്, പ്രാദേശിക ഗവണ്മെന്റെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങളുടെ നിർവ്വഹണം തുടങ്ങി വികസനപദ്ധതികളുടെ ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും വിവിധ ഘട്ടങ്ങളെ ഇഴകീറി പരിശോധിക്കുന്നതായിരുന്നു സ്റ്റുഡിയോ ഫ്ളോറിൽവെച്ച് പഞ്ചായത്ത് പ്രതിനിധികളുമായി നടന്ന കൂടിക്കാഴ്ചകൾ. സാമൂഹ്യ-സാംസ്ക്കാരിക-അക്കാദമിക-മാധ്യമ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച നിരവധി പ്രമുഖർ വിധികർത്താക്കളായി പങ്കെടുത്തു.

പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞനായ ഡോ. കെ.പി. കണ്ണൻ, കണ്ണൂർ യൂണിവേഴ്സിറ്റി നരവംശശാസ്ത്രവിഭാഗം മേധാവിയായ ഡോ. വിനിത മേനോൻ, കാർഷിക വിദഗ്ധനായ ആർ. ഹേലി, സാങ്കേതിക വിദഗ്ധനും സാമൂഹ്യചിന്തകനുമായ ഡോ. ആർ.വി.ജി. മേനോൻ, പരിസ്ഥിതിശാസ്ത്രജ്ഞനായ പ്രൊഫ. എം.കെ. പ്രസാദ് എന്നിവരായിരുന്നു മുഖ്യവിധികർത്താക്കൾ. സാംസ്ക്കാരികരംഗത്തുനിന്നും സുഗതകുമാരി, കെ.എൽ. മോഹനവർമ്മ, ജോർജ്ജ് ഓണക്കൂർ, ഡോ. ഷംസാദ് ഹുസൈൻ, സാങ്കേതികമേഖലയിൽനിന്ന് ജി. വിജയരാഘവൻ, ഡോ. അച്യുത്ശങ്കർ, നിർമ്മല സാനുജോർജ്ജ്, മാധ്യമപ്രവർത്തകരായ സി. ഗൗരീദാസൻ നായർ, വെങ്കിടേഷ് രാമകൃഷ്ണൻ, എം.ജി. രാധാകൃഷ്ണൻ, ചലച്ചിത്രതാരങ്ങളായ പത്മപ്രിയ, കല്പന, മധുപാൽ തുടങ്ങി നിരവധിപേർ വിധികർത്താക്കളായിരുന്നു. ഗ്രീൻകേരള എക്സ്പ്രസിൽ മത്സരിക്കാൻ അപേക്ഷ സമർപ്പിച്ച 188 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 152 പേരെയാണ് ഒന്നാംഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്തത്. ഇതിൽ 140 ഗ്രാമപഞ്ചായത്തുകളും 10 മുൻസിപ്പാലിറ്റികളും രണ്ട് കോർപ്പറേഷനുകളും ഉൾപ്പെടുന്നു.

മാർച്ച് 1-നാണ് ഗ്രീൻകേരള എക്സ്പ്രസ് സംപ്രേഷണം ആരംഭിച്ചത്. മാർച്ച് 2-ന് തുടങ്ങിയ ഗ്രാമപഞ്ചായത്തുകളുടെ മത്സരവിഭാഗത്തിൽ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തും കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തുമാണ് മത്സരിച്ചത്. അടാട്ടിന്റെ ജൈവഗ്രാമം പദ്ധതിയും മടിക്കൈയുടെ നീർത്തട സംരക്ഷണ പദ്ധതിയും ഗ്രീൻകേരള എക്സ്പ്രസ് ഉയർത്തിപ്പിടിക്കുന്ന കാഴ്ചപ്പാടിന്റെ ദൃശ്യാവിഷ്ക്കാരം തന്നെയായിമാറി. 78 എപ്പിസോഡുകൾ നീണ്ട ഒന്നാംഘട്ടത്തിനുശേഷം 15 പഞ്ചായത്തുകളെയാണ് രണ്ടാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്തത്. പ്രാഥമിക മൂല്യനിർണ്ണയത്തിൽ ലഭിച്ച മാർക്ക്, വിധികർത്താക്കളുമായുള്ള കൂടിക്കാഴ്ചയിൽ ലഭിച്ച മാർക്ക്, എസ്.എം.എസ് എന്നിവയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകളെ തെരഞ്ഞെടുത്തത്. പ്രാഥമിക മൂല്യനിർണ്ണയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂരിപ്പിച്ചയച്ച ചോദ്യാവലിയും, വികസനവീഡിയോയും വിധികർത്താക്കൾ പരിശോധിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിന്റെ പ്രത്യേകത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവതരിപ്പിച്ച പദ്ധതികളെക്കുറിച്ചും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും നേരിട്ട് മനസ്സിലാക്കാൻ വിധികർത്താക്കൾ നടത്തിയ

ഗ്രീക്കേഴ്സ്

(ഗ്രീൻകേരള എക്സ്പ്രസ് റേറ്റിംഗ് സിസ്റ്റം)

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രീൻകേരള എക്സ്പ്രസിൽ രജിസ്റ്റർ ചെയ്യാനുള്ള ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം മാത്രമല്ല ഗ്രീക്കേഴ്സ് ഒരുക്കുന്നത്. ഗ്രീൻ കേരള എക്സ്പ്രസ് ടെലിവിഷൻ റിയാലിറ്റി ഷോയുടെ സൈബർ രൂപമാണിത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ വിലയിരുത്താനും മാർക്കിടാനും പ്രഗത്ഭമതികളായ വിധികർത്താക്കൾക്കൊപ്പം സാധാരണ പൗരന്മാർക്കും സാധിക്കുന്നു എന്നതാണ് greekers.greenkeralaexpress.orgന്റെ സവിശേഷത. നവ മാധ്യമത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തി ജനാധിപത്യത്തിന്റെയും ഭരണ സുതാര്യതയുടെയും സവിശേഷ മാധ്യമ രുപമായിട്ടാണ് ഈ വെബ്പ്ലാറ്റ്ഫോമിനെ വിഭാവനം ചെയ്തിട്ടുള്ളത്. സൈബർ സാമൂഹ്യ ഓഡിറ്റിംഗ് തന്നെയായിരിക്കും ഗ്രീക്കേഴ്സിലൂടെ നടക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സമഗ്രമായി വിശകലനം ചെയ്യാനും വിലയിരുത്താനും സഹായിക്കുന്ന ചോദ്യാവലി ഓൺലൈനായി പൂരിപ്പിക്കാൻ സാധിക്കുന്നതോടൊപ്പം അതാത് എൽ.എസ്.ജി.ഐകൾ നടത്തുന്ന വികസനപദ്ധതികളുടെ വിശദവിവരങ്ങളും ഫോട്ടോഗ്രാഫുകളും വീഡിയോകളും ഗ്രീക്കേഴ്സിലേയ്ക്ക് അപ്ലോഡ് ചെയ്യാനും കഴിയും. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും പരസ്പരം ആശയവിനിമയം നടത്താനും സാധിക്കും. ഗ്രീക്കേഴ്സിൽ കേരളത്തിലെ മികച്ച പഞ്ചായത്തുകളെ കണ്ടെത്താനുള്ള റേറ്റിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്.

യാത്രകളാണ്. ഗുണഭോക്താക്കളുമായും പഞ്ചായത്തിലെ പൊതുസമൂഹവുമായും വിധികർത്താക്കൾ നടത്തിയ ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും സ്റ്റുഡിയോ ഫ്ളോറിൽ പഞ്ചായത്ത് പ്രതിനിധികളെ വിളിച്ചുവരുത്തി നടത്തിയ ചർച്ചകളിലൂടെയാണ് അന്തിമമായ മൂല്യനിർണ്ണയം നടത്തിയത്.

ആടും കോഴിയും മാത്രം വിതരണംചെയ്യുന്ന സ്ഥലമാണ് ഗ്രാമപഞ്ചായത്തുകൾ എന്ന പൊതുസമൂഹത്തിന്റെ ധാരണ തിരുത്തിക്കുറിക്കുന്നതായിരുന്നു ഗ്രീൻകേരള എക്സ്പ്രസിൽ പങ്കെടുക്കാനെത്തിയ ഓരോ പഞ്ചായത്തുകളും അവതരിപ്പിച്ച പദ്ധതികൾ. ഭക്ഷ്യസുരക്ഷയും മാലിന്യസംസ്ക്കരണവും പ്രകൃതിവിഭവ പരിപാലനവുമെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻഗണനാക്രമത്തിൽ ആദ്യ സ്ഥാനങ്ങളിൽ നിൽക്കുന്നു എന്നത് ശുഭകരമായ കാര്യം തന്നെയാണ്. സ്ത്രീശാക്തീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം എന്നിങ്ങനെ നാടിന്റെ സമഗ്രവികസനത്തിലൂന്നുന്ന ഒട്ടനവധി പദ്ധതികൾ ഗ്രീൻകേരള എക്സ്പ്രസിലൂടെ ഷോകേസ് ചെയ്യപ്പെട്ടു.

വികസനചർച്ചകളിൽ മാധ്യമങ്ങൾക്ക് എങ്ങനെ ഗുണപരമായി ഇടപെടാം എന്ന തിരിച്ചറിവാണ് പ്രാഥമികമായും ഗ്രീൻകേരള എക്സ്പ്രസ് പൊതുസമൂഹത്തിന് നൽകുന്നത്. രണ്ടാമതായി ഒന്നര ദശാബ്ദകാലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിൽവരുത്തുന്ന ജനകീയാസൂത്രണത്തിന്റെയും വികേന്ദ്രീകരണ ജനാധിപത്യത്തിന്റെയും നന്മകളും കുറവുകളും വിലയിരുത്താനുള്ള ഒരു വേദിയായി ഇതു മാറി എന്നുള്ളതാണ്. മൂന്നാമത്തേതും പരമപ്രധാനവുമായ മറ്റൊരു കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ നടക്കുന്ന ആശയവിനിമയത്തിന് ബഹുജനമാധ്യമത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഗ്രീൻ കേരള എക്സ്പ്രസിന് സാധിച്ചു എന്നതാണ്. ദൂരദർശൻ മാത്രമല്ല പ്രാദേശികമായ കേബിൾ ചാനലുകളും ഗ്രാമീണ വാർത്താപത്രികകളും ബാനറുകളും നോട്ടീസുകളും മൊബൈൽ ഫോൺ എസ്.എം.എസുകളും ഇ-മെയിലും തുടങ്ങി പരമ്പരാഗതവും ആധുനികവുമായ ആശയവിനിമയ രൂപങ്ങളെല്ലാം വികസനചർച്ചയ്ക്കായി സംയോജിക്കപ്പെട്ടു എന്നതാണ് ഗ്രീൻ കേരള എക്സ്പ്രസ് എന്ന മാധ്യമപരീക്ഷണത്തിന്റെ പ്രസക്തി.

ടെലിവിഷൻ മറവിയുടെ മാധ്യമമാണെന്നാണ് പൊതുവെ പറയപ്പെടുന്നത്. വ്യത്യസ്തമായ മറ്റൊരു ടെലിവിഷൻ പ്രോഗ്രാം വരുമ്പോൾ പ്രേക്ഷകരെല്ലാം അതിന്റെ പിന്നാലെ ഓടും എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഗ്രീൻകേരള എക്സ്പ്രസിലൂടെ ശേഖരിക്കപ്പെട്ട ചിന്തകളുടെയും അനുഭവങ്ങളുടെയും ശേഖരം മറവിയിലുപേക്ഷിക്കപ്പെടേണ്ടതല്ല. വരാൻ പോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും 50% സ്ത്രീസംവരണത്തിലൂടെ ഭരണരംഗത്തേക്ക് കടന്നുവരാൻ സാധ്യതയുള്ള നവാഗതകർക്ക് പഠനത്തിനും പരിശീലനത്തിനുമുള്ള ഉപാധിയായി ഇതു മാറണം. ഗ്രീൻ കേരള എക്സ്പ്രസിന്റെ വെബ് രൂപങ്ങളായ www.greenkeralaexpress.orgഉം greekers.greenkeralaexpress.orgഉം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരസ്പരം ആശയവിനിമയം നടത്തുന്നതിനും തങ്ങളുടെ വികസനപദ്ധതികളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുമുള്ള വേദികളാണ്. വിവരവിസ്ഫോടനത്തിന്റെ പുതിയ കാലത്ത് കേരളത്തിലെ ഗ്രാമങ്ങൾ പുത്തൻ മാധ്യമ ഉപകരണങ്ങൾ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

സാജു. കെ
ഗവേഷണ വിഭാഗം
ഗ്രീൻകേരള എക്സ്പ്രസ്സ്, സി-ഡിറ്റ്

രണ്ടാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട

15 പഞ്ചായത്തുകളിലൂടെ ഒരു യാത്ര

കേരളത്തിന്റെ നാട്ടിടവഴികളിലൂടെയും നഗരതിരക്കുകളിലൂടെയും ഗ്രീൻ കേരള എക്സ്പ്രസ് നടത്തിയ യാത്ര ഒടുവിൽ അവസാനിക്കുകയാണ്. മികച്ച സുസ്ഥിര വികസനപദ്ധതികൾ തേടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള യാത്ര വികസന ആശയവിനിമയ രംഗത്ത് തികച്ചും നൂതനമായ ഒരു മാതൃക തന്നെയാണ് അവതരിപ്പിച്ചത്. നൂറിലധികം ദിനങ്ങളിലായി മലയാളികളുടെ സ്വീകരണ മുറികളിലേക്ക് കടന്നു വന്നത് ഗ്രാമക്കാഴ്ചകളുടെ ഗൃഹാതുര ദൃശ്യങ്ങൾ മാത്രമല്ല ആസൂത്രണത്തിന്റെയും വികസനത്തിന്റെയും മേഖലയിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളാണ്. 140 ഗ്രാമപഞ്ചായത്തുകളും 10 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും പങ്കെടുത്ത ഗ്രീൻകേരള എക്സ്പ്രസിന്റെ ഒന്നാം റൗണ്ടിൽ നിന്ന് 15 പഞ്ചായത്തുകളാണ് രണ്ടാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. അവരുടെ പ്രധാന പദ്ധതികളിലൂടെ ഒരു യാത്ര.

പഞ്ചായത്ത് : കണ്ണാടി | ജില്ല : പാലക്കാട് | മാർക്ക് : 80.73 | ഫോൺ : 04922 272046

ഗ്രീൻ കേരള എക്സ്പ്രസിന്റെ ഒന്നാം ഘട്ടത്തിൽ കണ്ണാടി ഗ്രാമപഞ്ചായത്ത് അവതരിപ്പിച്ച പദ്ധതിയാണ് കണ്ണാടി നേച്ചർ ഫ്രഷ് മിൽക് പദ്ധതി. ശുദ്ധവും രോഗാണു വിമുക്തവുമായ പശുവിൻ പാൽ ശാസ്ത്രീയമായ രീതിയിൽ കറന്നെടുത്ത് വിതരണം ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ. പശുവിനെ തെരഞ്ഞെടുക്കൽ, തൊഴുത്ത് നിർമ്മാണം, പരിപാലനം, കറവ രീതി, വിപണനം എന്നിവയിൽ തികച്ചും ശാസ്ത്രീയമായ രീതികളാണ് പിൻതുടരുന്നത്. കുടുംബശ്രീയുടെ വനിതാ സംരംഭകർ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിപ്രകാരം പഞ്ചായത്തിലെ 55 ഓളം വനിതകൾക്ക് കേരള കാർഷിക സർവകലാശാലയിലേയും മൃഗസംരക്ഷണ വകുപ്പിലേയും വിദഗ്ധർ പരിശീലനം നൽകിയിട്ടുണ്ട്. കുപ്പിയിലടച്ച് സീൽ ചെയ്ത പാൽ വിതരണം ചെയ്യുന്നതിന് ലോൺ മുഖാന്തരം ഇരുചക്രവാഹനങ്ങളും വാങ്ങിച്ചിട്ടുണ്ട്. നേച്ചർഫ്രഷ് മിൽക്ക് പദ്ധതി കൂടാതെ പഞ്ചായത്തും കുടുംബശ്രീയും സംയുക്തമായി പ്രസിദ്ധീകരിക്കുന്ന കണ്ണാടി വാർത്താപത്രികയാണ് മറ്റൊരു ശ്രദ്ധേയ പദ്ധതി.

പഞ്ചായത്ത് : എലപ്പുള്ളി | ജില്ല : പാലക്കാട് | മാർക്ക് : 80.06 | ഫോൺ : 04912 583230

എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ 9 പാൽ സൊസൈറ്റികളിലെ ക്ഷീര കർഷകർ ഉത്പാദിപ്പിച്ചത് 36.5 ലക്ഷം ലിറ്റർ പാലാണ്. 7.5 കോടി രൂപയാണ് ഇതിലൂടെ ഉണ്ടായ വരുമാനം. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ഇത് സാധിച്ചത്. ക്ഷീര ഗ്രാമം പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് പ്രതിദിനം 2200 ലിറ്റർ പാൽ ഉത്പാദിപ്പിച്ചിരുന്നിടത്ത് ഇപ്പോൾ 7800 ലിറ്റർ പാൽ അധികമായി ഉത്പാദിപ്പിക്കാൻ എലപ്പുള്ളിക്ക് സാധിച്ചു. മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസനവകുപ്പ്, കെ.എൽ.ഡി. ബോർഡ്, കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, ക്ഷീര സംഘങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ ഗ്രാമപഞ്ചായത്തുമായി കൈകോർത്താണ് ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നത്.

പഞ്ചായത്ത് : പാലമേൽ | ജില്ല : ആലപ്പുഴ | മാർക്ക് : 78.7 | ഫോൺ : 0479 2386326

സമ്പൂർണ്ണ തരിശു രഹിത ഗ്രാമമാണ് പാലമേൽ ഗ്രാമപഞ്ചായത്ത് മുന്നോട്ട് വച്ച പ്രധാനപദ്ധതി. 500 ഏക്കറോളം വിസ്തൃതിയുള്ള പഞ്ചായത്തിലെ പ്രധാന പാടശേഖരമായ കരിഞ്ഞാലിച്ചാൽ പുഞ്ച പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിലമൊരുക്കികൊടുത്താണ് നെൽകൃഷിയിലേയ്ക്ക് കൊണ്ട് വന്നത്. കൂടാതെ പുതുവെളിച്ചം സമഗ്ര വിദ്യാഭ്യാസ പദ്ധതി, ഒരു വീട്ടിൽ ഇരു വാഴ, ഹരിതമുറ്റം തുടങ്ങിയ കാർഷിക പദ്ധതികൾ, രക്ത സാക്ഷര ഗ്രാമ പദ്ധതി, എല്ലാ തെരുവുവിളക്കുകളും കത്തിക്കാനും ഊർജ്ജനഷ്ടം കുറയ്ക്കാനും ഉദ്ദേശിച്ചുള്ള പാൽവെട്ടം പദ്ധതി, ആത്മഹത്യയ്ക്കെതിരെ ബോധവത്ക്കരണം ലക്ഷ്യമിട്ടുകൊണ്ട് അതിജീവനം എന്ന ഡോക്യുമെന്ററി തുടങ്ങി നിരവധി പദ്ധതികൾ പാലമേൽ പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്.

പഞ്ചായത്ത് : ആര്യനാട് | ജില്ല : തിരുവനന്തപുരം | മാർക്ക് : 77.41 | ഫോൺ : 0472 2852029

വിത്തു മുതൽ വിപണി വരെ എന്ന നൂതനമായ കാർഷിക പദ്ധതിയാണ് ആര്യനാട് ഗ്രാമ പഞ്ചായത്ത് മുന്നോട്ട് വച്ചത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സോഷ്യോ എക്കണോമിക് ഡവലപ്മെന്റ് സെന്റർ തരിശ്ശായി കിടക്കുന്ന കൃഷി ഭൂമികൾ പാട്ടത്തിനെടുത്ത് കർഷകർക്ക് കൊടുക്കുന്നു. കൂടാതെ ഇവിടെ രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിൽ പണിയായുധങ്ങൾ, വിത്ത്, ജൈവവളം എന്നിവ വിതരണം ചെയ്യുന്നുമുണ്ട്. കാർഷികോത്പന്നങ്ങൾ വിപണനം നടത്തുന്നതിനായി ഒരു കാർഷിക വിപണനകേന്ദ്രവും, ഗൃഹശ്രീ എന്ന പേരിൽ 5 നെല്ല് സംസ്ക്കരണ യൂണിറ്റുകളും പഞ്ചായത്തിലുണ്ട്. പങ്കാളിത്ത ബജറ്റിംഗ്, ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് സെന്റർ തുടങ്ങിയവയാണ് ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ മറ്റ് പ്രധാനപദ്ധതികൾ.

പഞ്ചായത്ത് : മീനങ്ങാടി | ജില്ല : വയനാട് | മാർക്ക് : 77.25 | ഫോൺ : 04936 247236

കാർഷിക മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഊന്നൽ കൊടുത്തുകൊണ്ടുള്ള പദ്ധതികളാണ് വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് മുന്നോട്ട് വച്ചത്. ഭക്ഷ്യ സുരക്ഷ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന ഗ്രാമശ്രീ – സമഗ്ര നെൽകൃഷി പദ്ധതിയാണ് മുഖ്യപദ്ധതി. നേരത്തെ വാഴകൃഷി ചെയ്തിരുന്ന 40 ഹെക്ടറോളം സ്ഥലങ്ങൾ നെൽകൃഷിക്ക് ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ഹെക്ടറിൽ 3.5 ടൺ ആയിരുന്ന നെല്ലുത്പാദനം 10.5 ടൺ ആക്കി ഉയർത്താനുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

പഞ്ചായത്ത് : ശൂരനാട് വടക്ക് | ജില്ല : കൊല്ലം | മാർക്ക് : 76.85 | ഫോൺ : 0476 2851341

കൊല്ലം ജില്ലയിലെ പ്രധാന കാർഷികമേഖലയായ ശൂരനാട് നോർത്ത് തരിശു നിലങ്ങളിലെ നെൽകൃഷി വികസനമാണ് മുഖ്യ പദ്ധതിയായി അവതരിപ്പിച്ചത്. മൂന്ന് സീസണുകളിലായി 452 ഹെക്ടർ തരിശു നിലങ്ങളാണ് നെൽകൃഷിക്ക് ഉപയുക്തമാക്കിമാറ്റിയത്. ഹെക്ടറിൽ 5 ടൺ നിരക്കിൽ വിളവ് ലഭിച്ചു. കൂടാതെ പച്ചക്കറി ഗ്രാമം പദ്ധതിയുടെ ഭാഗമായി 10 ഹെക്ടർ സ്ഥലത്ത് ജൈവരീതിയിൽ പച്ചക്കറി കൃഷി നടത്തി 150 ടൺ പച്ചക്കറി ഉത്പാദിപ്പിക്കാനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

പഞ്ചായത്ത് : അകത്തേത്തറ | ജില്ല : പാലക്കാട് | മാർക്ക് : 76 | ഫോൺ : 04912 555171

പ്രകൃതി സംരക്ഷണവും, പരിസ്ഥിതി പുനസ്ഥാപനവും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് അകത്തേത്തറ ഗ്രാമപഞ്ചായത്ത് അവതരിപ്പിച്ചത്. 2006ൽ ആരംഭിച്ച പാതയോരങ്ങളിലെ വൃക്ഷവത്ക്കരണത്തിലൂടെ ഒരു ലക്ഷം തൈകൾ വച്ചുപിടിപ്പിക്കുക മാത്രമല്ല പഞ്ചായത്ത് ചെയ്തത്. ദേശീയ തൊഴിലുറപ്പു പദ്ധതിയേയും കുടുംബശ്രീയേയും ബന്ധിപ്പിച്ച് 90% വൃക്ഷത്തൈകളെയും

പരിപാലിക്കാനും നിലനിർത്താനും ശ്രദ്ധിച്ചു. കൂടാതെ കൽപ്പാത്തി പുഴയോരത്ത് 25 ഏക്കർ സ്ഥലത്ത് മുളംതൈകൾ വച്ചു പിടിപ്പിക്കുകയും ചെയ്തു. സമ്പൂർണ്ണ കുടിവെള്ള പദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണം, സദ്ഭരണം കമ്പ്യൂട്ടറൈസേഷനിലൂടെ, വയോജന സൗഹൃദഗ്രാമം എന്നിങ്ങനെ നിരവധി വേറിട്ട പദ്ധതികളും അകത്തേത്തറ ഗ്രാമപഞ്ചായത്ത് നടപ്പിൽ വരുത്തുന്നുണ്ട്.

പഞ്ചായത്ത് : കഞ്ഞിക്കുഴി | ജില്ല : ആലപ്പുഴ | മാർക്ക് : 75.83 | ഫോൺ : 0478 2862373

ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന ജനകീയ പച്ചക്കറി കൃഷി പദ്ധതിയാണ് സുസ്ഥിര വികസന മാതൃകയായി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് മുന്നോട്ട് വെച്ചത്. ഉത്പാദിപ്പിക്കുന്ന പച്ചക്കറി ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ടി പഞ്ചായത്ത് ഡവലപ്മെന്റ് സൊസൈറ്റി സ്ഥാപിച്ചിട്ടുണ്ട്.

ഇതിലൂടെ വിത്തുകളും മൂല്യവർദ്ധിത ഉത്പന്നങ്ങളും കൂടി വിൽക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പച്ചക്കറിയിൽനിന്നും പഴവർഗ്ഗങ്ങളിൽ നിന്നും സ്കാഷുകളും അച്ചാറുകളും നിർമ്മിക്കുന്നതിന് സ്ത്രീകളുടെ യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്ത് : അടാട്ട് | ജില്ല : തൃശൂർ | മാർക്ക് : 75.62 | ഫോൺ : 0487 2307302

2007ലെ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടിയ അടാട്ട് ഗ്രാമപഞ്ചായത്ത് ജൈവഗ്രാമമെന്ന പദ്ധതിയാണ് അവതരിപ്പിച്ചത്. പഞ്ചായത്തിലെ 375 ഏക്കറോളം വരുന്ന പ്രധാനപാടശേഖരമായ ചാത്തൻ കോൾനിലത്തിൽ പൂർണ്ണമായ ജൈവ രീതിയിലാണ് നെൽകൃഷി നടത്തുന്നത്. കൂടാതെ വിലങ്ങൻകുന്ന് സംര

ക്ഷിക്കുന്നതിനായി രാമച്ചം, നാട്ടുമാവുകൾ എന്നിവ നട്ടുപിടിപ്പിക്കുക, മഴവെള്ള കൊയ്ത്തിനായി മഴപ്പൊലിമ പദ്ധതി, ജൈവ അരിയായ അടാട്ട് റൈസിന്റെ വിപണനം, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിങ്ങനെ നിരവധി പദ്ധതികൾ അടാട്ട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്.

പഞ്ചായത്ത് : മാനന്തവാടി | ജില്ല : വയനാട് | മാർക്ക് : 75.34 | ഫോൺ : 04935 240253

കുടിവെള്ളം,ആരോഗ്യം, കൃഷി മേഖലയ്ക്കാണ് മാനന്തവാടി ഗ്രാമപഞ്ചായത്ത് ഊന്നൽ കൊടുക്കുന്നത്. കാടുകളിലെ ചെറിയ അരുവികളിൽ തടയണകെട്ടി പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതാണ് ഈ ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതി. കൂടാതെ നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കു

യും ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തനം കർഷകരുടെ ഭൂമിയിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2007-08 വർഷക്കാലം ആദ്യത്തെ 6 മാസം കൊണ്ട് 1 കോടി രൂപ ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരം ചെലവാക്കിയ അപൂർവ്വം ഗ്രാമപഞ്ചായത്തുകളിലൊന്നാണ് മാനന്തവാടി.

പഞ്ചായത്ത് : നിലമ്പൂർ | ജില്ല : മലപ്പുറം | മാർക്ക് : 75.24 | ഫോൺ : 04931 220365

സ്ത്രീധനരഹിത ഗ്രാമം എന്ന ഏറെ പുതുമയുള്ള പദ്ധതിയാണ് നിലമ്പൂർ ഗ്രാമപഞ്ചായത്ത് അവതരിപ്പിച്ചത്. പഞ്ചായത്തിൽ വർഷംതോറും നൂറുകണക്കിനാളുകൾ മക്കളെ കെട്ടിച്ചയയ്ക്കാൻ വേണ്ടി ആകെയുള്ള കിടപ്പാടംപോലും വിറ്റും പണയപ്പെടുത്തി നിരാലംബരായിത്തീരുകയും വീടിന് വേണ്ടി പഞ്ചാ

യത്തിന് വീണ്ടും സമീപിക്കുകയും ചെയ്യുന്നു എന്ന കണ്ടെത്തലാണ് ഇത്തരമൊരു പദ്ധതി ആസൂത്രണം ചെയ്യാൻ പഞ്ചായത്തിനെ പ്രേരിപ്പിച്ചത്. നിരവധി ബോധവൽക്കരണ പരിപാടികൾക്കൊപ്പം അഗതികളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളും അവിവാഹിതരായ ആളുകൾക്ക് ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി മുഖാന്തരം തൊഴിൽ പരിശീലനങ്ങളും നൽകിവരുന്നു.

പഞ്ചായത്ത് : ചെറിയനാട് | ജില്ല : ആലപ്പുഴ | മാർക്ക് : 74.69 | ഫോൺ : 0479 2360149

വ്യവഹാരനിയന്ത്രിത സമ്പൂർണ്ണ നിയമസാക്ഷരതാ പഞ്ചായത്ത് - ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ മുഖ്യപദ്ധതിയാണിത്. പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട തർക്കങ്ങളും വ്യവഹാരങ്ങളും പരിഹരിക്കുന്നതിന് പഞ്ചായത്ത് കോടതികൾ

സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ സിവിലും ക്രിമിനലുമായ 400ൽ അധികം കേസുകൾക്ക് തീർപ്പുകല്പിക്കാൻ കഴിഞ്ഞു. കൂടാതെ ഒരു നിയമസഹായ ക്ലീനിക്കും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്ത് : കുന്നത്തുകാൽ | ജില്ല : തിരുവനന്തപുരം | മാർക്ക് : 74.63 | ഫോൺ : 0471 2250235

ലേബർ ബാങ്കിന്റെ പ്രവർത്തനങ്ങളിലൂടെ ജനകീയാസൂത്രണരംഗത്ത് ഏറെ ചർച്ചചെയ്യപ്പെട്ട കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് ആരോഗ്യ-ശുചിത്വരംഗത്ത് നടത്തുന്ന പുതിയൊരു കാൽവെയ്പ്പായ നീലപ്പടയുമായാണ് ഗ്രീൻകേരള എക്സ്പ്ര

സിൽ പങ്കെടുക്കാനെത്തിയത്. നൂറോളംവരുന്ന സ്ത്രീകളുടെ കൂട്ടായ്മയായ നീലപ്പട ശുചീകരണ പ്രവർത്തനങ്ങളോടൊപ്പം രോഗപ്രതിരോധ പ്രവർത്തനങ്ങളും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നുണ്ട്.

പഞ്ചായത്ത് : കൊടിയത്തൂർ | ജില്ല : കോഴിക്കോട് | മാർക്ക് : 74.35 | ഫോൺ : 0495 2209130

പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന തെളിച്ചം സമഗ്രവിദ്യാഭ്യാസ പദ്ധതിയാണ് കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാനപദ്ധതി. ശിശുസൗഹൃദ സ്മാർട്ട് ക്ലാസ്മുറികൾ, ബാലപ്രസിദ്ധീകരണമായ കുരുവികൾ, ഇം

ഗ്ലീഷ് പഠനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ, സായാഹ്ന ക്ലാസ്, അയൽക്കൂട്ട ക്ലാസ്, നൈറ്റ് ക്ലാസ്, മോട്ടിവേഷൻ ക്ലാസ് എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ തെളിച്ചത്തിന്റെ ഭാഗമായി പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്.

പഞ്ചായത്ത് : കൊരട്ടി | ജില്ല : തൃശൂർ | മാർക്ക് : 74.31 | ഫോൺ : 0480 2732054

ഉറവിടത്തിൽനിന്ന് തന്നെ മാലിന്യത്തെ മാറ്റിയെടുക്കുക എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഗാർഹിക മാലിന്യ സംസ്ക്കരണ പദ്ധതിയാണ് കൊരട്ടി ഗ്രാമപഞ്ചായത്ത് മുന്നോട്ട് വെച്ച പ്രധാന പദ്ധതി. വീടുകളിലെ മാലി

ന്യം ബയോഗ്യാസ് പ്ലാന്റുകൾ മണ്ണിര കമ്പോസ്റ്റ് എന്നിവ വഴി സംസ്ക്കരിക്കുകയാണ് പദ്ധതിയിലൂടെ ചെയ്യുന്നത്. പഞ്ചായത്തിലെ 535 വീടുകൾക്ക് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

www.greenkeralaexpress.org

www.greenkeralaexpress.org

കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന സുസ്ഥിര വികസനപ്രവർത്തനങ്ങൾ ഒപ്പിയെടുക്കുന്ന, ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ തന്നെ ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോയായ ഗ്രീൻകേരള എക്സ്പ്രസിന് സൈബർ ലോകത്തിൽ സ്ഥാനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് www.greenkeralaexpress.org എന്ന വെബ് പോർട്ടൽ ഒരുക്കിയിരിക്കുന്നത്. മത്സരത്തിന്റെ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള വെബ് പോർട്ടൽ ദേശീയ അന്തർദേശീയ തലത്തിൽ 'ഗ്രീൻ കേരള എക്സ്പ്രസ്' ചർച്ച ചെയ്യുവാനും ഉപകരിക്കുന്നതാണ്.

വെബ് മാധ്യമത്തിന്റെ അനന്തമായ സാധ്യതകൾ ഉപയോഗിച്ച് ഒരുക്കിയിട്ടുള്ള www.greenkeralaexpress.orgൽ ഈ സംരംഭവുമായി ബന്ധപ്പെട്ട സകല വിവരങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. നൂതനസാങ്കേതിക വിദ്യയും ഗൂഗിൾ സേവനങ്ങളുടെ പരമാവധി ഉപയോഗവും വെബ് പോർട്ടലിനെ മികവുറ്റതാക്കുന്നു. യൂ ടൂബ് ചാനലിലൂടെ ഗ്രീൻ കേരള എക്സ്പ്രസിന്റെ എപ്പിസോഡുകളുടെ പൂർണ്ണ രൂപം, ഫോട്ടോ ഗ്യാലറി, ബ്ലോഗ്, സോഷ്യൽ മീഡിയ നെറ്റ്വർക്കിംഗ് എന്നിവയാണ് പോർട്ടലിന്റെ പ്രധാന പ്രത്യേകതകൾ.

സി-ഡിറ്റ് നിർമ്മിക്കുന്ന ആദ്യ സോഷ്യൽ മീഡിയ നെറ്റ്വർക്കിംഗ് വെബ് പോർട്ടലാണ് www.greenkeralaexpress.org. ഇതിലൂടെ ലോകത്തിന്റെ വിവിധ കോണിലുള്ള വ്യക്തികളെ ഗ്രീൻ കേരള എക്സ്പ്രസിൽ അംഗങ്ങളാക്കാൻ സാധിച്ചിട്ടുണ്ട്. ഫേസ്ബുക്ക്, ഓർക്കൂട്ട്, ഗൂഗിൾ ബസ്, ടിറ്റർ, ബ്ലോഗ് എന്നിവയിലൂടെ ദിനംപ്രതി ഒട്ടേറെ ആളുകൾ വെബ് പോർട്ടൽ സന്ദർശിക്കുന്നുണ്ട്. നിലവിൽ ഇവയിലെല്ലാം കൂടി 1500ലേറെ അംഗങ്ങൾ ഗ്രീൻകേരള എക്സ്പ്രസിനുണ്ട്.

വിദേശ മലയാളികൾക്ക് തങ്ങളുടെ ഗ്രാമങ്ങളിൽ നടക്കുന്ന വികസനപ്രവർത്തനങ്ങൾ വിലയിരുത്താനുള്ള അവസരമാണ് വെബ് പോർട്ടലിലൂടെ സാധ്യമായിരിക്കുന്നത്. ഒട്ടേറെ പ്രതികരണങ്ങൾ വെബ്പോർട്ടലിലൂടെ ലഭിച്ചിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്.

കേരളത്തിലെ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ട് വയ്ക്കുന്ന വ്യത്യസ്തവും മാതൃകാപരവുമായ വികസന മുന്നേറ്റങ്ങൾ എക്കാലവും പരിശോധിക്കുവാനും അവ കാലാകാലം രേഖപ്പെടുത്തി സൂക്ഷിക്കുവാനും വെബ് പോർട്ടലിലൂടെ സാധിക്കും. ഹരിത ചിന്ത മുൻനിർത്തി അന്തർദേശീയ ചർച്ചകളിലും മറ്റും ഇടം നേടാൻ ഗ്രീൻ കേരള എക്സ്പ്രസിന് ശ്രദ്ധ നേടാനായി എന്നതും വെബ് പോർട്ടലിന്റെ നേട്ടമായി എടുത്തു പറയാം.

ഹരിതഭൂമിയായ കേരളത്തിലെ നൂതനമാധ്യമ സംരംഭത്തെ ആഗോളതലത്തിൽ ഉയർത്തിക്കാട്ടാൻ www.greenkeralaexpress.orgലൂടെ കഴിഞ്ഞിട്ടുണ്ട്. വരും കാലങ്ങളിൽ ഇത്തരം സുസ്ഥിര വികസനമാതൃകകൾ കോർത്തിണക്കാൻ സാധിക്കുന്ന ഒരു സൈബർ വേദിയായി ഈ വെബ് പോർട്ടലിനെ ഉപയോഗിക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

അജിത് അരവിന്ദൻ
വെബ് എഡിറ്റർ, സി-ഡിറ്റ്

തദ്ദേശ സ്വയംഭരണ വകുപ്പ്
Kerala Institute of Local Administration, Mulakunnathukavu.
सत्यम् शिवम् सुन्दरम्
www.cdit.org
ശുചിത്വ മിഷൻ, തിരുവനന്തപുരം-14
www.greenkeralaexpress.org

പ്രാദേശിക വികസന രംഗത്ത് മുന്നേറ്റം സൃഷ്ടിച്ച നാലു വർഷങ്ങൾ

പേജ് 10ൽ നിന്നും

എടുക്കുന്ന കാര്യത്തിൽ മുൻപ് ഒരിക്കലും ഇല്ലാത്തത്ര നേട്ടം ഈ ഗവൺമെന്റിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (PMGSY)

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരം ഏറ്റതിനു ശേഷം 2010 മാർച്ച് 31 വരെയുള്ള കാലയളവിൽ 1266.812 കിലോമീറ്റർ ദൈർഘ്യം വരുന്ന 522 റോഡുകളുടെ 525 കോടി അടങ്കലുള്ള വികസന പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചു. അതിനുപുറമേ 622 കിലോമീറ്റർ വരുന്ന 258 റോഡുകളുടെ വികസന പദ്ധതികൾക്കും കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ഹരിയാലി പദ്ധതി

ഹരിയാലി പദ്ധതിയിൽ 26 പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 1.2 ലക്ഷം ഹെക്ടർ പ്രദേശത്തിന്റെ നീർത്തടാധിഷ്ഠിത പരിപാലനത്തിന് 72 കോടിയുടെ അടങ്കൽ വരുന്ന പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. 26 പ്രോജക്റ്റുകൾക്ക് ഒന്നാം ഗഡുവായി 11 കോടി രൂപ നൽകിയിട്ടുണ്ട്. അതിൽ 16 പ്രോജക്റ്റുകൾക്ക് രണ്ടാം ഗഡുവായി 13 കോടി രൂപയും ലഭിച്ചിട്ടുണ്ട്. 6 പ്രോജക്റ്റുകൾ മൂന്നാം ഗഡു ലഭിക്കുന്നതിനുള്ള പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ എല്ലാ പദ്ധതികളും അവസാന ഗഡുവിന് അപേക്ഷിക്കുവാനുള്ള പുരോഗതി കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (SGSY)

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ ഉൾപ്പെടുന്ന സ്വയംസഹായ സംഘങ്ങൾക്കും വ്യക്തികൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നൽകുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2010 ഫെബ്രുവരി വരെ 8437 സ്വയംസഹായ സംഘങ്ങൾക്കും 25206 വ്യക്തിഗത ഗുണഭോക്താക്കൾക്കും സ്വയംതൊഴിൽ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സഹായം നൽകിയിട്ടുണ്ട്.പ്രസ്തുത പ്രവർത്തനത്തിലൂടെ 1,18,129 കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായി കുടുംബശ്രീ

ജനകീയാസൂത്രണത്തിന്റെ ഭാഗമായി 1998ൽ ആണ് കുടുംബശ്രീ രൂപമെടുത്തത്. സ്ത്രീകളുടെ ലഘു സമ്പാദ്യ സംരംഭം എന്ന നിലയിൽ നിന്ന് കേരളത്തിന്റെ ഉൽപാദന മേഖലയിലും സാമൂഹ്യ സേവന മേഖലകളിലും ഗണ്യമായ പങ്കുവഹിക്കുന്ന ഒരു പ്രസ്ഥാനമായി കുടുംബശ്രീ വളർന്നിരിക്കുന്നു. 39 ലക്ഷം അംഗങ്ങൾ. അവരുടെ പിൻബലത്തിൽ കൂടുതൽ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയാണ് കുടുംബശ്രീ സംവിധാനം. സംഘടനാപരമായ അഴിച്ചുപണി നടത്തി എ.ഡി.എസ്,സി.ഡി.എസ് സംവിധാനങ്ങളെ സുഘടിതവും ജനാധിപത്യവുമാക്കി. തദ്ദേശസ്ഥാപനങ്ങളുമായുള്ള ബന്ധം ദൃഢമാക്കി. സി.ഡി.എസ്സുകളുടെ കണക്കു സൂക്ഷിപ്പ് ചിട്ടയാക്കി അക്കൗണ്ടന്റുമാരെ നിയമിച്ചു. സംസ്ഥാനത്ത് തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ പ്രവർത്തകർ വഴിയാണ്. അറുപതിനായിരത്തിലധികം പേർ മേറ്റുകളായി പ്രവർത്തിക്കുന്നു. സി.ഡി.എസ് ചെയർപേഴ്സൺമാരുടെ ഓണറേറിയം വർധിപ്പിച്ചത് അവരെ മുഴുസമയ പ്രവർത്തകരാകാൻ സഹായകരമായിട്ടുണ്ട്. സർക്കാർ ഏർപ്പെടുത്തിയ പലിശ സബ്സിഡിയുടെ സഹായത്തോടെ അയൽക്കൂട്ട സംരംഭങ്ങൾക്ക് 4 ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നു. മാസചന്തകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ, ഉത്സവ ചന്തകൾ എന്നിവ വഴി ഉൽപ്പന്നങ്ങളുടെ വിപണി വിപുലമാക്കി. 2009-10ലെ മാത്രം വിറ്റുവരവ് 15 കോടിയിലേറെയാണ്.

ആശ്രയ പദ്ധതികൾ, ഉൽപാദകർക്കുള്ള ഇൻസന്റീവ്, റിവോൾവിങ്ങ് ഫണ്ട് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി 121 കോടിയാണ് 2009-10 ൽ കുടുംബശ്രീ സംവിധാനം ചെലവിട്ടത്. ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, അവശനിലയിലായ രോഗികൾ എന്നീ വിഭാഗങ്ങൾക്കു വേണ്ടിയുള്ള പരിചരണ സംവിധാനങ്ങൾ പ്രത്യേകമായി ആരംഭിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. 17 ബഡ്സ് സ്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സേവന പ്രദാനം മെച്ചപ്പെടുത്തൽ

ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ ലഘൂകരിച്ചു. രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരിച്ച് ആശുപത്രി കിയോസ്ക്കുകൾ വഴി സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനം ഏർപ്പെടുത്തി. സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്.

- ഗുരുവായൂരിൽ വിവാഹ രജിസ്ട്രേഷന് പ്രത്യേക സംവിധാനം ഏർപ്പെടുത്തി.
- നികുതികളും ഫീസുകളും അടയ്ക്കുന്നതിന്മേലുള്ള പിഴ പകുതിയായി കുറച്ചു.
- വികസന അതോറിറ്റികളിൽ നിന്നെടുത്തിരുന്ന ഭവനവായ്പ എഴുതിതള്ളി. ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തു.
- 30 ച.മീറ്ററിൽ താഴെ വിസ്തൃതിയുള്ള വീടുകളെയും സർക്കാരോ തദ്ദേശഭരണ സ്ഥാപനങ്ങളോ നിർമ്മിച്ചു നൽകുന്ന വീടുകളെയും കെട്ടിട നികുതിയിൽ നിന്നൊഴിവാക്കി.
- 60 ച.മീറ്ററിൽ താഴെ വിസ്തൃതിയുള്ള വീടുകൾക്ക് പെർമിറ്റിന് പ്ലാൻ സമർപ്പിക്കേണ്ടതില്ല.
- പുറമ്പോക്കിലും തീരദേശത്തുമുള്ള വീടുകൾക്ക് താൽക്കാലിക വീട്ടുനമ്പർ അനുവദിച്ചു.
- പഞ്ചായത്ത് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് ഫ്രണ്ട് ഓഫീസുകൾ സ്ഥാപിച്ചു. ഇവവഴി സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുമെന്നുറപ്പാക്കുന്നു.
- സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കിക്കൊണ്ടും കയർ, കൈത്തറി തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സൗകര്യം ഏർപ്പെടുത്തിയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്ക്കരിച്ചു.
- കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കാനുള്ള സംവിധാനം തിരുവനന്തപുരത്ത് ആരംഭിച്ചു.
- വീടുവെയ്ക്കുന്നതിന് സഹായകരമായ രീതിയിൽ നഗരങ്ങളുടെ മാസ്റ്റർപ്ലാനുകളിൽ ഭേദഗതികൾ വരുത്തി.
- പൊതുടാപ്പുകൾ മാത്രമുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്നു.

പരിശീലനകേന്ദ്രം

ജനപ്രതിനിധികൾ, ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ,തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ടവർ തുടങ്ങി പതിനായിരക്കണക്കിനു പേരെ പരിശീലിപ്പിക്കേണ്ട ഉത്തരവാദിത്വമാണ് നിറവേറിയത്. കിലയും, എസ്.ഐ.ആർ.ഡിയും തമ്മിൽ പ്രവർത്തന തലത്തിലുള്ള സംയോജനം പരിശീലന പരിപാടികൾ ചിട്ടപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർവൽക്കരണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കു സൂക്ഷിപ്പും പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിങ്ങും

ചിട്ടയാക്കാൻ ഇൻഫർമേഷൻ കേരള മിഷനു കഴിഞ്ഞിട്ടുണ്ട്. ജനന-മരണ രജിസ്ട്രേഷൻ ആശുപത്രി കിയോസ്ക്കുകൾ വഴി നടത്തി ദിവസങ്ങൾക്കുള്ളിൽ സർട്ടിഫിക്കറ്റ് നൽകുന്നു. പഞ്ചായത്തുകളുടെയും നഗരസഭകളുടെയും സേവന സംവിധാനങ്ങൾക്ക് സഹായകരമാകുന്ന 13 പ്രോഗ്രാമുകൾ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളും നഗരസഭകളും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ട്. ഐ.കെ.എമ്മിന്റെ സേവന, സുലേഖ എന്നീ പ്രോഗ്രാമുകൾക്ക് കേന്ദ്ര സർക്കാരിന്റെ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയും ഐ.കെ.എമ്മിന് പുരസ്ക്കാരങ്ങൾ നൽകിയിട്ടുണ്ട്.

പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും

പട്ടിക വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ നല്ലൊരു പങ്ക് പത്താം പദ്ധതിക്കാലത്ത് വകമാറ്റി ചെലവഴിക്കുകയുണ്ടായി. ആ തുക മുഴുവൻ പരിഹാര വകയിരുത്തൽ നടത്തിക്കൊണ്ടാണ് പതിനൊന്നാം പദ്ധതി ആരംഭിച്ചത്. ഭവന നിർമ്മാണത്തിനാണ് ഈ മേഖലയിൽ പ്രാധാന്യം നൽകിയത്.

അഹാർഡ്സ്
അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതി

സാർവ്വദേശീയ അംഗീകാരം നേടിയ ഈ പദ്ധതി പൂർത്തീകരിക്കപ്പെടുകയാണ്. 12000 ഹെക്ടർ പ്രദേശത്ത് 25 ലക്ഷം തൈകൾ വെച്ചു പിടിപ്പിച്ചു. ഇവയിൽ 18 ലക്ഷം വളർന്നുവരുന്നു. 7000 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ. ഇതിന്റെയൊക്കെ ഫലമായി വറ്റിപ്പോയ നിരവധി നീർച്ചാലുകൾ പുനർജനിച്ചു. സമ്പൂർണ്ണ ഊരുവികസന പരിപാടിയുടെ ഒന്നാം ഘട്ടമായി 24 ഊരുകളിൽ 800 വീടുകൾ പൂർത്തീകരിച്ചു. 115 വീടുകൾ നവീകരിച്ചു. രണ്ടാം ഘട്ടമായി 1319 വീടുകളുടെ നിർമ്മാണം 26 ഊരുകളിൽ പ്രവർത്തനം ആരംഭിച്ചു.

ഭരണനടപടികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള പഞ്ചായത്ത്‌രാജ് നിയമത്തിൽ കാലാകാലങ്ങളിൽ ഭേദഗതികൾ വരുത്തി. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാപഞ്ചായത്തുകളിലെ അംഗസംഖ്യയുടെ 50% സ്ത്രീകൾക്കായി സംവരണം ചെയ്തു കൊണ്ടുള്ള ചരിത്രപരമായ ഭേദഗതിയാണിതിൽ ഏറ്റവും പ്രധാനം. ഇപ്രകാരം തീരുമാനിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള സംവരണ സ്ഥാനങ്ങളുടെയും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നീ സ്ഥാനങ്ങളുടെയും 50% സ്ത്രീകൾക്ക് മാറ്റി വെച്ചിട്ടുണ്ട്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ കുറഞ്ഞ അംഗസംഖ്യ 12ൽ നിന്നും 13 ആയും കൂടിയത് 22ൽ നിന്നും 23 ആയും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം 3ൽ നിന്നും 4 ആക്കി വർധിപ്പിക്കുകയും ചെയ്തു. മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും സ്ഥിരം സമിതികളുടെ എണ്ണം 6ഉം 8ഉം ആയി വർധിപ്പിച്ചിട്ടുണ്ട്.

എല്ലാ മതവിഭാഗത്തിൽപ്പെട്ടവർക്കും വിവാഹങ്ങൾ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള കേരളാ വിവാഹ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പുറപ്പെടുവിച്ചു. 29.02.2008 മുതലുള്ള മതഭേദമന്യേയുള്ള എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിച്ചു.

ചവറുകളോ മാലന്യങ്ങളോ വിസർജ്യവസ്തുക്കളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുക, മലിനജലം പൊതുസ്ഥലത്തേയ്ക്ക് ഒഴുക്കുക തുടങ്ങിയവ ജാമ്യമില്ലാത്ത കുറ്റങ്ങളാക്കി 219(എസ്) വകുപ്പ് ഭേദഗതി ചെയ്തു. ഈ കുറ്റങ്ങൾക്ക് 10,000 രൂപയിൽ കുറയാത്ത പിഴയും 6 മാസത്തിൽ കുറയാത്ത തടവും നൽകാൻ വ്യവസ്ഥയുണ്ട്. 30 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് കുപ്പികൾ, കപ്പുകൾ എന്നിവ നിരോധിച്ചു. പരിസ്ഥിതി ശുചിത്വ ആരോഗ്യ പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരമായി മാലിന്യ സംസ്ക്കരണ സംവിധാനത്തോടുകൂടിയ ആധുനിക അറവുശാലകൾ ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിക്കാൻ ശുചിത്വമിഷൻ നടപടി സ്വീകരിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയവും ക്ഷാമബത്തയും 2007 ഒക്ടോബർ മുതൽ വർധിപ്പിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ തലസ്ഥാനത്തു പ്രവർത്തിക്കുന്ന സംസ്ഥാനതല ഓഫീസുകൾ ഒരു കെട്ടിടസമുച്ചയത്തിൽ പ്രവർത്തിക്കുന്നതിന് സൗകര്യമുണ്ടാക്കുന്നതിനായി 'സ്വരാജ് ഭവൻ' നിർമ്മാണമാരംഭിച്ചു. ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനു മുൻപ് അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. സ്വരാജ് ഭവന് 15 കോടിയോളമാണു ചെലവു പ്രതീക്ഷിക്കുന്നത്. ■

ഗ്രാമ പഞ്ചായത്തുകൾക്കുള്ള നിർമ്മൽ ഗ്രാമ പുരസ്ക്കാരം വിതരണം ചെയ്തു

2009ൽ നിർമ്മൽ ഗ്രാമപുരസ്ക്കാരം ലഭിച്ച പഞ്ചായത്തുകൾക്ക് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അവാർഡ് വിതരണം ചെയ്യുന്നു.

2009ൽ നിർമ്മൽ ഗ്രാമപുരസ്ക്കാരത്തിനർഹരായ 43 ഗ്രാമ പഞ്ചായത്തുകൾക്കുള്ള അവാർഡ് 2010 ജൂൺ 16ന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽവെച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി വിതരണം ചെയ്തു.

2009 ൽ സംസ്ഥാനത്തെ 43 ഗ്രാമ പഞ്ചായത്തുകളും, 15 ബ്ലോക്ക് പഞ്ചായത്തുകളും, 2 ജില്ലാ പഞ്ചായത്തുകളും നിർമ്മൽ ഗ്രാമ പുരസ്ക്കാരത്തിന് അർഹത നേടിയിരുന്നു. അവാർഡിനർഹരായ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഇന്ത്യൻ രാഷ്ട്രപതി പ്രതിഭ പാട്ടീൽ ന്യൂഡൽഹിയിൽ വച്ച് നടന്ന ചടങ്ങിൽ അവാർഡ് നല്കി ആദരിച്ചിരുന്നു.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി മാതൃകാപരമായി നടപ്പാക്കുന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ അംഗീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണ് നിർമ്മൽ ഗ്രാമ പുരസ്ക്കാർ. സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ നടത്തിപ്പ് കാര്യക്ഷമവും മത്സരാധിഷ്ഠിതമാകുന്നതിനും വേണ്ടി ഭാരത സർക്കാർ 2003 മുതൽ ഈ അവാർഡ് നൽകിവരുന്നു. പ്രശംസാപത്രവും ഫലകവും സാമ്പത്തിക പുരസ്ക്കാരവും അവാർഡിൽ ഉൾപ്പെടുന്നു. ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയെയാണ് ഇതിലേയ്ക്കായി തെരഞ്ഞെടുക്കുന്നത്.

2005ൽ കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമ പഞ്ചായത്തിനാണ് നിർമ്മൽ ഗ്രാമ പുരസ്ക്കാരം ആദ്യം ലഭിക്കുന്നത്. ഇതേ തുടർന്ന് 2006ൽ 6 ഗ്രാമപഞ്ചായത്തുകളും, 2007ൽ 219 ഗ്രാമപഞ്ചായത്തുകളും 2008ൽ 600 ഗ്രാമപഞ്ചായത്തുകളും ഈ അവാർഡിന് അർഹരായി. ഇതോടുകൂടി കേരളത്തിലെ 999ൽ 869 ഗ്രാമ പഞ്ചായത്തുകളും 152ൽ 105 ബ്ലോക്ക് പഞ്ചായത്തുകളും 6 ജില്ലാ പഞ്ചായത്തുകളും ഈ പുരസ്ക്കാരത്തിന് അർഹത നേടി. ശേഷിക്കുന്ന 130 ഗ്രാമപഞ്ചായത്തുകൾ കൂടി ഈ അവാർഡ് നേടുമ്പോൾ സംസ്ഥാനം നിർമ്മൽ പദവി കൈവരിക്കും.

ഗ്രാമപഞ്ചായത്തുകളുടെ അവാർഡ് വിതരണ ചടങ്ങിൽ വി. ശിവൻകുട്ടി എം.എൽ.എ അദ്ധ്യക്ഷം വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ എൻ.ജി.പി അവാർഡിനർഹരായ പഞ്ചായത്തുകളുടെ വിവരങ്ങളടങ്ങിയ എൻ.ജി.പി. പുസ്തക പ്രകാശനം നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ.നാരായണൻ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ, ഗ്രാമവികസന ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ മോഹനകുമാർ എന്നിവർ സംസാരിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ആർ. അജയകുമാർ വർമ്മ സ്വാഗതവും ഡയറക്ടർ എ. സ്റ്റാൻലി നന്ദിയും പ്രകാശിപ്പിച്ചു. വിവിധ വിഷയങ്ങളിലായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായി 2 ദിവസത്തെ സെമിനാറും മ്യൂസിയം ആഡിറ്റോറിയത്തിൽ ശുചിത്വ എക്സിബിഷനും സംഘടിപ്പിച്ചു.

അവാർഡ് വിതരണത്തെ തുടർന്ന് നിർമ്മൽ ഗ്രാമ പുരസ്കാരവും ശുചിത്വ സ്ഥിതിയുടെ സുസ്ഥിരതയും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യ പ്രഭാഷണം നടത്തി. ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ കെ. ശിവകുമാർ വിഷയമവതരിപ്പിച്ചു. കേരളം ഗ്രാമീണ മേഖലയിൽ ശുചിത്വ രംഗത്ത് നേടിയ പുരോഗതി സൂചിപ്പിക്കുന്നതോടൊപ്പം തന്നെ നഗരപ്രദേശങ്ങളിൽ ശുചിത്വ ഖരദ്രവമാലിന്യ രംഗത്ത് കേരളം നേരിടുന്ന വെല്ലുവിളികളും ആശങ്കകളും ഓർമ്മിപ്പിക്കുകയും നഗരപ്രദേശങ്ങളുടെ ശുചിത്വ പരിപാലന രംഗത്തെ വിശദമായ പഠനത്തിന്റെ റിപ്പോർട്ട് വിശകലനം ചെയ്യുകയും ചെയ്തു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി എഴുപത്തഞ്ചോളം തദ്ദേശസ്വയംഭരണവകുപ്പ് പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

ജൂൺ 17ന് നടന്ന സെമിനാറിന്റെ ആദ്യ സെഷനിൽ 'ഖരദ്രവമാലിന്യ പരിപാലനം വിലയിരുത്തൽ' എന്നതായിരുന്നു വിഷയം. മുനിസിപ്പൽ ചെയർമെൻസ് ചേമ്പറിന്റെ ചെയർമാൻ സി. ദിവാകരന്റെ അദ്ധ്യക്ഷതയിൽ ആസൂത്രണ ബോർഡംഗം സി.പി. നാരായണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ഖരദ്രവമാലിന്യ പരിപാലനത്തെക്കുറിച്ച് ഡോ. ആർ.വി.ജി. മേനോൻ മുഖ്യ പ്രഭാഷണം നടത്തി. മോഡറേറ്റർ എസ്.ഡി. ജയപ്രസാദ് സെമിനാർ നടപടികൾ നിയന്ത്രിച്ചു. കേരളത്തിലെ ദ്രവമാലിന്യ സ്ഥിതിയെക്കുറിച്ച് സി.ഡബ്ലി യു.ആർ.ഡി.എം നടത്തിയ പഠനം സംബന്ധിച്ച് ഡോ. പി.എസ്. ഹരികുമാർ വിഷയമവതരിപ്പിച്ചു. തുടർന്ന് ദ്രവമാലിന്യ സംസ്ക്കരണത്തിന് ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ എന്ന വിഷയത്തിൽ ജോർജ്കുട്ടി ജോസഫും, റിസോഴ്സ് റിക്കവറി സെന്ററുകളുടെ പ്രസക്തിയെക്കുറിച്ച് ഷിബു.എസ്. നായരും വിഷയം അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വിവിധ തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ പങ്കെടുക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

ഉച്ചതിരിഞ്ഞു നടന്ന മൂന്നാം സെഷന്റെ വിഷയം നവീന അറവുശാലകൾ എന്നതായിരുന്നു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. ആർ.വിജയകുമാർ അദ്ധ്യക്ഷം വഹിച്ച സെമിനാറിൽ ഡയറക്ടർ (SWM) ദിലീപ്കുമാർ, വിഷയമവതരിപ്പിച്ച് സംസാരിച്ചു. കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള സാങ്കേതികമായി നിലവാരം പുലർത്തുന്നതും ചെലവു കുറഞ്ഞതുമായ അറവുശാലകളുടെ നിർമ്മാണ പ്രവർത്തന പ്രക്രിയകളെക്കുറിച്ചും സാമ്പത്തിക വശങ്ങളെപ്പറ്റിയും വിശദമായ അവതരണം നടന്നു. തദ്ദേശസ്വയംഭരണ പ്രതിനിധികൾ ചർച്ചകളിൽ പങ്കെടുത്തു. ■

റിപ്പോർട്ട് തയ്യാറാക്കിയത്- **എ. സ്റ്റാൻലി**
ഡയറക്ടർ (ഓപ്പറേഷൻസ്)
സംസ്ഥാന ശുചിത്വമിഷൻ

ഡോ. പി.പി. ബാലൻ

ഇവിടെ ഭരണം വനിതകൾക്ക് സ്വന്തം

ഹരിയാനയിലെ മേവാട്ട് ജില്ലയിലെ നീംഖേദാ ഗ്രാമപഞ്ചായത്തിലെ മുഴുവൻ അംഗങ്ങളും വനിതകളാണ്

വനിതകൾ മാത്രം ഭരിക്കുന്ന പഞ്ചായത്തോ! അവിശ്വസനീയമായി തോന്നാമെങ്കിലും ഹരിയാന സംസ്ഥാനത്തെ മേവാട്ട് ജില്ലയിലെ നീംഖേദാ ഗ്രാമപഞ്ചായത്ത് ഇന്ന് വനിതകളുടെ നിയന്ത്രണത്തിലാണ്. ഇത് അവിചാരിതമായി സംഭവിച്ചതൊന്നുമല്ല. ഒരുപറ്റം ഗ്രാമീണരുടെ കൂട്ടായ തീരുമാനത്തിന്റെ ഭാഗമായി വന്നതാണിങ്ങനെ. 2005 ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അദ്ധ്യക്ഷസ്ഥാനം വനിതാസംവരണമായിരുന്നു. വനിതാ അദ്ധ്യക്ഷയുടെ കാര്യശേഷി എല്ലാ അംഗങ്ങളും വനിതകളായാൽ മെച്ചമാകുമെന്നവർ കണ്ടു. പിന്നെ താമസമുണ്ടായില്ല. ഗ്രാമസഭായോഗങ്ങളിൽ വച്ച് അനുയോജ്യരായ വാർഡ് അംഗങ്ങളെ അവർ കണ്ടെത്തുകയായിരുന്നു. അവിടെ കൊടിയുടെ നിറമോ, ജാതിമത പരിഗണനകളോ ഒന്നുമുണ്ടായില്ല. അങ്ങനെ ഇലക്ഷൻ (election) സെലക്ഷനു (selection) വഴിമാറി. പ്രചരണമോ കോലാഹലമോ പണച്ചെലവോ ഒന്നുമുണ്ടായില്ല. ഒരു നിശ്ശബ്ദവിപ്ലവം. അങ്ങനെ പത്ത് വനിതകൾ ജനപ്രതിനിധികളായി മാറി. അവർ യോഗം ചേർന്ന് അദ്ധ്യക്ഷയെയും ഉപാദ്ധ്യക്ഷയെയും തെരഞ്ഞെടുത്തു. ഇപ്പോൾ അഞ്ചുവർഷക്കാലാവധി അവർ പൂർത്തിയാക്കുകയാണ്. തിരിഞ്ഞുനോക്കുമ്പോൾ എല്ലാ അംഗങ്ങളും സംതൃപ്തരാണ്. പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഏറെ കാര്യങ്ങൾ ചെയ്തു. അവർ അഭിമാനിക്കുന്നു.

ആരവല്ലീ പർവ്വതനിരകളാൽ ചുറ്റപ്പെട്ട ഗ്രാമമാണ് നീംഖേദാ.ഡോളി എന്ന മറ്റൊരു ഗ്രാമവും കൂടിച്ചേർന്നാണ് ഗ്രാമപഞ്ചായത്ത്. തീർത്തും അവികസിതമേഖല. ജനസംഖ്യയാണെങ്കിൽ 5000 ൽ താഴെ മാത്രം. ഗോതമ്പും ബജ്റയും കടുകും പ്രധാനമായി കൃഷിചെയ്യുന്നു. ഗ്രാമീണർ ഏറെയും നിരക്ഷരർ. രണ്ടു പ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളുമുണ്ടെങ്കിലും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സാധാരണമാണ്. ഇവിടെ ഇല്ലായ്മയുടെ പട്ടിക നിരവധിയാണ്. കുടിവെള്ള പ്രശ്നമാണ് മുഖ്യ ഇനം. അവർക്ക് ആശ്രയം പൈപ്പു വെള്ളം മാത്രമാണ്. കിണറുകളിലെ വെള്ളം പല കാരണങ്ങളാൽ മലീമസമാണ്. അതുകൊണ്ടു തന്നെ ഗ്രാമസഭകളിലെ മുഖ്യ ചർച്ചാവിഷയവും ഇതുതന്നെ. വികസനത്തിനു തടസ്സം നിൽക്കുന്നത് നിരക്ഷരതയാണെന്നവർ കണ്ടു. എല്ലാ വനിതാ അംഗങ്ങളും തെരഞ്ഞെടുക്കപ്പെടുമ്പോൾ നിരക്ഷരരായിരുന്നു. എന്നാൽ അവർ ഇപ്പോൾ സാക്ഷരരാണ്. എഴുതാനും വായിക്കാനും പ്രസംഗിക്കാനും പഠിച്ച് അവർ മാതൃക കാട്ടി. ആദ്യത്തെ കർമ്മമേഖലയായി അവർ തെരഞ്ഞെടുത്തതും സാക്ഷരതാപ്രവർത്തനമാണ്. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാൻ അവർക്ക് ഏറെ പരിശ്രമിക്കേണ്ടി വന്നു. ഇതിന്നായി സ്കൂൾ അധികൃതരും നാട്ടുകാരും അവർക്ക് ആവോളം പിന്തുണ നൽകി. കൊഴിഞ്ഞുപോക്ക് 70% ൽ നിന്നും 30% മായി കുറയ്ക്കാൻ കഴിഞ്ഞത് ഭരണസമിതിയുടെ നേട്ടമായി അവർ കാണുന്നു.

പാടത്ത് പണിയെടുക്കുന്നവരെല്ലാം സ്ത്രീകളാണ്. പുരുഷന്മാർ അലസജീവിതം നയിക്കുന്നു. കുറച്ചുപേർ നഗരങ്ങളിൽ ചേക്കേറി. മറ്റൊരു വിഭാഗം മദ്യത്തിനും മയക്കുമരുന്നിനും അടിമകളാണ്. എന്തെങ്കിലും തൊഴിൽ ചെയ്യുന്നത് ഒരു ന്യൂനപക്ഷംമാത്രം. ഗ്രാമീണ ജനതയിൽ 70% ശതമാനത്തിലേറെയും വനിതകളാണ്. അതുകൊണ്ടുതന്നെ വനിതാപഞ്ചായത്തെന്ന പേര് അമ്പർത്ഥവും. ഗ്രാമത്തിൽ ആശുപത്രിയില്ല. എന്തിനേറെ ഒരു സബ്സെന്റർ പോലുമില്ല. അതുകൊണ്ട് ചികിത്സ ചെലവേറിയതും. അതിനായി അടുത്ത നഗരത്തെ ആശ്രയിക്കേണ്ടുന്ന അവസ്ഥയിലുമാണ്. ഇവരുടെ ഇടയിൽ പ്രസവമരണവും ശിശുമരണവും സാധാരണം. പെൺകുഞ്ഞാണ് പിറക്കുന്നതെങ്കിൽ അടുത്ത ദിവസം മുതൽ ജോലിക്കുപോകണമെന്നതാണ് അലിഖിത നിയമം. ആൺകുട്ടിയാണെങ്കിൽ ഒരാഴ്ച കൂടി സാവകാശം കിട്ടും. ഇത്തരം അനീതിക്കെതിരെ അവർ കൂട്ടായി ശബ്ദിക്കുന്നു. അതിന്റെ പ്രതിഫലനം സമൂഹത്തിൽ കാണാം.

അസുബി ബീഗമാണ് ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷ. ഒരു വനിത ആയതുകൊണ്ട് ദുപ്പട്ടയുടെ മറവില്ലാതെ ഗ്രാമത്തിലെ സ്ത്രീകൾ അവരുടെ കാര്യങ്ങൾ പറയുന്നു. അവിടെ നിലനിൽക്കുന്ന ഏറ്റവും വലിയ പ്രശ്നം സ്ത്രീധനപീഢനമാണ്. സമൂഹത്തിന്റെ തീരാശാപമായി മാറിയിരിക്കുന്ന ഇത്തരം പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്നതും പരിഹാരം കണ്ടെത്താൻ കഴിയുന്നതും മഹാഭാഗ്യമായി അവർ കരുതുന്നു. മിക്സഡ് സ്കൂളുകളിൽ പെൺകുട്ടികൾക്ക് പഠിക്കാനുള്ള പ്രയാസം കണ്ടെത്തി അവർക്കു മാത്രമായി ഒരു സ്കൂൾ പഞ്ചായത്തിൽ ആരംഭിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി അവർ കരുതുന്നു.

പഞ്ചായത്തിന് തനതു വരുമാനം കുറവാണ്. 28 ഏക്കർ പുറമ്പോക്കു ഭൂമി പാട്ടത്തിനു കൊടുക്കുമ്പോൾ കിട്ടുന്നതാണ് ഏക വരുമാനം. ഇത് അഞ്ചു ലക്ഷം രൂപയോളം വരും. ഭൂമിലേലം ചെയ്യുന്ന അവസരങ്ങളിൽ അഴിമതി നടക്കാറുണ്ട്. എന്നാൽ ഇപ്പോൾ അഴിമതി ഇല്ല. എല്ലാം സുതാര്യമായാണ് നടക്കാറ്. സംസ്ഥാനം കനിഞ്ഞു തരുന്ന ഗ്രാന്റും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. എം.എൽ.എ മാരും എം.പിമാരും അവരുടെ വികസന ഫണ്ടിൽ നിന്നൊരു ഭാഗം പഞ്ചായത്തിനായി മാറ്റി നൽകുന്നുണ്ട്. ഇതും പഞ്ചായത്തിന് യഥേഷ്ടം ഉപയോഗിക്കാൻ കഴിയുന്നുണ്ട്. പഞ്ചായത്തിന്റെ ഇടപെടൽ കൊണ്ടാണ് ഇതു നേടിയെടുക്കാൻ കഴിഞ്ഞത്. ഗ്രാമീണ റോഡുകളുടെ വികസനത്തിന് ഏറെ കാര്യങ്ങൾ ചെയ്തതായി ഭരണസമിതി അവകാശപ്പെടുന്നു. ഇതിൽ 100% നേട്ടമുണ്ടാക്കാൻ കഴിഞ്ഞത് വനിതാ അംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ്. എന്നാൽ പ്രശ്നങ്ങൾ ഇനിയുമുണ്ട്. വൈദ്യുതിയാണ് മുൻപന്തിയിൽ. ദിവസേനയുള്ള 6 മണിക്കൂർ പവർകട്ട് ഒരു ശാപമാണെന്നവർ കരുതുന്നു. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലെങ്കിലും ഇതു മാറ്റികിട്ടാനുള്ള ശ്രമം നടന്നുവരികയാണ്. ഭവന നിർമ്മാണരംഗത്ത് ഏറെ കാര്യങ്ങൾ ചെയ്തെങ്കിലും ഇപ്പോഴും 30% പേർ ഭവനരഹിതരായി പഞ്ചായത്തിലുണ്ട്. ഒരു സമ്പൂർണ്ണ ഭവന നിർമ്മാണപദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളത് ഈ ഒരു സാഹചര്യത്തിലാണ്. ഇന്ദിരാ ആവാസ്യോജന (IAY) യുമായി സംയോജിപ്പിച്ചുള്ള പരിപാടിയാണിത്.

പ്രാദേശിക സാമ്പത്തിക വികസനത്തിനുതകുന്ന ഒട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതിനെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് പഞ്ചായത്തിനുണ്ട്. സ്വയംസഹായ സംഘങ്ങളുടെ പരിപോഷണമാണ് ഇവിടെ മുഖ്യലക്ഷ്യം. ഇതിനകം തന്നെ അൻപതോളം സ്വയംസഹായ സംഘങ്ങളുടെ നെറ്റ്വർക്കിങ്ങ് (Networking) ഫിറോസ്പൂർജിർക്കാ ബ്ലോക്ക് കേന്ദ്രീകരിച്ച് ആരംഭിച്ചുകഴിഞ്ഞു. വൊക്കേഷണൽ ട്രെയിനിങ്ങ് പരിപാടികൾ പഞ്ചായത്തിൽ ആരംഭിച്ചത് ഭരണസമിതിയുടെ പ്രത്യേക താല്പര്യപ്രകാരമാണ്. ടെയിലറിങ്ങും എംബ്രോയിഡറിയും ഇതിൽപെടുന്നു. കൃഷിയും കന്നുകാലി വളർത്തലും പഞ്ചായത്ത് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലകളാണ്. ഒരു ഘട്ടത്തിൽ വ്യാപകമായ കൃഷിനാശം ഉണ്ടായപ്പോൾ വിദഗ്ദ്ധരുടെ സഹായത്തോടെ പ്രാദേശികമായി കീടനാശിനി വികസിപ്പിച്ചെടുക്കുകയുണ്ടായി. ഇതുപയോഗിച്ച് ഇതിനു കാരണമായ കീടങ്ങളെ പൂർണമായി ഉന്മൂലനം ചെയ്ത കാര്യം നാട്ടുകാർ നന്ദിയോടെ സ്മരിക്കുന്നുണ്ട്.

അകലങ്ങളിൽ നിന്ന് തലച്ചുമടുകളുമായി വിറകും വൈക്കോലും കുടിവെള്ളവുമേന്തിവരുന്ന വനിതകളുടെ പ്രശ്നപരിഹാരമാണിവരുടെ മുഖ്യ അജണ്ട. നേരത്തെ നടപ്പിലാക്കിയ ശുചിത്വ പരിപാടികളൊക്കെ പരാജയമടഞ്ഞതിന്റെ മുഖ്യകാരണം വേണ്ടത്ര അവബോധമില്ലായ്മയാണെന്ന തിരിച്ചറിവിൽ നിന്നാണ് വിപുലമായ ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചത്. പഞ്ചായത്ത് നിർമ്മാൺ പുരസ്ക്കാരത്തിന് അർഹത നേടിയതും ഈ പ്രവർത്തനത്തിന്റെ പരിണിത ഫലമായാണ്. പഞ്ചായത്തിന്റെ ഏതൊരു വികസന പ്രവർത്തനത്തിലും ഉദ്യോഗസ്ഥരുടെ സഹായം അനിവാര്യമാണെന്ന് മനസ്സിലാക്കിയതോടെ അതിനുള്ള ശ്രമം ആരംഭിച്ചു. ജില്ലാകളക്ടർ സി.ആർ. റാണ പഞ്ചായത്തിനെ സഹായിക്കാൻ വന്നെത്തി. അദ്ദേഹം അവിടെ നിത്യസന്ദർശകനായി മാറിയപ്പോൾ മറ്റുദ്യോഗസ്ഥർക്കും ഒഴിഞ്ഞുമാറാൻ കഴിഞ്ഞില്ല. കുടിവെള്ള പ്രശ്നപരിഹാരത്തിനായി വലിയ ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചുകഴിഞ്ഞു.

എന്നാൽ പഞ്ചായത്തിന് പ്രവർത്തിക്കാൻ പരിമിതികളുണ്ട്. ഇത് അധികാരവികേന്ദ്രീകരണത്തിൽ പൊതുവെ ഹരിയാന സംസ്ഥാനം കാണിക്കുന്ന താല്പര്യക്കുറവാണ്. ഉദ്യോഗസ്ഥ കേന്ദ്രീകൃതമാണവിടുത്തെ വികസനപ്രവർത്തനങ്ങളേറെയും. വികസന ഏജൻസികളെന്നതിനപ്പുറം പഞ്ചായത്തുകൾക്കു വളരാൻ കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. ഓരോ അഞ്ചുവർഷം കഴിയുന്തോറും കൃത്യമായി ഇലക്ഷൻ നടക്കുന്നു എന്നതല്ലാതെ കൂടുതൽ ഫണ്ടോ ഉദ്യോഗസ്ഥരെയോ പഞ്ചായത്തുകൾക്കു നൽകിയിട്ടില്ല. കേരളംപോലുള്ള സംസ്ഥാനങ്ങളെ മാതൃകയായി സ്വീകരിച്ച് ധനകാര്യകമ്മീഷനുകൾ വിപുലമായ റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ സമർപ്പിക്കുന്നുണ്ട്. എന്നാൽ അവ വെളിച്ചം കാണാറില്ല എന്നത് വസ്തുതയാണ്. നിയമനിർമ്മാതാക്കളായ പാർലമെന്റംഗങ്ങളും നിയമസഭാസാമാജികരും കൂടുതൽ തുക അവരുടെ പ്രാദേശിക വികസന ഫണ്ടിലേയ്ക്കാവശ്യപ്പെടുമ്പോൾ പഞ്ചായത്തുകൾ നോക്കുകുത്തികളാകുന്നു. നേരത്തെ വനിതകൾക്കു നൽകിയ 33% സംവരണം 50% മാക്കി ഉയർത്തുന്നതിൽ കാണിക്കുന്ന ശുഷ്ക്കാന്തി കൂടുതൽ അധികാരമോ പണമോ നൽകേണ്ട കാര്യത്തിൽ കാണിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നു.

വനിതാ അംഗങ്ങളുടെ കാര്യക്ഷമതയിൽ നീംഖേദ ഇന്ന് മാതൃകയാണ്. ബാഹ്യ ഇടപെടലില്ലാതെ സ്വന്തമായി തീരുമാനമെടുക്കാനുള്ള ചങ്കൂറ്റം ഇവർ കാണിക്കുന്നു. പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും സുതാര്യതയും ഇവർ ഉറപ്പുവരുത്തുന്നു. വനിതാസംവരണമെന്ന് കേൾക്കുമ്പോൾ നെറ്റി ചുളിക്കുന്നവരുമുണ്ട് സമൂഹത്തിൽ. അൻപതു ശതമാനമാക്കി ഉയർത്തുമ്പോഴും മനസ്സില്ലാമനസ്സോടെയാണവർ അതിനെ കാണുന്നത്. നീംഖേദ ഇതിന്നൊരപവാദമാണ്. അവർ നൂറുശതമാനവും വനിതകൾക്കായി സ്വമനസ്സാലെ മാറ്റിവെച്ചു. ഇവിടെ അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമാഗതമായി. എന്നാൽ നിലവിലുള്ള അംഗങ്ങളാരും മത്സരിക്കുന്നില്ല. അവർ പുതുമുഖങ്ങൾക്ക് വഴിമാറി കൊടുക്കാൻ തയ്യാറായി നിൽക്കുന്നു. അവർ തീരുമാനം എടുത്തുകഴിഞ്ഞു. എന്നാൽ അവിടുത്തെ സമൂഹം ചിന്തിക്കുന്നത് മറ്റൊന്നാണ്. അടുത്ത പഞ്ചായത്ത് ഭരണം പട്ടികജാതി വനിതാ അംഗങ്ങൾക്ക് മാത്രമായി മാറ്റിവെയ്ക്കുന്നതിനെക്കുറിച്ചാണത്. ■

ലേഖകൻ ചണ്ഡീഗഡിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡവലപ്മെന്റിൽ ഡയറക്ടറാണ്

വി.ടി. വേലായുധൻ

വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട്....... വാണിയംകുളം

അമ്പതോ നൂറോ വീടുകൾക്കുള്ള ചെറിയ പദ്ധതികൾ നടപ്പിലാക്കി കുടിവെള്ള ക്ഷാമം വലിയൊരളവ് പരിഹരിച്ച പാലക്കാട് ജില്ലയിലെ വാണിയംകുളം പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മാതൃകയാവുകയാണ്.

കടുത്ത കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ് പാലക്കാട് ജില്ലയിലെ വാണിയംകുളം. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള ഒരു വലിയ ഇടപെടലിന്റെ ഭാഗമായിട്ടാണ് 1995 – ൽ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപം നൽകിയത്. ഏതാണ്ട് 3 കോടിയോളം രൂപ ചെലവിൽ പദ്ധതി തയ്യാറാക്കിയത് ഒ. കുമാരൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്താണ്. നീണ്ട കാത്തിരിപ്പിനൊടുവിൽ 2006 ലാണ് പദ്ധതി കമ്മീഷൻ ചെയ്യപ്പെട്ടത്. പദ്ധതി കമ്മീഷൻ ചെയ്യുന്ന ഘട്ടം എത്തിയപ്പോഴാണ് ഈ പൈപ്പിൽ കൂടി ജനങ്ങൾക്ക് വെള്ളമെത്തിക്കാൻ കഴിയില്ല എന്ന വസ്തുത പഞ്ചായത്തിന് ബോധ്യപ്പെട്ടത്.

പദ്ധതിക്ക് രൂപം നൽകുമ്പോൾ ഷൊർണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടി ജല വിതരണത്തിന് ഷൊർണൂർ ഭാരതപ്പുഴയിലെ ഒരു കിണറാണ് ജല സ്രോതസ്സിനായി കണ്ടെത്തിയത്. ഉദ്യോഗസ്ഥരുടെ ദീർഘവീക്ഷണമില്ലാത്ത സമീപനത്തിന്റെ ഉദാഹരണമായിരുന്നു ഇത്. വേനൽ കാലങ്ങളിൽ ഷൊർണൂർ മുൻസിപ്പാലിറ്റിയുടെ ഉയർന്ന ഭാഗങ്ങളിൽപ്പോലും കുടിവെള്ളം എത്തിക്കാൻ കഴിയാതിരുന്ന സ്ഥാനത്ത് എങ്ങനെയാണ് വാണിയംകുളത്ത് കുടിവെള്ളം എത്തിക്കാൻ കഴിയുക. കൂനിന്മേൽ കുരു എന്നപോലെ ഭാരതപ്പുഴയിലെ അനിയന്ത്രിതമായ മണലെടുപ്പും സ്ഥിതിഗതികൾ കൂടുതൽ വഷളാക്കി. പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും കുടിവെള്ളം എത്തിക്കാൻ കഴിയും എന്ന പ്രതീക്ഷ അസ്ഥാനത്തായി. കുടിവെള്ളം ലഭിച്ചില്ലെങ്കിലും പഞ്ചായത്തിലെ ഏതാണ്ട് എല്ലാ ഭാഗങ്ങളിലേയ്ക്കും പൈപ്പ് ലൈൻ സ്ഥാപിക്കാനായത് മാത്രമായിരുന്നു നേട്ടം.



ഈ സാഹചര്യത്തിലാണ് 2005ൽ പഞ്ചായത്ത് ഭരണസമിതി, കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടത്തേണ്ട പ്രവർത്തനങ്ങൾ ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കിയത്. 2010ഓടെ എല്ലാ പ്രദേശത്തേയ്ക്കും കുടിവെള്ളം എത്തിക്കുന്നതിനുള്ള കർമ്മപരിപാടി തയ്യാറാക്കി. ചെറിയ ചെറിയ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തുകയും പൊതുകിണറുകളോ കുഴൽ കിണറുകളോ സ്ഥാപിച്ച് മോട്ടോറും വൈദ്യുതിയും ലഭ്യമാക്കി. 50 വീടിന് വെള്ളം കിട്ടുന്നതാണെങ്കിൽ ആ രീതിയിലും 100–200 കുടുംബങ്ങൾക്ക് വെള്ളം കിട്ടുമെങ്കിൽ അങ്ങിനെയും മിനി കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകി. വെള്ളം ലഭിക്കാത്ത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് വെള്ളം എത്തിക്കുന്നതിനും സൗകര്യമുണ്ടാക്കി. പഞ്ചായത്ത് ഭരണസമിതിയുടെ ഇച്ഛാശക്തിയോടുകൂടിയുള്ള ഇടപെടലിന്റെ ഭാഗമായി 30 മിനി കുടിവെള്ള പദ്ധതികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 2666 കുടുംബങ്ങൾ ഇതിന്റെ ഗുണഭോക്താക്കളായി. 3,24,69,000 രൂപ ഇതിനായി ചെലവഴിച്ചു. 2009–10 സാമ്പത്തിക വർഷത്തിൽ 35,30,000 ചെലവഴിച്ചു കൊണ്ടുള്ള 14 കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. 2010–11 സാമ്പത്തിക വർഷത്തിൽ 43,45,000 രൂപ 24 മിനി കുടിവെള്ള പദ്ധതികൾക്കായി നീക്കിവെച്ചിട്ടുണ്ട്.

2005–2010ൽ പൂർത്തീകരിച്ച പദ്ധതികൾ

പദ്ധതികൾ	30
പഞ്ചായത്ത് വിഹിതം	1,38,47,000
ബ്ലോക്ക് വിഹിതം	6,00,000
ജില്ലാപഞ്ചായത്ത്	25,25,000
എം. പി. ഫണ്ട്	13,50,000
സംസ്ഥാനാവിഷ്കൃത ഫണ്ട്	3,00,000
ആകെ	**3,24,69,000**

ഗുണഭോക്തൃ കുടുംബങ്ങൾ	2666
പൊതുടാപ്പുകൾ	234
ഹൗസ് കണക്ഷൻ	761
കമ്മിറ്റി വർക്കുകൾ	16
ടെൻഡർ വർക്കുകൾ	13

രീതിശാസ്ത്രം

അമ്പതോ നൂറോ വീടുകൾക്കുള്ള ചെറിയ ചെറിയ പദ്ധതികൾ തയ്യാറാക്കുകയായിരുന്നു രീതി ശാസ്ത്രം. കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിലേയ്ക്ക് ഉയർന്ന പരിഗണന നൽകി. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, തനതു ഫണ്ട്, ബ്ലോക്ക്പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം, എം. എൽ. എ. ഫണ്ട്., എം. പി. ഫണ്ട്, പശ്ചിമഘട്ട വികസന ഫണ്ട്, എസ്. സി. ഫണ്ട് എന്നിവ ഇതിനായി പ്രയോജനപ്പെടുത്തി. പരമാവധി പ്രവർത്തനങ്ങൾ ജനകീയ സമിതികൾ ഏറ്റെടുത്തു. ബാക്കി ടെൻണ്ടറുകൾ നൽകിയാണ് പൂർത്തീകരിച്ചത്. പദ്ധതികൾ കമ്മീഷൻ ചെയ്തതിനുശേഷം ഗുണഭോക്തൃസമിതികൾക്കു തന്നെ ഇതിന്റെ മേൽനോട്ട ചുമതലകൾ കൈമാറുകയും ചെയ്തു. കൂടുതൽ വെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ ഹൗസ് കണക്ഷനുകൾ നൽകി വരുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 9 പദ്ധതികളിൽ ഹൗസ് കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനം പൂർത്തീകരിച്ചു കഴിഞ്ഞു.

സംഘടനാ സംവിധാനങ്ങൾ

ഏതാണ്ട് 75 ശതമാനം പദ്ധതികളും ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിലായിരുന്നു പൂർത്തിയാക്കിയത്. പഞ്ചായത്തുതല മോണിറ്ററിങ്ങ് സമിതിയും പഞ്ചാത്തിലെ എഞ്ചിനീയറിങ്ങ് വിങ്ങും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ടെണ്ടർ വർക്കുകൾക്ക് മേൽപറഞ്ഞതിന് പുറമെ പ്രാദേശികമായ മോണിറ്ററിങ്ങ് കമ്മിറ്റികൾ കൂടി ഉണ്ടായിരുന്നു. ഗുണഭോക്തൃസമിതികൾ പൂർത്തിയാക്കിയ പദ്ധതികൾക്ക് എസ്റ്റിമേറ്റിൽ പറഞ്ഞതിനേക്കാൾ കൂടുതൽ പൈപ്പ് ലൈനുകളും ടാപ്പുകളും സ്ഥാപിക്കുന്നതിന് കഴിഞ്ഞു.

നേട്ടങ്ങൾ

കുടിവെള്ള ക്ഷാമം നേരിടുന്ന കൂടുതൽ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാനായി. ഏതാണ്ട് 90 ശതമാനം പട്ടികജാതി കോളനികളിലും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് സാധിച്ചു.

പരിമിതികൾ

ഇത്തരം കുടിവെള്ള പദ്ധതികൾ ഗുണഭോക്താക്കളാണ് കൈകാര്യം ചെയ്യുന്നത്. വൈദ്യുതി ബിൽ, പമ്പ് ഓപ്പറേറ്റർ ചാർജ്ജ്, ചെറിയ മെയിന്റനൻസുകൾ എന്നിവ ഗുണഭോക്തൃസമിതികൾ ചെയ്യുന്നു. മോട്ടോർ റിപ്പയർ പോലുള്ള ഭീമമായ ചെലവുവരുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഭൂമിക്കടിയിലുള്ള ജല നിരപ്പ് താണുകൊണ്ടിരിക്കുന്നത് കുഴൽ കിണർ ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾക്ക് ഭാവിയിൽ പ്രതിസന്ധി സൃഷ്ടിച്ചേയ്ക്കാം.

തുടർപ്രവർത്തനങ്ങൾ

സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഹൗസ് കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരേണ്ടിയിരിക്കുന്നു. കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസുകൾക്ക് ആവശ്യമായ ഫണ്ടുകൾ ഓരോ വർഷവും മാറ്റിവെയ്ക്കേണ്ടതുണ്ട്.

അനുഭവ പാഠങ്ങൾ

എല്ലാം സാധ്യമാണ്. എല്ലാ വെല്ലുവിളികളേയും അതിജീവിച്ചുകൊണ്ട് ഭരണസമിതിയുടെ ഇച്ഛാശക്തിയും ജനങ്ങളുടെ കൂട്ടായ്മയും കോർത്തിണക്കികൊണ്ടാണ് പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞത്. 2009–10, 2010–11 പദ്ധതികൾ കൂടി പൂർത്തീകരിക്കുന്നതോടെ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ഏതാണ്ട് പരിഹാരമാകും. ■

ലേഖകൻ വാണിയംകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റാണ്.

അജിത് വെണ്ണിയൂർ

കെട്ടിട നിർമ്മാണ അനുമതിക്ക് ഇ-ഫയലിംഗ് സംവിധാനം

സമ്പൂർണ കമ്പ്യൂട്ടർവൽകൃത സംവിധാനം വഴി തിരുവനന്തപുരം നഗരസഭയിൽ ഇനി ഏതു ദിവസവും ഏതു സമയത്തും അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ, വിശേഷിച്ചും നഗരസഭകളിൽ, ഏറ്റവുമധികം പരാതിക്കും അഴിമതി ആരോപണങ്ങൾക്കും ഇടനൽകുന്ന ഒന്നാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിലെ നടപടിക്രമങ്ങൾ.

അപേക്ഷകളുടെ ബാഹുല്യം, നിയമങ്ങളിലെ പഴുതുകൾ, പ്ലാൻ പരിശോധിക്കുന്നതിലും അനുമതി നൽകുന്നതിലുമുള്ള കാലതാമസം, നടപടിയിലെ ക്രമക്കേടുകൾ ഇടനിലക്കാരുടെ ഇടപെടലുകൾ എന്നിങ്ങനെ പല കാരണങ്ങളാൽ അതിസങ്കീർണമാണ് കെട്ടിട നിർമ്മാണ അനുമതി രംഗത്തെ പ്രശ്നങ്ങൾ.

കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ നഗരഭരണ നവീകരണ പരിപാടികളുടെ ഭാഗമായി കേരളത്തിലെ നഗരസഭകളിൽ നടപ്പാക്കുന്ന പരിഷ്ക്കാരങ്ങളിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ആവിഷ്കരിച്ച ഇ-ഫയലിംഗ് സംവിധാനം ഒരു പൈലറ്റ് പദ്ധതി എന്ന നിലയിൽ തിരുവനന്തപുരം നഗരസഭയിൽ നിലവിൽ വന്നതോടെ സുതാര്യവും കാര്യക്ഷമവുമായ നടപടിക്രമങ്ങൾക്ക് വഴിയൊരുങ്ങുകയാണ്.

പൂനെ മുനിസിപ്പൽ കോർപ്പറേഷനിലാണ് ആദ്യമായി ഈ സംവിധാനം പരീക്ഷിച്ചത് - 2005 നവംബറിൽ. അടുത്ത വർഷം ലണ്ടനിലെ വേൾഡ് ലീഡർഷിപ്പ് അവാർഡിന് അത് നഗരസഭയെ പ്രാപ്തമാക്കി. ക്രമേണ അഹമദാബാദ്, ഔറംഗാബാദ്, ചെന്നൈ, ഗ്രേറ്റർ മുംബൈ, ഹുബ്ലി ധർവാർ, കോലാപൂർ, മിരാ ഭയന്ദർ, താനെ എന്നീ നഗരങ്ങളും ഇത് സ്വീകരിച്ചു. ഇതിനകം രാജ്യത്തെ അമ്പതിൽപ്പരം നഗരസഭകളിൽ വിജയകരമായി നടപ്പാക്കിയ ആധുനിക സാങ്കേതിക വിദ്യയും സോഫ്റ്റ്‌വെയറുമാണ് കേരളത്തിൽ ഇതിനായി പ്രയോജനപ്പെടുത്തുന്നത്.

ഇ-ഫയലിംഗ് സംവിധാനം

ബിൽഡിംഗ് പ്ലാൻ അപ്രൂവൽ മാനേജ്മെന്റ് സിസ്റ്റം (ബി.പി.എ.എം.എസ്) വഴിയാണ് കെട്ടിടങ്ങളുടെ പ്ലാൻ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നത്. ഇന്റർനെറ്റ് വഴിയോ സി.ഡി.യിലോ ആർക്കിടെക്റ്റ് സമർപ്പിക്കുന്ന ഡ്രോയിംഗ് നിയമാനുസൃതം അംഗീകാരം നൽകാവുന്നതാണോ എന്ന് വിലയിരുത്തുന്നത് ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ രൂപം നൽകിയ ചിത്രങ്ങൾ (CAD) തിരിച്ചറിഞ്ഞ് സൂക്ഷ്മ പരിശോധന നടത്താൻ ശേഷിയുള്ള ഡിസൈൻ കൺട്രോൾ റെഗുലേഷൻ (ഓട്ടോ ഡി.സി.ആർ) സംവിധാനം ആണ് ഇതിനുപയോഗിക്കുന്നത്. സിസ്റ്റത്തിന്റെ ഭാഗമായി രേഖപ്പെടുത്തിയിട്ടുള്ള കൃത്യമായ ചട്ടങ്ങൾ അഥവാ മാസ്റ്റർപ്ലാൻ പ്രകാരമാണോ രൂപകൽപനയെന്ന് വിലയിരുത്തി ഏതാനും മിനിറ്റുകൾക്കകം റിപ്പോർട്ട് നൽകാൻ ഈ സോഫ്റ്റ്‌വെയറിന് കഴിയും. രേഖകളുടെ ഇലക്ട്രോണിക് രൂപങ്ങൾ വഴി നഗരസഭയിൽ ഇ-ഗവേണൻസ് സംവിധാനം സാധ്യമാക്കാനും നടപടിക്രമങ്ങൾ പൂർണമായും വ്യവസ്ഥാപിതമാക്കാനും ഇത് സഹായിക്കുന്നു.

ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റ (GIS)ത്തിന്റെ വിഷ്വൽ തിങ്കിംഗ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ സവിശേഷതകൾ പ്രയോജനപ്പെടുത്തിയാണ് ബി.പി.എ.എം.എസ്, ഓട്ടോ-ഡി.സി.ആർ സംവിധാനത്തെ ആശയ വിനി

കെട്ടിട നിർമ്മാണ അപേക്ഷകളുടെ പരിശോധന: നടപടിക്രമങ്ങളുടെ താരതമ്യം

വ്യവസ്ഥാപിത മാർഗം	*ഓൺലൈൻ സബ്മിഷൻ*
പ്രത്യേക ദിവസങ്ങളിൽ മാത്രം അപേക്ഷ സ്വീകരിക്കുന്നു	എപ്പോൾ വേണമെങ്കിലും എവിടെ നിന്നും അപേക്ഷ അയയ്ക്കാം
പലതലങ്ങളിലായി പല പ്രാവശ്യം അപേക്ഷകൻ കയറി ഇറങ്ങേണ്ടി വരുന്നു	ഒന്നോ രണ്ടോ തവണ മാത്രം അപേക്ഷകൻ നഗരസഭയിൽ എത്തിയാൽ മതി
പല ഔദ്യോഗിക തലങ്ങളിൽ നിന്നും പല തരത്തിലുള്ള പോരായ്മകൾ ചൂണ്ടികാണിക്കപ്പെടുന്നു	എല്ലാ പോരായ്മകളും ഒറ്റത്തവണയായി ഒരുമിച്ച് കാണിക്കുന്നു
ബിൽഡിംഗ് പ്ലാനിൽ വരുന്ന മാറ്റങ്ങൾ വരുത്താൻ വളരെയധികം സമയം ചെലവഴിക്കേണ്ടി വരുന്നു	വളരെ പ്രയാസരഹിതമായി മാറ്റങ്ങൾ വരുത്താൻ സഹായിക്കുന്നു.
അപേക്ഷകന്റെ മുൻഗണനാക്രമം പലപ്പോഴും പാലിക്കപ്പെടുന്നില്ല	പൂർണ്ണമായും സുതാര്യമാണ്. മുൻഗണനാക്രമം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു
ഫയൽ കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുന്നു.	ഫയൽ നിഷ്പ്രയാസം കണ്ടെത്താനാവുന്നു
പ്ലാൻ പരിശോധിക്കാൻ ഏറെ സമയം എടുക്കുന്നു.	ഏതാനും മിനിട്ടുകൾക്കുള്ളിൽ പരിശോധന കഴിയുന്നു
കെ.എം.ബി.ആറിലെ എല്ലാ ചട്ടങ്ങളുമായും ഒത്തുനോക്കുന്നില്ല	കെ.എം.ബി.ആറിലെ 156 ചട്ടങ്ങളുമായും ഒത്തുനോക്കുന്നു
ഫയൽ കാണാതാകുന്നതും വഴിതെറ്റുന്നതും സാധാരണയാണ്	എല്ലാ ഫയലുകളും സുരക്ഷാ സംവിധാനമുള്ള കമ്പ്യൂട്ടറുകളിൽ സൂക്ഷിക്കുന്നു
അഴിമതി, സ്വജനപക്ഷപാതം, കൈക്കൂലി ഇവയ്ക്കുള്ള സാധ്യത വളരെ കൂടുതൽ	സുതാര്യമായ ഫയൽ പ്രോസസ്സിംഗും ആർക്കും പരിശോധിക്കാനുള്ള സൗകര്യവും ഈ സാധ്യത ഇല്ലാതാക്കുന്നു
സുതാര്യത കുറവായതിനാൽ ചട്ടങ്ങൾ, മാസ്റ്റർ പ്ലാൻ, സ്കീമുകൾ തുടങ്ങിയവയുടെ വ്യക്തിഗത അവലോകനങ്ങൾക്ക് സാധ്യത കൂടുതലാണ്	പൂർണമായും കമ്പ്യൂട്ടർവൽകൃതമായതിനാലും പ്രസിദ്ധീകരിക്കുന്നതിനാലും വ്യക്തിഗത തീരുമാനങ്ങളും അവലോകനങ്ങളും വളച്ചൊടിക്കലും നടക്കില്ല
എഞ്ചിനീയറിംഗ് സ്റ്റാഫുകളുടെ ജോലി ഭാരം വളരെ കൂടുതൽ	താരതമ്യേന വളരെക്കുറവ്
അപേക്ഷകൾ സൂക്ഷിക്കാനും തിരിച്ചെടുക്കാനുമുള്ള സൗകര്യക്കുറവ്	അപേക്ഷകൾ വെബ് അടിസ്ഥാനമാക്കിയുള്ള കമ്പ്യൂട്ടറുകളിലായതിനാൽ തിരിച്ചെടുക്കാൻ വളരെ സൗകര്യമാണ്
അപേക്ഷകൾ തീർപ്പാക്കുന്നതിൽ സമാനത ഉണ്ടാകില്ല.	എല്ലാ അപേക്ഷകളും ഒരേ പോലെ തന്നെ കാണുന്നു
അപേക്ഷകന് സ്വന്തം അപേക്ഷയുടെ അവസ്ഥ അറിയാൻ പറ്റുന്നില്ല. തന്മൂലം ഇടനിലക്കാരുടെ സേവനം തേടേണ്ടി വരുന്നു	എല്ലാ ഫയലുകളുടേയും വിവരം പ്രസിദ്ധീകരിക്കുന്നു. ഇടനിലക്കാരുടെ ആവശ്യമില്ല
ഉദ്യോഗസ്ഥരുടെ മനോധർമ്മം അനുസരിച്ച് ഡ്രോയിംഗുകളുടെ അവലോകനവും തീരുമാനവും എടുക്കുന്നു. പ്രത്യേകിച്ചും വലിയ നിർമിതികളിൽ (Flat)	പൂർണമായും കമ്പ്യൂട്ടർവൽകൃതമായതിനാൽ മനുഷ്യന്റെ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമില്ല
ഉന്നത ഉദ്യോഗസ്ഥരുടെ ധാരാളം സമയം പരാതി പരിഹാരത്തിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി വരുന്നു	പരാതികൾ പൊതുവെ കുറവാണ്
സംശയനിവാരണത്തിനും ഫയലിന്റെ അവസ്ഥ മനസ്സിലാക്കാനും ഒരോ ഉദ്യോഗസ്ഥരെ സമീപിക്കേണ്ടി വരുന്നു.	കെട്ടിട നിർമാണം സംബന്ധിച്ച ഏതു സംശയനിവാരണത്തിനും പ്രത്യേക കൗണ്ടറിനെ സമീപിക്കാം.

മയം, സ്ട്രാറ്റജിക് പ്ലാനിംഗ്, ഓപ്പറേഷണൽ പ്ലാനിംഗ് ആൻഡ് മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാല്യുവേഷൻ എന്നിവയ്ക്ക് സജ്ജമാക്കിയിരിക്കുന്നത്.

റിപ്പോർട്ടും രസീതും ഓൺലൈനായി

ഉപയോക്താക്കൾക്ക് അനായാസം കൈകാര്യം ചെയ്യാവുന്ന സാങ്കേതിക വിദ്യയാണ് ഇതിന്റെ മറ്റൊരു പ്രധാന സവിശേഷത. ഓട്ടോ-ഡി.സി.ആർ. ഉപയോഗിക്കുമ്പോൾ കമ്പ്യൂട്ടറിന്റെ വേഗത കുറയുന്നില്ല. ഡ്രോയിംഗ് അടക്കമുള്ള രേഖകൾ സേവ് ചെയ്യാൻ കഷ്ടിച്ച് മൂന്നു മുതൽ അഞ്ചുവരെ മിനിറ്റുകൾ മതിയാകും. സേവ് ചെയ്താലുടൻ തന്നെ റിപ്പോർട്ട് സഹിതം രേഖകളുടെ സ്ഥിതി ഓൺലൈനായി അറിയിക്കുന്നതിന് ബി.പി.എ.എം.എസ്സിന് കൈമാറുന്നു.

ഓട്ടോ ഡി.സി.ആർ ഉപയോഗിച്ചുള്ള കെട്ടിട അനുമതി പ്രക്രിയ കൃത്യമായ പടവുകളിലൂടെയാണ് പൂർത്തിയാവുക. ഫയൽ നീക്കത്തിന്റെ ഓരോ ഘട്ടവും വകുപ്പ് ഉദ്യോഗസ്ഥർ, ആർക്കിടെക്ടുകൾ, അപേക്ഷകർ, പൗരന്മാർ എന്നിവർക്കൊക്കെ എപ്പോഴും എവിടെയിരുന്നും അപ്പപ്പോൾ മനസ്സിലാക്കാം. അനുമതി നൽകുമ്പോഴും നിരസിക്കുമ്പോഴും അതിന്റെ ചട്ടപ്രകാരമുള്ള കാരണങ്ങൾ വിശദീകരിക്കുന്നു. പ്രക്രിയയുടെ ഓരോ ഘട്ടത്തിനും സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. അപേക്ഷാ പരിശോധന വൈകുന്നുവെങ്കിൽ എന്തുകൊണ്ട്, അതിന് ഉത്തരവാദി ആര്, കാരണങ്ങൾ എന്തെല്ലാം എന്നിങ്ങനെയുള്ള കാര്യങ്ങൾ കമ്പ്യൂട്ടറിൽ തെളിയും.

സമ്പൂർണ കമ്പ്യൂട്ടർവൽകൃത സംവിധാനം വഴി തിരുവനന്തപുരം നഗരസഭയിൽ ഇനി ഏതു ദിവസവും ഏതു സമയത്തും അപേക്ഷകൾ ഓൺ ലൈനായി സമർപ്പിക്കാം. നഗരസഭയുടെ വെബ്സൈറ്റിലെ (www.corporationoftrivandrum.in) ബിൽഡിംഗ് പ്ലാൻ സബ്മിഷൻ വിഭാഗത്തിൽ പ്രവേശിച്ച് അതിലെ നിർദ്ദേശപ്രകാരമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് രസീതിന്റെ പ്രിന്റ് എടുക്കാവുന്നതാണ്.

നടപടിക്രമം ഇങ്ങനെ

ഓൺലൈനായി സമർപ്പിക്കാൻ സൗകര്യമില്ലാത്തവർക്ക് എല്ലാ ബുധനാഴ്ചയും നഗരസഭയിലെത്തി രേഖകൾ കോംപാക്ട് ഡിസ്ക്കിലാക്കി (സി.ഡി) അപേക്ഷ ഫയൽ ചെയ്യാം. അപേക്ഷയുടെ XML ഫയലും Pre DCR format ൽ ഉള്ള ബിൽഡിംഗ് പ്ലാനിന്റെ ഓട്ടോ കാഡ് (AutoCAD) ഡ്രായിംഗും ചേർത്ത്

സി.ഡി.യിലാക്കിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നഗരസഭ പുറപ്പെടുവിച്ച മാർഗ്ഗനിർദേശപ്രകാരം തുടർന്നുള്ള നടപടിക്രമം ഇങ്ങനെയാണ്:

- ഓൺലൈനിൽ ലഭിക്കുന്ന അപേക്ഷകൾ നഗരസഭയിൽ ടൗൺ പ്ലാനിംഗ് ഓഫീസർ/പ്രോജക്ട് എഞ്ചിനീയറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള അഞ്ചംഗ ഡി.സി.ആർ. സെല്ലിൽ സൂക്ഷ്മ പരിശോധന നടത്തി വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു.
- ഓൺലൈൻ അപേക്ഷ സ്വീകരിച്ചുവെങ്കിൽ അപേക്ഷകർക്ക് ഡോക്കുമെന്റും ഒപ്പിട്ട പ്ലാനിന്റെ പകർപ്പും ഓൺലൈൻ വഴി അയച്ച രസീതിന്റെ പകർപ്പും സൂക്ഷ്മ പരിശോധന നടത്തി പ്ലാൻ സ്വീകരിച്ചതായുള്ള ഓൺലൈൻ റിപ്പോർട്ടിന്റെ പകർപ്പും ചേർത്ത് ഡി.സി.ആർ.സെല്ലിൽ സമർപ്പിക്കുന്നു.
- പ്രിന്റൗട്ടും ഡോക്കുമെന്റും അതാത് ഓവർസീയർമാർക്ക് രജിസ്റ്ററിൽ ചേർത്ത് സ്ഥല പരിശോധനയ്ക്കായി നൽകുന്നു.
- ഓവർസീയർ സ്ഥല പരിശോധനാ റിപ്പോർട്ടും ഡോക്കുമെന്റ് പരിശോധിച്ച റിപ്പോർട്ടും അപേക്ഷയുടെ മുൻഗണനാക്രമത്തിൽ എത്രയും പെട്ടെന്ന് ഡി.സി.ആർ. സെല്ലിൽ സമർപ്പിക്കുന്നു.
- പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന തീയതിയും സമയവും ഡി.സി.ആർ സെല്ലിലെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നു.
- അപേക്ഷയോടൊപ്പമുള്ള മറ്റ് രേഖകളുടെ പരിശോധന(ഉടമസ്ഥാവകാശം, മാസ്റ്റർപ്ലാൻ/ഡി.റ്റി.പി. സ്കീം/റോഡ് വൈഡനിംഗ് മുതലായവ)യും ഡി.സി.ആർ. സെല്ലിൽ നടത്തുന്നു.

ഡോക്കുമെന്റിൽ അപാകതയുള്ളപക്ഷം അത് ഓൺലൈനിൽ തന്നെ അപേക്ഷകർക്ക് അറിയാവുന്നതും ന്യൂനതകൾ പരിഹരിച്ച് പുന:സമർപ്പിക്കാവുന്നതുമാണ്.

ഒരു കാരണവശാലും മുൻഗണനാക്രമം തെറ്റിച്ച് പെർമിറ്റ് നൽകാൻ പാടില്ലെന്നും ഓരോ മാസവും നൽകുന്ന ബിൽഡിംഗ് പെർമിറ്റിന്റെ വിവരങ്ങൾ പബ്ലിക് ഡിസ്ക്ലോഷർ ആക്ടിൽ നിഷ്കർഷിക്കുന്ന പ്രൊഫോർമയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും മാർഗരേഖ നിഷ്ക്കർഷിക്കുന്നു.

സോഫ്റ്റ്വെയർ സൗജന്യം

കേരളത്തിലെ എഞ്ചിനീയർമാരും ഡിസൈനർമാരും സാധാരണയായി ഉപയോഗിക്കുന്ന ഡിസൈൻ സോഫ്റ്റ്വെയർ ഓട്ടോകാഡ് ആണ്. സാധാരണ ഓട്ടോകാഡ്/ഡിസൈൻ സോഫ്റ്റ്വെയറിൽ വരയ്ക്കുന്ന ഒരു ബിൽഡിംഗ് പ്ലാനിനെ വിശകലനം ചെയ്യാൻ കമ്പ്യൂട്ടറിന് കഴിയില്ല. കാർപ്പറ്റ് ഏരിയ, ഫ്ളോർ ഏരിയ, പ്ലിന്ത് ഏരിയ, ബെഡ്റൂം, കിച്ചൻ, പാർക്കിംഗ് മുതലായവ വേർതിരിച്ചറിയാൻ കമ്പ്യൂട്ടർ സിസ്റ്റത്തിന് സാദ്ധ്യമല്ല. അതിനാൽ ഓട്ടോകാഡ് സോഫ്റ്റ്വെയറിൽ ഇവ വരയ്ക്കുമ്പോൾ ഇത് ഓരോന്നും ഓരോ ലെയറിൽ വരയ്ക്കേണ്ടതായുണ്ട്. ഇത്തരം ലെയറുകളുടെ ഒരു സമാഹാരം ഒരു പ്രോഗ്രാം രൂപത്തിലാക്കി ഓട്ടോകാഡ് ഫുൾ വെർഷനിൽ ലോഡ് ചെയ്യത്തക്കവിധത്തിലാണ് പ്രീ ഡി.സി.ആർ. എന്ന ടൂൾ തയ്യാറാക്കിയിരിക്കുന്നത്.

പ്രീ ഡി.സി.ആർ. നഗരസഭയുടെ വെബ്സൈറ്റിൽ നിന്നും (www.corporationoftrivandrum.in) സൗജന്യമായി ഡൗൺ ലോഡ് ചെയ്യാനുള്ള സൗകര്യം നിലവിലുണ്ട്. കാലാകാലങ്ങളിൽ ബിൽഡിംഗ് റൂളുകളിൽ മാറ്റം വരുമ്പോൾ ഇവ പരിഷ്ക്കരിക്കും. ഓരോ ഡിസൈനറും വെബ്സൈറ്റിൽ നിന്നും അത് ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഇതിനായി നഗരസഭ ഫീസ് ഈടാക്കുന്നില്ല. പ്രീ ഡി.സി. ആർ. സിസ്റ്റത്തിൽ ഇതുവരെ മുന്നൂറോളം അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. അവയുടെ വിവിധ സ്റ്റേജുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽ തള്ളിപ്പോയ അപേക്ഷകൾ വേറെയുമുണ്ട്. പൊതുജനങ്ങൾക്ക് പരമാവധി സൗകര്യപ്രദമായ രീതിയിൽ ഈ സോഫ്റ്റ്വെയർ ഉപയുക്തമാക്കാനാണ് നഗരസഭ തീരുമാനിച്ചിരിക്കുന്നത്.■

ലേഖകൻ കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽ ഐ.ഇ.സി. എക്സ്പർട്ടാണ്

പ്രതികരണങ്ങൾ ചുരുക്കത്തിൽ

പ്രാദേശിക പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിനുള്ള സൂചകങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞതിൽ അംഗങ്ങൾ പഞ്ചായത്ത്രാജ് മന്ത്രാലയത്തെ അഭിനന്ദിച്ചു. പഞ്ചായത്ത്രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ ബി.ആർ.ജി.എഫിനുള്ള പങ്കും വലുതാണെന്ന് അംഗങ്ങൾ ചൂണ്ടിക്കാട്ടി.

പ്രാദേശിക പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിനുള്ള ഭൂമിശാസ്ത്രപരമായ അതിരുകൾ

പിന്നോക്കാവസ്ഥ സംബന്ധിച്ച അതിരുനിർണ്ണയം സംബന്ധിച്ച് അംഗങ്ങൾ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിൽ ബ്ലോക്കായിരിക്കും നല്ല യൂണിറ്റെന്ന അഭിപ്രായം ഉയർന്നു. അതുപോലെതന്നെ പല കമ്മറ്റികളും പ്ലാനിംഗ് കമ്മീഷനും താഴെത്തട്ടിൽ ആസൂത്രണത്തിന് യോജിച്ച ഘടകം ബ്ലോക്കായിരിക്കുമെന്ന് കണ്ടെത്തി. ബി. ആർ.ജി.എഫ് ഗ്രാന്റ് ലഭ്യമല്ലാത്ത ജില്ലകളിൽ പിന്നോക്ക ബ്ലോക്കുകളുടെ പുനർനിർണ്ണയം ആവശ്യമാണെന്ന അഭിപ്രായം ഉയർന്നുവന്നു. പക്ഷേ ഈ പരിപാടി ജില്ലാ ആസൂത്രണത്തെ ബാധിക്കുന്ന തരത്തിലാകരുത്. ബി. ആർ.ജി. എഫ് ലഭ്യമല്ലാത്ത ജില്ലകളിലെ ബ്ലോക്കുകളെ ബി. ആർ.ജി.എഫ് ജില്ലകളിലെ ബ്ലോക്കുകളുമായി താരതമ്യം ചെയ്യുന്നത് നന്നായിരിക്കും. അതുപോലെ തന്നെ ബി. ആർ.ജി.എഫ് ഗ്രാന്റ് അനുവദിക്കുന്നത് ഏറ്റവും പിന്നോക്ക ബ്ലോക്കുകൾ കണ്ടെത്തി ആയിരിക്കണം. ഒരു ജില്ലയ്ക്കായി ഗ്രാന്റ് അനുവദിക്കുന്നതിലും ഉചിതം ഇതായിരിക്കണം.

ഗ്രാമപഞ്ചായത്തായിരിക്കും പിന്നോക്കാവസ്ഥ നിശ്ചയിക്കുന്നതിലുള്ള അടിസ്ഥാന ഘടകമെന്ന് ഒരു വ്യത്യസ്ത അഭിപ്രായം ഉയർന്നു വരികയുണ്ടായി. മാനവ വിഭവശേഷി റിപ്പോർട്ട് തയ്യാറാക്കുകയാണെങ്കിൽ ഇത് സാദ്ധ്യമാവുന്നതാണ്. ഇതിനാവശ്യമായ വിവരങ്ങളും രീതിശാസ്ത്രവും ലഭ്യമാണുതാനും. എന്നാൽ ഇത് താഴെത്തട്ടിൽ നിന്നായിരിക്കണം തുടങ്ങേണ്ടത്.

പിന്നോക്കാവസ്ഥയും സൂചകങ്ങളും

പ്രാദേശിക പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിന് ധാരാളം സൂചകങ്ങൾ നിർദ്ദേശിക്കപ്പെടുന്നു. യു.എൻ. ഡി.പി മനുഷ്യവിഭവ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന സൂചകങ്ങൾ ഇവിടെ ഉപയോഗിക്കാവുന്നതാണ്, കൂടാതെ ഭവനരഹിതരുടെ എണ്ണം, ചെറുകിടകർഷകരുടെ എണ്ണം, കുടിയേറ്റക്കാരുടെ എണ്ണം, അംഗവൈകല്യം ഉള്ളവരുടെ എണ്ണം, പഠനം പൂർത്തിയാകാത്ത വിദ്യാർത്ഥികളുടെ എണ്ണം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, മാതൃശിശുമരണനിരക്ക്, സ്ത്രീ സാക്ഷരത, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, പോഷകാഹാരത്തിന്റെ കുറവ് തുടങ്ങിയവയും പരിഗണിക്കപ്പെടണം. കൂടാതെ 'പ്രിൻസിപ്പൽ കംപോണന്റ് അനാലിസിസ്', 'കോംബോസിറ്റ് ഇൻഡെക്സ്' തുടങ്ങിയ രീതികളും ഉപയോഗിക്കാവുന്നതാണ്.

യു.എൻ.ഡി.പിയുടെ 'മില്ലേനിയം ഡവലപ്പ്മെന്റ് ഗോൾസിൽ' പറഞ്ഞിരിക്കുന്ന എട്ട് ഘടകങ്ങളും ഗ്രാമപഞ്ചായത്തുകളുടെ പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിന് ഉപയോഗിക്കാവൂന്നതാണ്. ഇതിനായി ഒരു നിശ്ചിത അതിർവരമ്പ് നിർണ്ണയിക്കുകയും അതിന് താഴെവരുന്ന പഞ്ചായത്തുകളെ പിന്നോക്ക പഞ്ചായത്തുകളായി നിർണ്ണയിക്കാവുന്നതുമാണ്. ബി.ആർ.ജി.എഫ് ഗ്രാന്റ് ഈ പഞ്ചായത്തുകൾക്ക് ലഭ്യമാക്കാവുന്നതുമാണ്.

പഞ്ചായത്ത് രാജ്

അധികാര വികേന്ദ്രീകരണ ചർച്ചാവേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : **പ്രാദേശിക പിന്നോക്കാവസ്ഥ സംബന്ധിച്ച വിലയിരുത്തൽ**

- പ്രാദേശിക പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിനുള്ള ഭൂമിശാസ്ത്രപരമായ അതിരുകൾ
- എന്തായിരിക്കണം? പിന്നോക്കാവസ്ഥ നിർണ്ണയത്തിനുള്ള സൂചനകൾ ?
- ബി.ആർ.ജി.എഫ് ധനസഹായം ലഭ്യമല്ലാത്ത ജില്ലകളിലെ പിന്നോക്ക ബ്ലോക്കുകളുടെ സ്ഥിതി.
- ബി.ആർ.ജി.എഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എങ്ങനെ നിശ്ചയിക്കും.
- വിവരശേഖരണത്തിനുള്ള സമയപരിധിയും ചുമതലയും.

വിവരശേഖരണം

എല്ലാ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്കും വേണ്ടി മൂല്യനിർണ്ണയത്തിനും (Evaluation) ദിശാനിർണ്ണയത്തിനും (Monitoring) ഒരു യൂണിറ്റ് ജില്ലാതലത്തിൽ ആവശ്യമാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഈ യൂണിറ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കീഴിലായിരിക്കണം. വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ചുമതല ജില്ലാ കളക്ടർക്കായിരിക്കണം. ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിന് വേണ്ടി നിശ്ചിത ശതമാനം പരിശോധനയ്ക്ക് വിധേയമാക്കണം. ഇത്തരത്തിലുള്ള വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ബ്ലോക്കുതലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ഉള്ള ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കണം. വിവരങ്ങൾ ക്രോഡീകരിക്കേണ്ട ഉത്തരവാദിത്വം ജില്ലാതലത്തിലുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥനായിരിക്കണം. വിവരശേഖരണത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

സംസ്ഥാന സർക്കാരുകൾ അവരുടെ അധീനതയിലുള്ള കഴിവുറ്റ ഉദ്യോഗസ്ഥരെ തന്നെ പിന്നോക്ക ജില്ലകളിൽ നിയമിക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. എങ്കിൽ മാത്രമേ ഈ ജില്ലകളുടെ വികസനം അർത്ഥവത്തായി നടപ്പാക്കുവാൻ സാധിക്കൂ. അതുപോലെ തന്നെ സന്നദ്ധ സംഘടനകളുമായിട്ടുള്ള സഹകരണവും അത്യന്താപേക്ഷിതമാണെന്ന് അംഗങ്ങൾ ചൂണ്ടിക്കാട്ടി.■

ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ
ഡീസെന്റ്രലൈസേഷൻ കമ്മ്യൂണിറ്റി
സൊലൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്.

മലയാളത്തിലേയ്ക്ക് പരിവർത്തനം നടത്തിയത്: സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.

ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

വായിക്കുക
വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 9

റോയ് ചാക്കോ ഇളമണ്ണൂർ

കേരളത്തിലെ മഴക്കാലമായ ജൂൺ മധ്യ, വടക്കൻ സംസ്ഥാനങ്ങളുടെ അതികഠിനമായ ചൂടുകാലമാണ്. വടക്കൻ സംസ്ഥാനങ്ങൾ മാത്രമല്ല ആന്ധ്രാപ്രദേശും ഒറീസയും പടിഞ്ഞാറ് കിടക്കുന്ന ഗുജറാത്തും ഒക്കെ ചുട്ടുപഴുത്ത് കിടക്കും. ജൂണിൽ ഈ സമയം പല സംസ്ഥാനങ്ങളിലും സൂര്യാഘാതമേറ്റ് നിത്യേന നിരവധിപേർ മരിക്കുന്നുണ്ട് എന്ന കാര്യം പത്രങ്ങളിൽ നിന്നും ടിവി ചാനലുകളിൽ നിന്നുമൊക്കെ നാമറിയുന്നുമുണ്ടല്ലോ. രാജസ്ഥാനിലും ഉത്തർപ്രദേശിലും ഹരിയാനയിലും ഛത്തീസ്ഗഢിലും ബീഹാറിലുമെല്ലാം ചൂടുകാലത്ത് പകൽ താപനില 48 ഡിഗ്രിയാണെന്നോർക്കുക. രാവിലെ 10 മണിക്കു തുടങ്ങുന്ന 'തീ' (ഈ സമയമാകുമ്പോഴേയ്ക്കും വെയിൽ തീ പോലെയാകുന്നു) വൈകിട്ട് വരെ തുടരുന്നു. തുടർന്ന് ചൂട് ശരാശരി 35 ഡിഗ്രി രാത്രിയിലും നിലനിൽക്കുന്നു. അല്പമൊരാശ്വാസം ലഭിക്കുന്നത് അതിരാവിലെ 4 മണിമുതൽ രണ്ടോ മൂന്നോ മണിക്കൂർ നേരം മാത്രം. വീണ്ടും 'തീ' കത്തുവാൻ തുടങ്ങും.

ചൂടുകാലമാകുമ്പോൾ ഡൽഹിയിൽ യഥേഷ്ടം പഴങ്ങൾ ലഭിക്കും എന്നത് ആശ്വാസമാണ്. പലതരം മാമ്പഴം, തണ്ണിമത്തൻ ഇവയാണ് എല്ലായിടവും ഏറെ കാണപ്പെടുക. ഹിന്ദിക്കാർ 'കീര' എന്നു പറയുന്ന വെള്ളരിക്ക കീറി മുറിച്ച് ഉപ്പും കുരുമുളകും ചേർത്ത് വിൽക്കുന്നവർ ബസ് സ്റ്റോപ്പുകളിലും ജംഗ്ഷനുകളിലുമൊക്കെ ഉണ്ടാകും. പഴവർഗ്ഗങ്ങളിലൂടെ ജലാംശം ശരീരത്തിലെത്തിക്കുവാൻ വേണ്ടി ജനങ്ങൾ ഇവയൊക്കെ വാങ്ങി കഴിക്കും.

'അനാർ' എന്നുവിളിക്കുന്ന മാതളനാരങ്ങയും ഇവിടെ ധാരാളമുപയോഗിക്കുന്നു. മുസംബിയുടെ ജൂസിനും വലിയ പ്രിയമാണ്. 'ലിച്ചി' (റംബുട്ടാൻ) മാത്രം ഉന്തുവണ്ടികളിൽ കൊണ്ടുവില്ക്കുന്നവരുമുണ്ട്. വളരെ മനോഹരമായ ഒരു കാഴ്ചയാണിത്. കേരളത്തിൽ ഇതിന് കിലോയ്ക്ക് 200 രൂപ വരെ വിലയെത്തിയിട്ടുണ്ട്. ഡൽഹിയിലും ഇത് വലിയ വിലയുള്ള പഴമാണ്. ഡൽഹിയിൽ എവിടെയും പച്ചക്കറികളും പഴവർഗ്ഗങ്ങളും വിൽക്കുന്ന ഉന്തുവണ്ടിക്കച്ചവടക്കാരെ കാണാം. പച്ചചിങ്ങൻ പഴം (റോബസ്റ്റ) ആണ് അവിടെ കിട്ടുന്ന വാഴപ്പഴം. എല്ലായിടത്തും കിട്ടും. ഉന്തുവണ്ടി നിറയെ റോബസ്റ്റാപഴം പടലകളായി തിരിച്ച് അടുക്കിവെച്ച് കച്ചവടം നടത്തുന്നവർ ഡൽഹിയുടെ കാഴ്ചയിൽപെടുന്നു. പഴുക്കുമ്പോൾ ചെറിയ മഞ്ഞനിറം ഇവയ്ക്കുണ്ടാകും. 12 എണ്ണത്തിന്റെ (1 ഡസൻ) വിലയാണ് പറയുന്നത്. ഏത് സീസണിലായാലും ഡൽഹിയിലുള്ളവർ ഈ പഴം എന്നും വാങ്ങിക്കും.

നമ്മുടെ നാട്ടിൽ പഴവർഗ്ഗങ്ങൾക്കോ പച്ചക്കറികൾക്കോ വില ചോദിച്ചാൽ ഒരു കിലോയുടേയോ ഒന്നരകിലോയുടേയോ ഒക്കെ വിലയാണല്ലോ പറയുക. അതിൽ കുറച്ച് വാങ്ങിയാൽ വാങ്ങുന്നവനും വിൽക്കുന്നവനും മോശക്കാരാകുന്നതുപോലെയുള്ള പൊങ്ങച്ചമുണ്ടിവിടെ. ഈ ദുരഭിമാനമൊന്നും ഡൽഹിയിലില്ല. അവിടെ ഉന്തുവണ്ടിക്കാരോട് മുന്തിരിയുടെ വില ചോദിച്ചാൽ "പാവ് പാഞ്ച് റുപ്യ" എന്ന് മറുപടി പറയും. അതിനർത്ഥം കാൽകിലോയ്ക്ക് 5 രൂപ. കച്ചവടക്കാരന് കാൽകിലോ വിൽക്കുവാൻ മടിയില്ല. അത് വാങ്ങുന്ന ആൾക്ക് മാനക്കേടും തോന്നില്ല. ചില കടകളിൽ പലതരം പഴങ്ങളുടെ കഷ്ണങ്ങൾ ഒരു പ്ലേറ്റിലാക്കി അല്പം ഉപ്പും മസാലപ്പൊടിയും ചേർത്ത് വിൽക്കുന്ന ഏർപ്പാടുണ്ട്. ഇതിനിവിടെ 'ഫ്രൂട്ട്-ഛാട്ട്' എന്നാണ് പറഞ്ഞു കേൾക്കുന്നത്. ഇതിനർത്ഥം എന്തെന്നറിയില്ല. പപ്പായ (ഓമയ്ക്ക), ഓറഞ്ച്, ആപ്പിൾ, മുന്തിരി, പേരയ്ക്ക, വെള്ളരിക്ക, കാരറ്റ്, വാഴപ്പഴം മുതലായവയുടെ രണ്ട് മൂന്ന് ചെറിയ കഷ്ണങ്ങൾ വീതം ഒരു പ്ലേറ്റിൽ നൽകുകയാണ് ചെയ്യുന്നത്.

വേനൽക്കാലത്ത് ന്യൂഡൽഹിയിൽ കാണുന്ന മറ്റൊരു കാഴ്ചയാണ് ഉന്തുവണ്ടികളിൽ കുടിക്കാനുള്ള തണുത്ത പച്ചവെള്ളം വിൽക്കുന്നവർ. ഒരു ഗ്ലാസ് പച്ചവെള്ളത്തിന് 1993ൽ 25 പൈസ വിലയുണ്ടായിരുന്നു ഡൽഹിയിൽ. 17 വർഷം കഴിഞ്ഞപ്പോൾ അതിന്റെ വില ഒരു രൂപയായി. ഭാഗ്യത്തിന് ഗണ്യമായ ഒരു വർദ്ധനവ് ഉണ്ടായില്ലെന്നർത്ഥം. എന്നാൽ എത്ര അളവ് വെള്ളം ലഭിക്കുന്നു എന്നറിയുമ്പോഴാണ് ഇത് വലിയ ഒരു വിലയാണെന്ന് മനസ്സിലാകുന്നത്. കൂടിപ്പോയാൽ 2 തുടം വെള്ളം കാണും. ആ രീതിയിലുള്ള ഗ്ലാസ് ആണ് ഉപയോഗിക്കുന്നത്. ഒറ്റനോട്ടത്തിന് വലിയ ഗ്ലാസ് ആണെന്ന് തോന്നും. ചുവട്ടിൽ വ്യാസം തീരെ കുറവായിരിക്കും. ഈ ഗ്ലാസിന് മുക്കാൽ ഗ്ലാസ് വെള്ളമാണ് നൽകുന്നത്. കടുത്ത ചൂടിൽ ഏറ്റവും കുറഞ്ഞത് അഞ്ചാറുഗ്ലാസ് വെള്ളം എങ്കിലും കുടിച്ചാലേ നാം വീട്ടിൽ ഉപയോഗിക്കുന്ന തരം ഗ്ലാസിൽ കൊള്ളുന്നത്ര ജലം അകത്തു ചെല്ലുകയുള്ളൂ. അതായത് ഒരു ഗ്ലാസ് വെള്ളത്തിന് 5 രൂപ വില. ഇതേ വിലയ്ക്കാണ് കേരളത്തിലും വെള്ളം നാം വാങ്ങുന്നത് എന്നോർക്കുക. മിനറൽ വാട്ടർ പത്തും ഇരുപതും രൂപയ്ക്കല്ലേ നാം വാങ്ങിക്കുടിക്കുന്നത്. അതായത് 44 നദികളുള്ള, മിക്കവാറും എല്ലാ മാസവും മഴ ലഭിക്കുന്ന കഠിനമായ ചൂടുകാലമില്ലാത്ത, കേരളത്തിലും വളരെ കുറച്ചു മാത്രം പെയ്യുന്ന, അതികഠിനമായ ചൂടുള്ള ഡൽഹിയിലും പച്ചവെള്ളത്തിന് ഒരേ വില. ഇവിടെ പ്രകൃതിക്കു ദോഷം ചെയ്യുന്ന പ്ലാസ്റ്റിക് കുപ്പിയിൽ വെള്ളം വാങ്ങുന്നു. അവിടെ ഗ്ലാസ് കണക്കിന് വാങ്ങിക്കുടിക്കുന്നു എന്ന വ്യത്യാസമേയുള്ളൂ. ഗ്ലാസിലെ വെള്ളം അത്ര ശുദ്ധിയുള്ളതല്ല എന്ന ആശങ്കയുള്ളവർക്ക് ബോട്ടിൽ വാട്ടർ വാങ്ങിക്കുടിക്കാം. എല്ലായിടത്തും ജൂസ് കടകളുണ്ട്. യാത്രക്കാർക്കും വീടിനു പുറത്തിറങ്ങിയവർക്കും ഈ വെള്ളക്കച്ചവടക്കാർ വലിയൊരാശ്വാസം തന്നെയാണ്.

ഐസ്ക്രീം വില്പനക്കാർ കൊണ്ടുനടക്കുന്നതുപോലെയുള്ള ഒരു പെട്ടിയാണ് ഉന്തുവണ്ടി വെള്ളക്കച്ചവടക്കാരുടേതും. പെട്ടിക്ക് 2 അറകൾ ഉണ്ടാകും. ഒരറയിൽ ഐസിട്ടിരിക്കും. അങ്ങനെയാണ് മറ്റെ അറയിലെ വെള്ളം തണുപ്പിക്കുന്നത്. ഏതെങ്കിലും പൊതു പൈപ്പിൽ നിന്നായിരിക്കും ഇവർ വെള്ളം സംഭരിക്കുന്നത്. അതായത് ഒരു മുതൽ മുടക്കും ഇല്ലെന്നർത്ഥം. ഒന്നു രണ്ടു മണിക്കൂറിനുള്ളിൽ ഉന്തുവണ്ടിയിലെ വെള്ളം വിറ്റുതീരുക പതിവ്. അപ്രകാരം ഒരു ദിവസം ഒരു വിധം നല്ല തുക വലിയ ചെലവൊന്നുമില്ലാതെ ഉണ്ടാക്കാൻ വെള്ളക്കച്ചവടക്കാർക്ക് സാധിക്കുന്നു. ചില കച്ചവടക്കാർ ഉപ്പും നാരങ്ങയും പഞ്ചസാരയുമൊക്കെ കരുതിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം പേരും വെറും തണുത്ത വെള്ളം തന്നെയാണ് വാങ്ങികുടിക്കുന്നത്.

ഉന്തുവണ്ടിയിലെ അറയിൽനിന്ന് ഗ്ലാസിലേയ്ക്ക് വെള്ളം പകരുന്നത് കാണുവാൻ രസമുണ്ട്. ബാർബർ ഷോപ്പിൽ തലയിൽ വെള്ളം സ്പ്രേ ചെയ്യുവാനായി ഉപയോഗിക്കുന്ന ലളിതമായ സ്പ്രേയർ സംവിധാനമാണ് ഉപയോഗിക്കുന്നത്. ഉന്തുവണ്ടിയിലെ ചെറിയ ടാങ്കിൽ നിന്ന് വെള്ളം ഗ്ലാസിലേയ്ക്ക് ഈ സംവിധാനത്തിലൂടെ ഒഴിക്കുന്നു. വെള്ളമങ്ങനെ പതഞ്ഞ് ഗ്ലാസിലെത്തും. ചിലർ വലിയ മൺകുടത്തിലാണ് ജലം വില്പനയ്ക്കായി വച്ചിട്ടുള്ളത്. ഈ മൺകുടത്തിന്റെ പുറത്തുകൂടി ഒരു നനഞ്ഞ ചുവന്ന തുണി ഇട്ടിട്ടുണ്ട്. ഈ തുണി ഇടയ്ക്കിടെ ഇവർ നനച്ചുകൊണ്ടിരിക്കും. എല്ലാവരും ചുവന്ന തുണിയാണ് കുടത്തിനു മുകളിൽ ഇടുന്നത്. മൺകുടത്തിലെ വെള്ളത്തിന് വലിയ തണുപ്പ് ഉണ്ടായിരിക്കില്ലെങ്കിലും ഐസ് അറയോടു ചേർന്നു കിടക്കുന്ന വെള്ളത്തേക്കാൾ 'രുചി'യുണ്ടാകും. രണ്ടിടത്തും റേറ്റ് ഒന്നു തന്നെ. 'ഒരു ഗ്ലാസ്' വെള്ളത്തിന് ഒരു രൂപ.

മെയ്, ജൂൺ മാസങ്ങളിൽ സന്നദ്ധ സംഘടനകളും മുനിസിപ്പൽ കോർപ്പറേഷനുമൊക്കെ ജനത്തിനു കുടിക്കുവാനായി ടാങ്കുകളിലും മൺകുടങ്ങളിലും ജലം സംഭരിച്ച് വഴിവക്കുകളിൽ വച്ചിട്ടുണ്ടാകും. പക്ഷേ ജനങ്ങൾക്കു പ്രിയം ഒരു രൂപ മുടക്കി അല്പം തണുത്ത ജലം കുടിക്കുന്നതാണ്. മെയ്, ജൂൺ മാസങ്ങളിൽ എല്ലാ വീടുകളിലും എയർ കൂളറുകൾ 24 മണിക്കൂറും പ്രവർത്തിച്ചുകൊണ്ടിരിക്കും. ഇടത്തരക്കാർ പലരുമിപ്പോൾ മുറികളിലെല്ലാം ഏസിയും ഫിറ്റ് ചെയ്തു കഴിഞ്ഞു. അതികഠിന ചൂടും അതികഠിന തണുപ്പും ഉള്ള

കാലാവസ്ഥയാണ് ഡൽഹിയിൽ ആറ് മാസവും എന്നതിനാൽ ഡൽഹിയിലെ മിക്കവാറും എല്ലാ വാഹനങ്ങളും ഏസിയുള്ളവയാണ്. ട്രെയിൻ മെട്രോ സംവിധാനം ഡൽഹിയിൽ ഈയടുത്തകാലത്താണ് ഏർപ്പെടുത്തിയത്. തൽഫലമായി ഡൽഹി വാഹനങ്ങളുടെ ഒരു നഗരമായി മാറി. മുംബൈ, ചെന്നൈ എന്നീ രണ്ട് നഗരങ്ങളിലുമുള്ള വാഹനങ്ങളുടെ എണ്ണത്തേക്കാൾ കൂടുതൽ വാഹനം ഡൽഹിയിൽ മാത്രമുണ്ട്. മൂന്നുകോടിയിലേറെ ജനങ്ങളുള്ള കേരളത്തിൽ തന്നെ 50 ലക്ഷം വാഹനങ്ങളുണ്ടല്ലോ.

പാവപ്പെട്ടവരുടെ എയർകണ്ടീഷനറായ എയർകൂളറുകൾ 2000 രൂപ മുതൽ വിലയിൽ ലഭിക്കും. 17 വർഷം മുൻപ് എയർകൂളറുകൾക്കുണ്ടായിരുന്ന വിലയിൽ വലിയ ഉയർച്ച വന്നിട്ടില്ല. ഇതിനു കാരണം എയർകൂളറുകൾ നിർമ്മിക്കുന്ന നിരവധി ചെറുകിട സ്ഥാപനങ്ങൾ ഡൽഹിയിലുണ്ട് എന്നതാണ്. കൂടാതെ പച്ചവെള്ളം, കച്ചി (വൈയ്ക്കോൽ), ഫാൻ എന്നിവ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന വലിയ എയർകൂളറുകളെക്കാൾ ജനങ്ങൾക്ക് വിവിധ, മനോഹരമായ ആകൃതിയിലുള്ള ആധുനിക സംവിധാനമുള്ള എയർകണ്ടീഷണറുകളോടാണ് പ്രിയം എന്നതും എയർകൂളറുകളുടെ വില ഗണ്യമായി വർദ്ധിക്കാതിരിക്കാൻ മറ്റൊരു കാരണമാകുന്നു. ■

ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്

നവജീവൻ

ആദിവാസികൾക്ക് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സമ്മാനം

എ.സി. മഹമൂദ്

ആദിവാസി പുനരധിവാസത്തിന് രാജ്യത്തിന് മാതൃകയാക്കാവുന്ന ഒരു സംരംഭത്തിന് കണ്ണൂർ ജില്ലാ പഞ്ചായത്ത് ആരംഭം കുറിച്ചു. കണ്ണൂർ ജില്ലയിൽ ആദിവാസി ജനസാന്ദ്രത കൂടുതലുള്ള ആറളം ഗ്രാമപഞ്ചായത്തിൽ കർണ്ണാടക വനാതിർത്തിയോടു ചേർന്നുള്ള പരിപ്പ്തോട് എന്ന സ്ഥലത്ത് അക്വയർ ചെയ്ത കേരളതത്തിലെ 25 ഏക്കറിലാണ് നവജീവൻഗ്രാമം പണിതീർത്തത്.

വയനാട് ജില്ലയിലെ പ്രധാന ആദിവാസികളാണ് പണിയർ. സമൂഹത്തിലെ സമ്പന്നർക്കുവേണ്ടി സദാ പണിയെടുക്കാൻമാത്രം ജീവിക്കേണ്ടി വന്നവരായതിനാലായിരിക്കണം ഇവർക്ക് ആ പേര് സിദ്ധിച്ചത്. സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്ത ഇവർ ജന്മിമാർക്കുവേണ്ടി അടിമവേല ചെയ് തുവന്ന വിഭാഗമാണ്. വള്ളിയൂർക്കാവിലെ ദുർഗ്ഗാക്ഷേത്രോത്സവത്തോടനുബന്ധിച്ച് പണിയരെ അടിമയായി കൈമാറുന്ന ചടങ്ങ് സമീപകാലം വരെ നടന്നുവന്നിരുന്നു. പ്രാകൃത മലയാളം സംസാരിച്ചും പ്രാകൃതാചാരങ്ങൾ അനുഷ്ഠിച്ചും കഴിയുന്ന ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ സംരംഭത്തിന് ജില്ലാ പഞ്ചായത്ത് തുനിഞ്ഞത്.

ഇന്ത്യയിലെ ഏറ്റവും ദരിദ്രരായ ആദിവാസി വിഭാഗമാണ് പണിയസമുദായം. കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോരത്ത് സഹ്യന്റെ താഴ്വരകളിലായി 4616 പണിയ കുടുംബങ്ങളിലായി 14143 പേർ ഈ സമുദായത്തിലുണ്ട്. കൃഷിഭൂമിയുടെ വ്യാപ്തി കുറയുന്നതും ആവാസ വ്യവസ്ഥകളിൽ നാണ്യവിളവുകൾ വരുത്തിയ മാറ്റവും ഇവരുടെ ജീവിതത്തിന്റെ താളക്രമം തെറ്റിച്ചിട്ടുണ്ട്. ആദിവാസി വിഭാഗങ്ങളെ പുനരുദ്ധരിക്കാനുള്ള കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ നേട്ടകോട്ട വിശകലനത്തിലൂടെ ഈ മേഖലയിലെ പോരായ്മകൾ സസൂക്ഷ്മം പഠിച്ചാണ് നവജീവൻ ഒരുക്കിയിട്ടുള്ളത്.

1998-99ലെ ജനകീയാസൂത്രണ പദ്ധതിയിലാണ് പദ്ധതിക്കായി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കാനുദ്ദേശിച്ചത്. 2001 ൽ അക്വിസിഷൻ നടപടി പ്രാവർത്തികമായി. ഭൂരഹിതരായ പണിയ ആദിവാസികളിൽ ഏറ്റവും അർഹരായ 24 പേർക്ക് ഓരോ ഏക്കർ വീതം ഭൂമി നൽകാനായി തീരുമാനിച്ചു. കൈമാറുന്ന ഭൂമി വിൽക്കാനോ പണയപ്പെടുത്താനോ കഴിയില്ല. ഓരോ കുടുംബത്തിനും വീടും വൈദ്യുതിയും കുടിവെള്ളവും കൃഷി സ്ഥലവും പുകയില്ലാത്ത അടുപ്പും കക്കൂസും ഒരുക്കിയിട്ടുണ്ട്. ഗ്രാമത്തിൽ പ്രവേശിക്കുന്നിടത്തു തന്നെ ശിശുമന്ദിരം, സാംസ്ക്കാരിക നിലയം എന്നിവയുമുണ്ട്. കളിസ്ഥലം, കുളം, ശ്മശാനം, ചുറ്റുമതിൽ, തെരുവു വിളക്ക് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഓരോ വീടിനും റോഡുസൗകര്യം ഒരുക്കിയിട്ടുണ്ട്. പുനരധിവസിക്കുന്ന കുടുംബത്തിന് സ്ഥിര വരുമാനത്തിനും ജീവിത സുരക്ഷിതത്ത്വത്തിനുമായി 70 സെന്റ് വീതം സ്ഥലത്ത് റബ്ബർ കൃഷി ചെയ്ത് പരിചരിച്ച് 9 വർഷം കഴിഞ്ഞ് പാലെടുക്കാൻ സജ്ജമാക്കി ഗുണഭോക്താവിന് കൈമാറാനാണ് ആറളം ഫാമുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

നവജീവൻ ഗ്രാമത്തിന്റെ പൂർത്തീകരണത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്,

കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ നവജീവൻ പദ്ധതിയുടെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു. കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. നാരായണൻ തുടങ്ങിയവർ സമീപം.

ഇലക്ട്രിസിറ്റി ബോർഡ്, സോഷ്യോ ഇക്കണോമിക് യൂണിറ്റ്, ആറളം ഫാം, ആറളം ഗ്രാമപഞ്ചായത്ത് എന്നിവയുടെ ആത്മാർത്ഥമായ സഹകരണമാണ് ജില്ലാ പഞ്ചായത്തിന് ലഭിച്ചത്. ഇതുവരെ 1.15 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. കൃഷിഭൂമി ഒരുക്കി റബ്ബർ പരിപാലിച്ച് വളർത്തി കൈമാറുന്ന ജോലിയാണ് ബാക്കിയുള്ളത്.

2010 മെയ് 28 ന് വെള്ളിയാഴ്ച ഉത്സവഛായ നിറഞ്ഞ അന്തരീക്ഷത്തിൽ കേരള നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണനാണ് ഗ്രാമത്തിന്റെ ഉദ്ഘാടനം നടത്തിയത്. മുകളിൽ നിന്ന് അടിച്ചേൽപ്പിക്കുന്ന പദ്ധതികൾ ആദിവാസികൾക്ക് പ്രയോജനപ്പെടാത്ത സാഹചര്യത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കി വികേന്ദ്രീകരിച്ചുള്ള പദ്ധതികളാണ് ആവശ്യമെന്ന് അദ്ദേഹം പറഞ്ഞു. കൈവശക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നിരന്തരം ഇടപെട്ടുകൊണ്ടും മാത്രമെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ആദിവാസികളെ കൊണ്ടുവരാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. നാരായണൻ അദ്ധ്യക്ഷം വഹിച്ചു. വീടുകളുടെ താക്കോൽ ദാനം കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ. നിർവഹിച്ചു.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് രൂപം നല്കുമ്പോൾ അവരുടെ പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളും ഗോത്രസവിശേഷതകളുമായി പൊരുത്തപ്പെടുന്നതും എന്നാൽ ആധുനിക ലോകത്തോട് ചേർന്ന് സന്തുലിതമായ വികസനത്തിനാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഊന്നൽ നൽകിയിട്ടുള്ളത്. മറ്റ്ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തരായി പണിയർ ഉൾപ്പെടെയുള്ള ആദിവാസികൾ പ്രത്യേക ഊരും കുടിയിലുമായാണ് അധിവസിച്ചു വരുന്നത്. ഒറ്റപ്പെട്ട വ്യക്തികളെയോ, കുടുംബത്തെയോ പ്രത്യേകമായി മാറ്റി പുനരധിവസിപ്പിക്കാതെ അവരുടെ ഒരു ചെറു ഗോത്ര സമൂഹത്തെ തനതായി അധിവസിപ്പിക്കാനാണ് നവജീവനിൽ കൂടി കണ്ണൂർ ജില്ലാ പഞ്ചായത്ത് ശ്രമിച്ചിട്ടുള്ളത്.

തലമുറകളായി സമൂഹത്തിന്റെ പൊതുമണ്ഡലത്തിൽ നിന്നും സ്വയം അകന്ന്മാറി തങ്ങളുടേത് മാത്രമായ ആചാരാനുഷ്ഠാനങ്ങളുമായി വനാന്തരങ്ങളിൽ കഴിഞ്ഞതുകൊണ്ടും ബാഹ്യലോകത്തിൽ നിന്നുള്ള അകൽച്ചയും തീർത്ത അപരിഷ്കൃതത്വം പതുക്കെമാറ്റിയെടുക്കുന്നതിന് ഇത്തരം സംരംഭങ്ങൾക്ക് കഴിയുമെന്നാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത് കരുതുന്നത്. ■

ലേഖകൻ
കണ്ണൂർ ജില്ലാ പഞ്ചായത്ത്
ജൂനിയർ സൂപ്രണ്ടാണ്

വാർത്തകളും വിശേഷങ്ങളും

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് മോണിറ്ററിങ് സെൽ

തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് മോണിറ്ററിങ് സെൽ രൂപവത്കരിച്ചു. കരട് വോട്ടർപട്ടികയുമായി ബന്ധപ്പെട്ട പരാതികൾ നൽകാനും തെരഞ്ഞെടുപ്പിന്റെ മറ്റ് നടപടിക്രമങ്ങളെക്കുറിച്ചുള്ള സംശയനിവാരണത്തിനും മോണിറ്ററിങ് സെല്ലുമായി ബന്ധപ്പെടണം. ജില്ലയുടെ ചുമതലയുള്ള ഉദ്യോഗസ്ഥരും ഫോൺ നമ്പരും: തിരുവനന്തപുരം, കോട്ടയം, കൊല്ലം- ബി സുരേന്ദ്രൻ, അഡീഷണൽ സെക്രട്ടറി 0471-2334130, 9446078217, എറണാകുളം, പത്തനംതിട്ട- സി.എ മോഹൻദാസ്, അഡീഷണൽ സെക്രട്ടറി 0471-2320789, 9446331359, ആലപ്പുഴ, മലപ്പുറം, തൃശൂർ- ഡി. അജിത്, അഡീഷണൽ സെക്രട്ടറി-0471-2334734, 9446102795, പാലക്കാട്- എ. നിസ്സാമുദ്ദീൻ, ലാ ആഫീസർ 0471-2320765, 9447657077, കോഴിക്കോട്, വയനാട്, കണ്ണൂർ- ജോണി സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി 0471-2325058, 9048523227, കാസർഗോഡ് - കെ. വിജയ- ജോയിന്റ് സെക്രട്ടറി 0471-2320516, 9388833324, ഇടുക്കി- എൻ.ഇ. മേഘനാദ്, പി.ആർ.ഒ 0471-2326148, 9895020103. ഇതിനുപുറമേ കമ്മീഷൻ സെക്രട്ടറി ബി. ശ്രീദേവി - 0471-2320782, 9495916157, കൺസൾട്ടന്റ് - സി.എം. ഷെറീഫ്, 0471-2334733, 9447780733 എന്നീ നമ്പരുകളിലും വിളിക്കാം. കമ്മീഷൻ പൊതു നമ്പരുകൾ 0471-2325048, 2337884, കമ്മീഷൻ ഫാക്സ് നമ്പരുകൾ 2328158, 2338288, 2333498, 2336263. electionker@sify.com എന്ന ഇ-മെയിൽ വഴിയും പരാതികൾ നൽകാം.

കളിസ്ഥലം വികസിപ്പിക്കുന്നതിന് സഹായം: അപേക്ഷ ക്ഷണിച്ചു

ഈ സാമ്പത്തിക വർഷത്തിൽ കളിസ്ഥലങ്ങളുടെ അറ്റുകുറ്റപ്പണികൾക്കും വികസനത്തിനും സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, രജിസ്റ്റേഡ് സൊസൈറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, കായിക വികസനത്തിനായി പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. വിലാസം: ഡയറക്ടർ, കായിക യുവജനകാര്യാലയം, ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം - 695 033. അവസാനതീയതി ജൂലൈ 31.

അന്യസംസ്ഥാന വികലാംഗ സർട്ടിഫിക്കറ്റുകൾക്ക് അംഗീകാരം

ജമ്മുകാശ്മീർ ഒഴികെയുള്ള അന്യസംസ്ഥാനങ്ങൾ, കേന്ദ്ര ഭരണപ്രദേശങ്ങൾ എന്നിവയുടെ മെഡിക്കൽ ബോർഡുകൾ നൽകുന്ന വികലാംഗ സർട്ടിഫിക്കറ്റുകൾ സംസ്ഥാനത്ത് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകാൻ ഉത്തരവായി. (സ.ഉ.(എം.എസ്) നം35/2010/ സാക്ഷേവ. തീയതി 10.06.2010) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വികലാംഗ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ പരിശോധിച്ച ശേഷമോ സർട്ടിഫിക്കറ്റ് നൽകിയ സംസ്ഥാനത്തെ അധികാരികളുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തിയശേഷമോ മാത്രമേ അംഗീകരിക്കാവൂ എന്നും ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിൽ എല്ലാ പഞ്ചായത്തുകളും AFS നൽകി

കൊല്ലം ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളും 2009-10 വർഷത്തെ വാർഷിക ധനകാര്യ പത്രിക ജൂൺ 30നകം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് സമർപ്പിച്ചു.

റോഡ് പുനരുദ്ധാരണ പദ്ധതി: അധിക വിഹിതം അനുവദിച്ചു

റോഡ് പുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികവിഹിതം അനുവദിച്ചുകൊണ്ടും പ്രസ്തുത വിഹിതം വിനിയോഗിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചുക്കൊണ്ടും സർക്കാർ ഉത്തരവായി. ജില്ലാ പഞ്ചായത്തുകൾക്ക് 144 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 95.50 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 24.78 കോടി രൂപയും കോർപ്പറേഷനുകൾക്ക് 19.92 കോടി രൂപയും ഉൾപ്പെടെ ആകെ 284.20 കോടി രൂപയാണ് അധികവിഹിതമായി അനുവദിക്കുക. ഗ്രാമപഞ്ചായത്തുകൾക്കുള്ള അധികവിഹിതം അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പിന്നീട് തീരുമാനിക്കും. (സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1906/2010/തസ്വഭവ, തീയതി 9.6.2010)

ഇ.എം.എസ്. ഭവന പദ്ധതി – ബാങ്ക് വായ്പ ഐ.എ.വൈ പദ്ധതിക്കും

ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുവാൻ ത്രിതല പഞ്ചായത്തുകൾ എടുക്കുന്ന ബാങ്ക് വായ്പയിൽ നിന്ന് ഐ.എ.വൈ പദ്ധതിയുടെ അധിക വിഹിതം നൽകുന്നത് സംബന്ധിച്ചും ഐ.എ.വൈ പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് സംബന്ധിച്ചും സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (10.6.2010 ലെ 37176/ഡി.ബി.1/2010/തസ്വഭവ നമ്പർ സർക്കുലർ)

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സംബന്ധിച്ച മാധ്യമ പ്രചരണം: സംസ്ഥാനതല സമിതി രൂപീകരിച്ചു

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, ഗ്രാമസഭ എന്നിവ സംബന്ധിച്ച് ദൂരദർശനിൽ സംപ്രേഷണം ചെയ്യേണ്ട പരിപാടികൾ അവലോകനം ചെയ്യുന്നതിന് സംസ്ഥാനതല സമിതി രൂപീകരിച്ചുത്തരവായി. പഞ്ചായത്ത് വകുപ്പ്, നഗരകാര്യം, പബ്ലിക് റിലേഷൻസ് വകുപ്പ്, കില ഡയറക്ടർമാരും, കെ.എസ്.യു.ഡി.പി., ശുചിത്വമിഷൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർമാരും, ഗ്രാമവികസന കമ്മീഷണറും സമിതി അംഗങ്ങളാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.

എല്ലാ പാവപ്പെട്ടവർക്കും
സ്വന്തമായി വീട്

**ഇ.എം.എസ്
സമ്പൂർണ ഭവനപദ്ധതി
പൂർത്തീകരണത്തിലേക്ക്**

ഇടതുമുന്നണി സർക്കാർ
ഒരു തെരഞ്ഞെടുപ്പു
വാഗ്ദാനം കൂടി
നിറവേറ്റുന്നു.

മൂന്നര ലക്ഷം പേർക്ക് വീടും
ഒന്നര ലക്ഷം പേർക്ക് സ്ഥലവും വീടും നൽകുന്ന
ഇന്ത്യയിലെ ഏറ്റവും വലിയ ക്ഷേമപദ്ധതിയാണ്
ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതി.
സഹകരണബാങ്കുകളാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക്
വായ്പ നൽകുന്നത്. കേരളത്തെ, എല്ലാവർക്കും സ്വന്തമായി
വീടുള്ള ഇന്ത്യയിലെ ആദ്യസംസ്ഥാനമാക്കുന്ന
ഈ പദ്ധതിയിലേക്ക് സംസ്ഥാനസർക്കാർ ജീവനക്കാർ
ഒരു ദിവസത്തെ ശമ്പളം സംഭാവന ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

**ഈ മഹത്തായ സംരംഭത്തിൽ
നിങ്ങളും അണിചേരുക.
ഇ.എം.എസ് ഭവനനിധി യിലേക്ക്
ഉദാരമായി സംഭാവന ചെയ്യുക.**

സംഭാവനകൾ തിരുവനന്തപുരത്ത് മാറാവുന്ന
ഡി ഡി ആയി **STSB 15694**
എന്ന അക്കൗണ്ട് നമ്പരിലേക്കാണ് അയയ്ക്കേണ്ടത്.

സംഭാവനകൾ അയയ്ക്കേണ്ട വിലാസം:
എം. ഉണ്ണിക്കൃഷ്ണൻ, അഡീഷണൽ സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

റൂറൽ ഇൻഫർമേഷൻ ബ്യൂറോ, തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

godgraphics@gmail.com

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അഞ്ചാം വർഷത്തിലേയ്ക്ക്

പ്രാദേശികവികസനം ജനപങ്കാളിത്തത്തോടെ

ജനകീയാസൂത്രണം വീണ്ടും ശക്തിപ്പെടുന്നു

ഇന്ത്യയിൽ ഏറ്റവും കൂടുതൽ അധികാരവത്കരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത്

അധികാര വികേന്ദ്രീകരണത്തിനുള്ള അഖിലേന്ത്യാ അവാർഡ് **കേരളത്തിന്**

ഇ.എം.എസ് ഭവനപദ്ധതി: പാവപ്പെട്ടവർക്ക് 5 ലക്ഷം വീടുകൾ

- സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ **5000** കോടി രൂപ മുതൽമുടക്കുന്നു

കുടുംബശ്രീ: 37 ലക്ഷം കുടുംബങ്ങൾ

- ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനം
- സംഘക്കൃഷിയിലൂടെ **50000** ഏക്കറിൽ കൃഷി
- കാർഷികോത്പാദനത്തിൽ വൻവർധന
- സൂക്ഷ്മസംരംഭങ്ങളിലൂടെ മൂല്യവർധിത ഉത്പന്നങ്ങൾ
- എല്ലാ ജില്ലകളിലും 'സമഗ്ര' പദ്ധതികൾ
- പതിനായിരങ്ങൾക്ക് വരുമാനദായകമായ തൊഴിലവസരങ്ങൾ

നിർവഹണരീതിയിൽ രാജ്യത്തിനു മാതൃകയായി തൊഴിലുറപ്പു പദ്ധതി

- നീർത്തടാധിഷ്ഠിത വികസനം
- **23000** ഏക്കർ തരിശുഭൂമിയിൽ കൃഷി
- **88%** സ്ത്രീപങ്കാളിത്തം
- പൂർണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കുടുംബശ്രീ സംവിധാനത്തിന്റെ മേൽനോട്ടത്തിൽ പദ്ധതിനിർവഹണം
- കൂലിയിനത്തിൽ മാത്രം **475** കോടി രൂപ

നഗരവികസനത്തിൽ കുതിച്ചുചാട്ടം: 3552 കോടി രൂപയുടെ പദ്ധതികൾ

- അഞ്ച് കോർപ്പറേഷനുകളിൽ **1420** കോടി രൂപയുടെ സുസ്ഥിര നഗരവികസന പദ്ധതി
- കോഴിക്കോട്ട് ഇ.കെ. നായനാർ സ്മാരക ഫ്ളൈ ഓവർ
- തൃശൂരിൽ സ്വരാജ് റൗണ്ട് റോഡുവികസനം
- അഴുക്കുചാൽ പദ്ധതികൾ
- കുടിവെള്ള പദ്ധതികൾ
- റോഡുവികസന പദ്ധതികൾ
- ജെ.എൻ.എൻ.യു.ആർ.എം പ്രോജക്ടുകൾക്ക് **2122.6** കോടി രൂപ

മാലിന്യമുക്ത കേരളം: കേരളം നിർമൽസംസ്ഥാന പദവിയിലേക്ക്

- **869** പഞ്ചായത്തുകൾക്കും **105** ബ്ലോക്കു പഞ്ചായത്തുകൾക്കും **6** ജില്ലാ പഞ്ചായത്തുകൾക്കും നിർമൽ പുരസ്കാരം
- അവാർഡു തുകയായി **91** കോടി രൂപ കേരളത്തിന്
- കൊച്ചി, തിരുവനന്തപുരം നഗരങ്ങൾക്ക് മാലിന്യപരിപാലനത്തിന് ദേശീയ പുരസ്കാരം

കേന്ദ്രപദ്ധതികൾ നേടിയെടുക്കുന്നതിലും നടത്തിപ്പിലും സർവകാല റിക്കോർഡ്

- പി.എം.ജി.എസ്.വൈ പദ്ധതിയിൽ **255** കോടി രൂപ ചെലവിൽ **580** കി.മീ നീളമുള്ള **304** റോഡുകളുടെ പണി പൂർത്തിയാക്കി
- **1048** കി.മീ നീളമുള്ള **379** റോഡുകളുടെ പണി

സ്ത്രീസംവരണത്തിൽ ഇന്ത്യയ്ക്ക് മാതൃക

- തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ പദവികളിലും അംഗത്വത്തിലും **50%** സംവരണം

ജനസൗഹൃദ ഭരണസംവിധാനം

- **15** കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് സ്വരാജ് ഭവൻ
- പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം
- പ്രത്യേക എൻജിനീയറിങ് വിങ്
- ജനന-മരണ രജിസ്ട്രേഷൻ നടപടികളിൽ ലഘൂകരണം
- ഓൺലൈനായി സർട്ടിഫിക്കറ്റുകൾ
- പദ്ധതിപ്രവർത്തനങ്ങളിൽ കമ്പ്യൂട്ടർവത്കരണം
- നഗരസഭകളിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്
- **'ഐ.കെ.എം'**ന്റെ **സുലേഖ, സേവന** സോഫ്ടുവെയറുകൾക്ക് ദേശീയ അവാർഡ്
- **'കില'** ദേശീയ അംഗീകാരമുള്ള പരിശീലനകേന്ദ്രം

അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതി

- പരിസ്ഥിതി പുന:സ്ഥാപനത്തിന് അന്തർദ്ദേശീയ അംഗീകാരം
- **ഇടമലക്കുടി** – കേരളത്തിലെ ആദ്യത്തെ ആദിവാസി പഞ്ചായത്ത്

godgraphics@gmail.com

തദ്ദേശസ്വയംഭരണ വകുപ്പ്, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

Reg. No. KL/TV(N) 391/2009-11 **PANCHAYATRAJ** (Monthly) July 2010 Annual Subscription Rs. 120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

DGS&D
RATE CONTRACT

ഒമേഗാ
സൗരോർജ്ജ ഉത്പന്നങ്ങൾക്ക്
DGS&D റേററ് കോൺട്രാക്ട്

Solar lantern
Model-1: Rs. 3421.00
Model-2: Rs. 3802.00

Solar Home System
Model-1: Rs. 7653.00
Model-2: Rs. 13005.00
Model-3: Rs. 13155.00
Model-4: Rs. 22823.00
Model-5: Rs. 22914.00



Solar Streetlight
Model-1: Rs. 25187.00
Model-2: Rs. 35614.00
Model-3: Rs. 36514.00

ഒമേഗാ ഇലക്ട്രോണിക്സിന്റെ സൗരോർജ്ജ ഉത്പന്നങ്ങളായ സോളാർ ലാന്റേൺ, സോളാർ ഹോംസിസ്റ്റം, സോളാർ സട്രീററ്ലൈററ് എന്നിവക്ക് Director General of Supplies & Disposals (DGS&D) ന്റെ റേററ് കോൺട്രാക്ട് (RC) അപ്രൂവൽ ലഭിച്ചിരിക്കുന്നു. ഇതു പ്രകാരം പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, കോർപറേഷനുകൾ, മററു ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവക്ക് ഈ ഉപകരണങ്ങൾ DGS&D R.C നിരക്കിൽ ഒമേഗയിൽ നിന്നും വാങ്ങാവുന്നതാണ്.

OMEGA
ELECTRONICS

Only DGS&D RC supplier in Kerala for Solar Products

** Price inclusive of 4.04% VAT*
** Price inclusive of 2 year warranty*
** Price inclusive of Installation (Applicable for Solar Home system & Streetlight only)*

OMEGA ELECTRONICS
Industrial Estate, Pappanamcode,Trivandrum, Kerala-695 019
e-mail: omega@ammini.com, Website:www.ammini.com

കൂടുതൽ വിവരങ്ങൾക്ക് **94473-20011; 0471-249 0508**